Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 മെയ് 16—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 ഇടവം 3 | ലക്കം 39

## ക്രിസ്തുവിന്റെ വിപ്ലവമാതൃക

(ഡെന്നീസ്)

സുഖസൗകര്യങ്ങളുടെ വഴിത്താരയിലൂടെ ലോകം ഇന്നു പുരോഗമിക്കുകയാണെന്നു പറയപ്പെടുന്നുണ്ട്. വിപ്ലവംകൊണ്ട് എല്ലാം സാധിക്കാമെന്നു ഇന്നത്തെ നേതാക്കന്മാർ അവകാശപ്പെടുന്നു. ലോകത്തിൽ നേതാക്കളായിട്ടും വിപ്ലവകാരികളായിട്ടും അനേകർ രംഗപ്രവേശം ചെയ്തിട്ടുണ്ട്. ഇനി ഉണ്ടാകുകയും ചെയ്യും. ലോകചരിത്രത്തിൽ രക്തപങ്കിലമായ വിപ്ലവങ്ങൾകൊണ്ടും രക്തരഹിതമായ വിപ്ലവങ്ങൾകൊണ്ടും, സായുധസമരംകൊണ്ടും ധാർമ്മികസമരംകൊണ്ടും പല കാര്യങ്ങളും സാധിച്ചതായി ചരിത്രം രേഖപ്പെടുത്തുന്നു. പക്ഷെ അക്രമപ്രസക്തരായ നേതാക്കന്മാർ എണ്ണമില്ലാത്തവണ്ണം സഹജീവികളെ കുരുതികഴിച്ചിട്ടുണ്ട് നീതിയും സത്യവും പുലർത്തുവാൻ എന്ന പേരിൽ. എന്നാൽ സഹജീവികളെ പരിരക്ഷിച്ചുകൊണ്ടും, അതേ സമയം സ്വജീവനെ ബലികഴിച്ചുകൊണ്ടും ഒരു നവീനവിപ്ലവം നയിച്ചുള്ള ക്രിസ്തുനാഥൻമാത്രമാണ്. സമകാലീനസമുദായത്തിലെ ആചാരങ്ങളിലും ആശയങ്ങളിലും വിപ്ലവാത്മകമായ ഒരു പരിവർത്തനം അദ്ദേഹം വരുത്തി. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും പേരിൽ അവിടുന്നു ജനങ്ങളെ വിപ്ലവത്തിലേക്കാനയിച്ചു. സ്വന്തം ജീവൻ അപകടത്തിലാകുമ്പോൾ "തലയൂരുന്ന" നേതാക്കളെപ്പോലെയുള്ളവനല്ലായിരുന്നു ക്രിസ്തു.

ദരിദ്രരിൽ ദരിദ്രനായി അവിടുന്നു ജനിച്ചു. അതും ഒരു കാലിത്തൊഴുത്തിൽ. ഒരു തൊഴിലാളികുടുംബത്തിലെ അംഗമായിട്ട് അവിടുന്നു ജീവിച്ചു. "ആശാരിക്കിടാത്ത"നെന്നു അവിടുത്തെ ആക്ഷേപിക്കുവാൻ ആ യഹൂദപ്രമാണികൾ തെല്ലും മടിച്ചില്ല. കപടഭക്തിയും വഞ്ചനയുംകൊണ്ട് അന്നത്തെ നേതൃത്വം ജനസാമാന്യത്തെ അന്ധവിശ്വാസത്തിന്റെ പാഴ്ക്കുണ്ടിലേക്കു നിപതിപ്പിക്കുന്നതു കണ്ടുനില്ക്കാൻ അവിടുത്തേക്കു കഴിഞ്ഞില്ല. ദൈവാലയത്തിലും ദൈവാരാധനയിലുംപോലും അവർ വച്ചുപുലർത്തിയിരുന്ന അന്യായമായ അസമത്വങ്ങളേയും അനാചാരങ്ങളേയും സുധീരം ചെറുക്കുവാൻ ആ "ആശാരിക്കിടാത്തൻ"തന്നെയാണ് മുന്നോട്ടുവന്നതു്. കേവലം പന്ത്രണ്ടുവയസ്സുള്ളപ്പോൾ യഹൂദപുരോഹിതന്മാരുമായി ദൈവശാസ്ത്രസംബന്ധമായ ചർച്ചകൾ നടത്തുന്നതിലും അവരെ പരാജയപ്പെടുത്തുന്നതിലും ക്രിസ്തു അസാമാന്യമായ സാമർത്ഥ്യം പ്രദർശിപ്പിച്ചു. ശിലാഹൃദയന്മാരായിരുന്ന യഹൂദപുരോഹിതന്മാരാകട്ടെ, ക്രിസ്തുവിനെ ഉപദ്രവിക്കുവാൻ സന്ദർഭം ആരാഞ്ഞുകൊണ്ടിരുന്നു.

ബാല്യദശവിട്ട് യൗവ്വനയുക്തനായ യേശുവിൽനിന്നു് കൂടുതൽ നിശിതമായ വിമർശനങ്ങളാണ് യഹൂദപ്രമാണികൾക്കു നേരിടേണ്ടിവന്നതു്. അവിടുത്തെ പ്രഭാഷണചാതുരി അസൂയാവഹമായിരുന്നു. ഉപമകളും ഉദാഹരണങ്ങളുംകൊണ്ട് സമ്പൂർണ്ണമായിരുന്ന അവിടുത്തെ പ്രഭാഷണങ്ങൾ ശ്രവിക്കുന്നതു ജനങ്ങൾക്കു ആനന്ദദായകമായിരുന്നു. ജനങ്ങളുടെ വിശ്വാസബഹുമാനാദികൾ യഹൂദപുരോഹിതന്മാരിൽ നിക്ഷേപിച്ചിരുന്ന അക്കാലത്തു് പ്രധാനപുരോഹിതന്മാരടക്കമുള്ള എല്ലാ പ്രമാണികളേയും പരസ്യമായി വിമർശിക്കുവാൻ ക്രിസ്തുനാഥൻ തെല്ലും മടിച്ചില്ല.




പെന്തക്കുസ്താ—പരിശുദ്ധാത്മാവിന്റെ ആഗമനം

ദൈവഭക്തിയുടേയും ദൈവാരാധനയുടേയും യഥാർത്ഥതത്വങ്ങളെക്കുറിച്ചുള്ള ശരിയായ ജ്ഞാനം ജനങ്ങൾക്കു നൽകുവാനായിരുന്നു ക്രിസ്തുവിന്റെ പരിശ്രമം. കഷ്ടപ്പെടുന്ന സാധാരണജനതയെ പലപ്പോഴും അത്ഭുതങ്ങൾ പ്രവർത്തിച്ചുപോലും സഹായിച്ചുകൊണ്ട് ക്രിസ്തു ദേശംമുഴുവനും സഞ്ചരിച്ചു. സ്വാഭിപ്രായം മുഖംനോക്കാതെ ആരോടും തുറന്നു പറയുന്നതിനുള്ള ധൈര്യം അവിടുത്തേക്കുണ്ടായിരുന്നു. ദുരഭിമാനത്തേയും സ്വപ്രശസ്തിയേയും ലക്ഷ്യമാക്കി മാത്രം ദാനവും ധർമ്മവും ചെയ്തിരുന്ന അന്നത്തെ ധനവാന്മാരുടെ ചെയ്തികളെ യഹൂദപുരോഹിതന്മാർ ശരിവച്ചിരുന്നു. പക്ഷെ ക്രിസ്തു പറഞ്ഞു: "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയെന്നുള്ളതു് ഒട്ടകം സൂചിക്കുഴയിൽക്കൂടി കടക്കുക എന്നതിനേക്കാളും പ്രയാസമേറിയതാണെ"ന്നു്.


ധനവാനായ ശീമോൻ മിശിഹായുടെ അത്ഭുതങ്ങളേയും ജനത്തിന്മേലുള്ള അവിടുത്തെ സ്വാധീനശക്തിയേയുംകുറിച്ചു ഗ്രഹിച്ചപ്പോൾ, എങ്ങനെയെങ്കിലും അവിടുത്തെ സ്നേഹം സമ്പാദിക്കണമെന്നാശിച്ചു. ഈ ഉദ്ദേശത്തോടുകൂടിയാണു് ശീമോൻ ക്രിസ്തുവിനെ സ്വഭവനത്തിലേക്കു് വിരുന്നിനു് ക്ഷണിച്ചതു്. പക്ഷെ, വിരുന്നിനിരിക്കുമ്പോൾ കുപ്രസിദ്ധപാപിനിയായ മറിയംമഗ്ദലെത്തായെ ഭക്ഷണശാലയിലേക്കു് ക്രിസ്തു സ്വീകരിച്ചതു് ശീമോനു് ഒട്ടുംതന്നെ രുചിച്ചില്ല. എന്നാൽ ക്രിസ്തുനാഥൻ, ശീമോന്റെ ധനത്തേയോ പ്രശസ്തിയേയോ അല്ല കാര്യമായി ഗണിച്ചതു്. പ്രത്യുത അനുതപിക്കുന്ന ഒരു പാപിനിയുടെ ഹൃദയത്തേയാണു് അവിടുന്നു ദർശിച്ചതു്. അനന്തമായ അവിടുത്തെ കാരുണ്യപ്രവാഹത്താൽ അവളുടെ ആത്മദാഹത്തെ അവിടുന്നു ശമിപ്പിക്കുകയും ചെയ്തു.

ലോകം മറെറങ്ങും ശ്രവിച്ചിട്ടില്ലാത്ത, ആ ദിവ്യപുരുഷന്റെ മുദ്രാവാക്യം "ശത്രുക്കളെ സ്നേഹിക്കുക" എന്നതായിരുന്നു. വാസ്തവത്തിൽ, യഹൂദപ്രമാണികളുടെ കോപത്തെ ഉജ്ജ്വലിപ്പിച്ചതു്, ഈ പുതിയ തത്വമായിരുന്നു. "പല്ലിനു പല്ല്", തല്ലിനു തല്ല്" എന്നതു് വിശ്വാസപ്രമാണമായി സ്വീകരിച്ചിരുന്ന അന്നത്തെ ജനങ്ങളുടെയിടയിൽ ക്രിസ്തുവിന്റെ ഈ അസാധാരണമായ നിർദ്ദേശം വലിയ കോളിളക്കത്തിനിടയാക്കി.

ദിനംപ്രതി തന്റെ പ്രഭാഷണങ്ങൾ ശ്രവിക്കുകയും, തന്നിൽനിന്നു് അനേകം നന്മകൾ സ്വീകരിക്കുകയും, തന്റെ തൃക്കൈകളിൽനിന്നു് അപ്പവും മത്സ്യവും ഭക്ഷിക്കുകയും ചെയ്തിട്ട്, ഒടുവിൽ തന്നെ വധിക്കുന്നതിനു കൈയുയർത്തിയ നന്ദിയില്ലാത്ത യഹൂദപ്പരിഷയുടെ അട്ടഹാസങ്ങളുടേയും പരിഹാസങ്ങളുടേയും മദ്ധ്യേപോലും ചഞ്ചലചിത്തനാകാതെ വർത്തിക്കുന്ന ക്രിസ്തുനാഥനെ ദർശിക്കുക! കൊല്ലിനും കൊലയ്ക്കും അധികാരമുണ്ടായിരുന്ന ആ പീലാത്തോസിനെ— ബന്ധിതനായ തന്നെ സ്വതന്ത്രനാക്കുവാൻ അധികാരമുണ്ടായിരുന്ന പീലാത്തോസിനെ—ഇന്നു വിമർശിക്കുവാൻ തെല്ലും കൂസലില്ലായിരുന്നു ക്രിസ്തുവിനു്. മഹത്തായ തന്റെ ജീവിതോദ്ദേശം പൂർത്തിയാകണമെങ്കിൽ തന്റെ ജീവനെ ബലികഴിക്കേണ്ടിവരുമെന്നു് ക്രിസ്തുവിനറിയാമായിരുന്നു. പക്ഷെ മൃത്യുവിൽനിന്നു് ഒഴിഞ്ഞുമാറുവാൻ അവിടുന്നു പരിശ്രമിച്ചില്ല.

കാൽവരിക്കുന്നിലെ ആ സ്നേഹയാഗം ക്രിസ്തു നടത്തിയ മഹത്തായ വിപ്ലവത്തിന്റെ സമാപനമായിരുന്നു. "ശത്രുക്കളെ സ്നേഹിക്കുക" എന്ന തന്റെ മഹത്തായ തത്വത്തിനു്, ആ കുരിശിൽ കിടന്നുകൊണ്ടു്, സ്വരക്തത്താൽ ക്രിസ്തു സ്ഥിരീകരണം നൽകി. തന്റെ ജീവിതകാലത്തു മാത്രമല്ല, എന്നുമെന്നും ജനങ്ങളെ ആദ്ധ്യാത്മികമായും ലൗകികമായും സഹായിക്കുവാൻ ക്രിസ്തു ആഗ്രഹിച്ചു. അതുകൊണ്ടാണല്ലോ തിരുസഭയിൽ ജീവിച്ചുകൊണ്ടു്, സക്രാരിയിൽ അധിവസിച്ചുകൊണ്ടു് അവിടുന്നു് അനുയായികളെ മാടിവിളിക്കുന്നതു്: "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നു്. ഇതാണു് നിസ്വാർത്ഥനായ നേതാവു്! മഹാനായ ഒരു വിപ്ലവകാരി! നേതാക്കളെന്നഭിമാനിക്കുന്നവരും ആയിത്തീരുവാനാഗ്രഹിക്കുന്നവരും പരമോന്നതനായ ഈ നേതാവിനെ അനുകരിക്കട്ടെ!




(പി. ഡി. തോമസ്, വെങ്കിടങ്ങ്)

(തുടർച്ച)

കാലങ്ങൾ സംഭവപരമ്പരകളെ പിന്നിട്ടുകൊണ്ട് മുന്നോട്ടു പോയി. പാലൊളിച്ചന്ദ്രൻ പലതവണ വെള്ളിമേഘങ്ങളിൽവന്നു പുഞ്ചിരിതൂകി. വസന്തത്തിൽ തരുതല്ലജങ്ങളുടെ ലോകത്തിൽ ഉദയംകൊണ്ട പുഷ്പസാമ്രാജ്യം അടർന്നുവീഴുകയും ഗ്രീഷ്മത്തിന്റെ ചൂടിൽ ചുട്ടുപഴുത്ത ഭൂമിയിൽ ആതിരയുടെ യാമങ്ങളിൽ മഞ്ഞിൻതുള്ളികൾ നിപതിക്കാൻതുടങ്ങുകയും ചെയ്തിട്ട് ദിനരാത്രങ്ങൾ പലതുകഴിഞ്ഞു.

ആ കളിമൺപുരയുടെ ചെറിയ തിണ്ണയിൽ ആന്റണിയുടെ വരവുംകാത്ത് ഏകനായിരിക്കുകയാണ് ജോണി. കരയിപ്പിക്കുന്ന ഭൂതകാലസ്മരണകൾ അവന്റെ മനസ്സിൽ ആർത്തിരമ്പിക്കൂടി. കണ്ണീരൊലിക്കുന്ന ആ സ്മരണകൾ അവന്റെ കൊച്ചുഹൃദയത്തിൽ മൊട്ടുസൂചികൾ കുത്തിത്തറച്ചു. ചക്രവാളപ്പരപ്പിൽ കഴിഞ്ഞുപോയ അസ്തമനത്തിന്റെ അരുണിമ അങ്ങിങ്ങും തങ്ങിനിന്നിരുന്നെങ്കിലും, ആകാശവീഥിയിൽ മന്ദഹസിച്ചുമന്ദഹസിച്ചുയരുന്ന അമ്പിളിക്കലയുടെ പാൽച്ചെല്ലിപ്രഭയിൽ അതു കേവലം നിഷ്പ്രഭമായിരുന്നു. അമ്പിളിയമ്മാവന്റെ നീണ്ട പൊന്നിൻകരങ്ങൾ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലായ ആ ചുളുപ്പനിലങ്ങളിൽ കറുത്തു നീണ്ട അവ്യക്തചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നു. ശ്മശാനത്തിലേക്ക നോക്കിയപ്പോൾ ജോണിക്ക പേടിയുണ്ടായി ആ പ്രദേശങ്ങളിലെങ്ങും മസൂരി പടർന്നുപിടിച്ചിരുന്നതുകൊണ്ട് ചുടലയിലെ ജോലിക്കാർക്ക പിടിപ്പതു ജോലിയുണ്ടായിരുന്നു. പ്രായേണ, നിശ്ചലവും നിശ്ശബ്ദവുമായ ആ ശ്മശാനാന്തരീക്ഷത്തിൽ അവർ മെല്ലെമെല്ലെ അങ്ങോട്ടുമിങ്ങോട്ടും നീങ്ങിക്കൊണ്ടിരുന്നു. ചുടലപ്പറമ്പിലെ കത്തിക്കാളുന്ന ചുകന്ന തീയുടെ പശ്ചാത്തലത്തിൽ കറുത്തിരുണ്ട മനുഷ്യക്കോലങ്ങൾ അങ്ങനെ നീങ്ങിക്കൊണ്ടിരിക്കുന്നതു കണ്ടാൽ ജോണിയുടെ കൊച്ചുഹൃദയമല്ല, ആരുംതന്നെ ഒന്നു നടുങ്ങിപ്പോകും. ആ ശ്മശാനത്തിലേക്ക കഴിയുന്നതും നോക്കാതെ അവൻ ചിന്താമൂകനായി അപ്പന്റെ വരവുംകാത്ത് ആ കൊച്ചു തിണ്ണയിലിരുന്നു.

ദൂരത്തുനിന്ന് ഒരു ടോർച്ചിന്റെ മഞ്ഞിയവെളിച്ചം അടുത്തടുത്തുവരുന്നതു കണ്ടപ്പോൾതന്നെ ജോണിയുടെ ഹൃദയത്തിൽ ആഹ്ളാദത്തിന്റെ ചിറോളങ്ങൾ ഉടലെടുത്തുകഴിഞ്ഞു. ആ കൊച്ചു കൽപ്പടികൾ കയറിക്കൊണ്ട് ആന്റണി വാത്സല്യാതിരേകത്തോടെ ജോണിയോടു ചോദിച്ചു: "മോനേ, ഇന്നപ്പൻ കുറച്ചു വൈകിപ്പോയല്ലേ? കുഞ്ഞുമോൻ പേടിച്ചോ?"

"കുറച്ച്."

ജോണി ആന്റണിയോടു മുട്ടിയുരുമ്മിനിന്നു. "എന്തിനാ മോൻ പേടിച്ചത്. അപ്പന്റെ കൊച്ചു മിടുക്കനല്ലേ കുഞ്ഞുമോൻ" അയാൾ അവന്റെ പുറത്തു മൃദുലമായി തടവി.

"അപ്പാ, അവിടെ തൊടല്ലേ. എനിക്ക വേദനിക്കുന്നു" ജോണിയുടെ തോളത്ത് ആന്റണി കൈ വച്ചപ്പോൾ അവൻ ഞെട്ടിത്തിരിഞ്ഞുകൊണ്ടു പറഞ്ഞു.

"അപ്പനൊന്നു നോക്കട്ടെ" ആന്റണി ടോർച്ചടിച്ചുകൊണ്ട് ജോണിയുടെ തോളിൽ സൂക്ഷിച്ചു നോക്കി. അവിടെ രണ്ടുമൂന്നു പോളുകൾ തുടുത്തുനില്ക്കുന്നുണ്ടായിരുന്നു. "സാരമില്ല്യമോനെ. വാ" അയാൾ അവന്റെ കൈയുംപിടിച്ചുകൊണ്ട് അകത്തുകടന്നു.

വിളക്കണയ്ക്കപ്പെട്ടു. ആന്റണിയും ജോണിയും മറിയാമ്മയുടേതായിരുന്ന ആ മുളംകട്ടിലിൽ ഒരു കിടപ്പായവിരിച്ചു കിടന്നു. മാറോടുചേർത്തു കെട്ടിപ്പിടിച്ചുകൊണ്ട് ഉറക്കത്തെയും പ്രതീക്ഷിച്ച് ആ മുളംകട്ടിലിൽ കിടന്നപ്പോൾ അവരിരുവരുടേയും ഹൃദയങ്ങളിൽ മറിയാമ്മയെക്കുറിച്ചു നീറുന്ന ചിന്തകൾ ഓടിയോടിക്കൂടിയിരിക്കണം. ആ കൊച്ചു ജാലകത്തിലൂടെ കടന്നുവന്ന മന്ദാനിലൻ രണ്ടു ഹൃദയങ്ങൾ വികാരക്ഷോഭത്താൽ ഒരുമിച്ചിടിക്കുന്നതു വ്യക്തമായി കേട്ടിരിക്കണം. ആ ഹൃദയത്തുടിപ്പുകളോടൊപ്പം നിമിഷങ്ങളും നീങ്ങുകയായിരുന്നു. അങ്ങനെ കുറെ സമയത്തിനുശേഷം അമ്പിളിയമ്മാവൻ മേഘമാലകളിൽവന്ന് ആ കൊച്ചു ജനലിലൂടെ പാളിനോക്കിയപ്പോൾ ആന്റണിയും ജോണിയും ഹൃദയങ്ങൾ ചേർത്തുവെച്ചുകൊണ്ട് നിദ്രയിലാണ്ടുകഴിഞ്ഞിരുന്നു. പിതാവും, പുത്രനും! ഭാര്യയില്ലാത്ത ഭർത്താവും, അമ്മയില്ലാത്ത മകനും!

അങ്ങകലെ ഒരു ഫാക്ടറിയിൽനിന്നു സൈറൺമുഴങ്ങി. രാത്രിഷിഫ്റ്റുകാരെ പുറത്തുവിടുകയാണ്. ചക്രവാളപ്പരപ്പ് പ്രകാശപരിവേഷമണിഞ്ഞു. റെയിൽപ്പാളത്തിനരികിലൂടെ നീണ്ടുനീണ്ടുപോകുന്ന ടെലഫോൺകമ്പിയിലിരുന്ന് ഒരുപറ്റം ചവറ്റിലപ്പക്ഷികൾ കൂട്ടമായി ചിലച്ചു. വെളിച്ചത്തിന്റെ രാജർഷി മെല്ലെമെല്ലെ ഉദിച്ചുയരുകയായിരുന്നു. ആന്റണി ഉണർന്നെഴുന്നേററു. ഇളംമഞ്ഞവെയിൽ കൊച്ചു ജനാലയിലൂടെ ആ മുറിയിലേക്കൊഴുകിവന്നിരുന്നു. പെട്ടെന്നയാൾ ഞെട്ടിത്തരിച്ചുപോയി! ജോണിയുടെ ദേഹമാസകലം മുത്തുചിതറിയപോലെ ഉള്ളിൽ ജലമുള്ള പോളുകൾ നിറഞ്ഞുകഴിഞ്ഞിരിക്കുന്നു! മസൂരി!!

ആന്റണിയുടെ ഹൃദയത്തിൽ മിന്നൽപ്പിണർ ചീറിപ്പാഞ്ഞു. ഒട്ടുംതന്നെ താമസിച്ചില്ല; ആന്റണി ഓടിപ്പോയി അടുത്ത വീട്ടിലെ സുബ്ബയ്യരെ വിളിച്ചു കൊണ്ടുവന്നു. ഭയങ്കരമായ രണ്ടു മസൂരിബാധകളെ അതിജീവിച്ച ഒരു കാരണവൃദ്ധനാണ് സുബ്ബയ്യ. ആ ഭീകരരോഗാക്രമണത്തിന്റെ മായാത്ത കലകൾ ഇന്നും ആ ചുക്കിച്ചുളിഞ്ഞ മുഖത്തു കാണാം. സുബ്ബയ്യയും, ആന്റണിയും അകത്തുവരുമ്പോൾ ജോണി കണ്ണുതുറന്നിരുന്നെങ്കിലും, വാടിയ തളിരിലപോലെ അവൻ അപ്പോഴും കട്ടിലിൽ തളർന്നു കിടക്കുകയായിരുന്നു. സുബ്ബയ്യ കുനിഞ്ഞുനിന്ന് ജോണിയുടെ ദേഹത്തെ പോളുകളെ സൂക്ഷിച്ചുനിരീക്ഷിച്ചു. ഒടുവിൽ ജോണിയുടെ കൺപോളകൾനീക്കി ഒന്നു സൂക്ഷിച്ചുനോക്കിയശേഷം അയാൾ ആ വീട്ടിന്റെ കൊച്ചുമുറ്റത്തേക്കിറങ്ങിനിന്നു. ആന്റണി അയാളുടെ മുഖത്തേക്ക ഉൽക്കണ്ഠാപൂർവ്വം നോക്കി.

"അയ്യാ, നന്നായ് പാക്കവേണ്ടിയതു്. അപ്പുറം നാൻ വർറേൻ" പറഞ്ഞുതീരുന്ന താമസം സുബ്ബയ്യ പടിയിറങ്ങി നടന്നുകഴിഞ്ഞു. ആ വൃദ്ധന്റെ നയനങ്ങളിലും വാക്കുകളിലും ആശങ്ക നിഴലിച്ചിരുന്നു.

ജോണിയുടെ മുഖത്തു വേദനയുടെ ചിഹ്നങ്ങൾ തെളിഞ്ഞിരുന്നു. അവൻ വേദനയോടുകൂടി ദയനീയമായൊന്നു മൂളി. ആന്റണി കുനിഞ്ഞുനിന്നുകൊണ്ടു വിളിച്ചു: "മോനേ."

"ഉം" അവൻ പ്രത്യുത്തരിച്ചു: "ദേഹമെല്ലാം ചുട്ടുനീറുന്നപ്പാ."

നീരുവന്നു വീർത്തു പാതിയടഞ്ഞ അവന്റെ കൺപോളകൾ ഒന്നുകൂടി വിടർത്തുവാൻ അവൻ ശ്രമിക്കുന്നതുപോലെ തോന്നി. ഒരു വരയൻപാമ്പിനെപ്പോലെ വളഞ്ഞുപുളഞ്ഞു നീണ്ടുപോകുന്ന റെയിൽപ്പാളത്തിലേക്ക ചിന്താമൂകനായി നോക്കിക്കൊണ്ട് ആന്റണി നിശ്ചലനായിനിന്നു. വെയിലിന്റെ ചൂടു കൂടിക്കൂടിവരികയായിരുന്നു.

വേദനനിറഞ്ഞ ഒരു പകൽ കഴിഞ്ഞുപോയി. ചക്രവാളപ്പരപ്പിൽ അരുണിമ പരക്കുകയും, അല്പസമയത്തിനുശേഷം ഇരുളിന്റെ കരിപുരട്ടലിൽ അതു മാഞ്ഞുപോകുകയും ചെയ്തു. നിശീഥിനിയുടെ കറുത്തമനോഹരിയിൽ അമ്പിളിക്കല ഉദിച്ചുയർന്നു പ്രപഞ്ചം മുഴുവൻ ശീതളമായ ചന്ദ്രികയിൽ കുളിക്കുകയും ചെയ്തു.

ആന്റണി വിളക്കു കൊളുത്തി ജോണിയുടെ ദേഹം പരിശോധിച്ചു ആ കൊച്ചു ശരീരത്തിൽ തുടുത്തുനിന്നിരുന്ന പോളുകൾ ഒട്ടുമുക്കാലും വററിപ്പോയിരുന്നു. എങ്കിലും അവൻ തീവ്രമായ വേദനയനുഭവിക്കുന്നുണ്ടെന്ന് ആ വാടിത്തളർന്ന മുഖം വ്യക്തമാക്കി ആന്റണി വല്ലൊരാശ്വാസത്തോടെ അടുക്കളയിലേക്ക പോയി. അത്താഴത്തിനായി സൂക്ഷിച്ചുവെച്ചിരുന്ന കുറെ പച്ചരി ഒരു കൊച്ചു കലത്തിൽ അടുപ്പത്തുവെച്ച് തിളപ്പിക്കാൻ തുടങ്ങി. ചിന്താധീനനായി അയാൾ കറുത്ത കരിക്കട്ടകൾ മെല്ലെ മെല്ലെ അടുപ്പിലേക്കിട്ടുകൊണ്ടിരുന്നു.

"അപ്പാ"

പെട്ടെന്ന്, ആ നിശ്ശബ്ദതയിൽ ജോണിയുടെ ആ പതിഞ്ഞ സ്വരത്തിലുള്ള വിളി അയാൾ കേട്ടു ജോണിയുടെ സമീപത്തു ചെന്നു നിന്നുകൊണ്ട് ആന്റണി മെല്ലെ വിളിച്ചു: "മോനെ, ജോണി" അവൻ ശിരസ്സ് അവ്യക്തമായൊന്നു അനക്കിയതല്ലാതെ യാതൊന്നും മിണ്ടിയില്ല. ആന്റണി ജോണിയുടെ വികൃതമായ മുഖത്തേക്ക സൂക്ഷിച്ചുനോക്കിക്കൊണ്ടു അവന്റെ കട്ടിലിലിരുന്നു. അയാളുടെ ഹൃദയത്തിൽ വികാരങ്ങളുടെ വേലിയേററം നടക്കുകയായിരുന്നു.

പെട്ടന്ന് ജോണി കണ്ണുതുറന്നു ആന്റണിയുടെ മുഖത്തേക്ക പരിഭ്രമിച്ചുകൊണ്ടു തുറിച്ചുനോക്കി. വേദനകൊണ്ട് അവൻ ഒന്നു പുളഞ്ഞു. കണ്ണുകൾ മുറുകെ ചിമ്മിക്കൊണ്ടു അവൻ അവന്റെ കൊച്ചുമാറിടം അമർത്തിപ്പിടിച്ചു "ഈ...ശോ..." അവന്റെ വായിൽനിന്നു കുറെയധികം രക്തം കിളുകിളെ പുറത്തുചാടി. ജോണി അവന്റെ കുഞ്ഞിക്കൈകൾ ആന്റണിയുടെ മടിയിലേക്കിട്ടു "അപ്പാ എന്നെ ഒന്നു കെട്ടിപ്പിടിച്ചേ...എന്റെ ചങ്കിപ്പോ പൊട്ടും" ജോണി വേദനയാൽ പുളഞ്ഞുകൊണ്ടു പറഞ്ഞു ആന്റണി ജോണിയെ തോളിലെടുത്തുകൊണ്ടു ആ കൊച്ചു ശരീരത്തെ അയാളുടെ മാറോടു ചേർത്തുപിടിച്ചു. പെട്ടന്നു ജോണി ശാന്തഭാവം കൈക്കൊണ്ടു. തോളിൽ തല ചായ്ച്ചുവച്ചുകൊണ്ടു അവൻ അവന്റെ പിതാവിന്റെ വക്ഷസ്സിൽ തളർന്നുകിടന്നു.

ഉൽക്കണ്ഠനിറഞ്ഞ കുറെ നിമിഷങ്ങൾ കടന്നു പോയി. പെട്ടന്നു ജോണി ആന്റണിയെ മുറുകെ കെട്ടിപ്പിടിച്ചു. അവൻ വളരെ ക്ഷീണിച്ച സ്വരത്തിൽ ആന്റണിയുടെ ചെവിയിൽ മന്ത്രിച്ചു,

"അപ്പാ"

"മോനേ" ആന്റണി തൊണ്ടയിടറിക്കൊണ്ടു പ്രത്യുത്തരിച്ചു. ജോണിയുടെ അടഞ്ഞിരുന്ന കണ്ണുകൾ അവസാനമായി ഒന്നു രണ്ടു പ്രാവശ്യം തുറക്കുകയും, അന്ധകാരമയമായ ലോകത്തിലേക്ക സ്വല്പനേരം തുറിച്ചുനോക്കുകയും ചെയ്തു. "ഈശോ" എന്നുച്ചരിച്ചുകൊണ്ടു ജോണി അവന്റെ കൊച്ചു നീലക്കണ്ണുകൾ എന്നന്നേക്കുമായി അടച്ചു. ദ്രുതഗതിയിലായിരുന്ന ജോണിയുടെ ശ്വാസോച്ഛ്വാസം നിലയ്ക്കുന്നതും, ആന്റണിയുടെ പിതൃഹൃദയത്തോടു തൊട്ടിരുന്നുകൊണ്ടുതന്നെ ശക്തിഹീനമായി തുടിച്ചിരുന്ന അവന്റെ ഹൃദയം അവസാനമായി ത്രസിച്ചശേഷം തീരെ നിശ്ചലമാകുന്നതും ആന്റണി വ്യക്തമായറിഞ്ഞു. ആന്റണിയെ കെട്ടിപ്പിടിച്ചിരുന്ന ജോണിയുടെ കരങ്ങൾ തളർന്നു വീഴുകയും, അയാളുടെ തോളിൽ വിശ്രമിച്ചിരുന്ന അവന്റെ ശിരസ്സ് ഒരു ഭാഗത്തേക്ക ചരിഞ്ഞുവീഴുകയും ചെയ്തു. ആന്റണി ആ കൊച്ചുശരീരത്തെ കട്ടിലിലേക്ക കിടത്തിയശേഷം വാടിത്തളർന്ന ആ കൊച്ചു മുഖകമലത്തിലേക്ക് സൂക്ഷിച്ചുനോക്കിക്കൊണ്ടു നിശ്ചലനായിരുന്നു. അയാൾ പൊട്ടിക്കരഞ്ഞില്ല, ബോധരഹിതനായി നിലംപതിച്ചില്ല, അതിനെല്ലാമപ്പുറത്തായിരുന്നു അയാളുടെ ഹൃദയം!

നിശ്ശബ്ദതയിൽ നിമിഷങ്ങൾ കടന്നുപോയി. വികാരത്തള്ളലിൽ ലോകം തന്നെ മറന്നു കഴിഞ്ഞിരുന്നു ആന്റണി. ജോണിയുടെ വാടിവിളറിയ മുഖത്തേക്കു ഉററുനോക്കിക്കൊണ്ട് നിശ്ചലനായിരിക്കയാണയാൾ; കദനം നിറഞ്ഞുതിങ്ങുന്ന ഹൃദയത്തോടുകൂടി.

പുറത്ത് ബൂട്സിന്റെ സ്വരം കേട്ട് ആന്റണി ഞെട്ടിയുണർന്നു. സെന്റ് ഫ്രാൻസീസ് ചർച്ചിന്റെ വികാരി ഫാദർ ജോർജ്ജ് അകത്തേക്ക കടന്നുവന്നു. ആന്റണി ബഹുമാനപുരസ്സരം എഴുന്നേററുനിന്നു. അയാളുടെ നയനങ്ങളിൽ കണ്ണുനീർ നിറഞ്ഞുതുളുമ്പി. പതിതരുടേയും നിരാലംബരുടേയും കണ്ണിലുണ്ണിയായ ആ വൈദികൻ ജോണിയുടെ കൊച്ചുശരീരത്തിലേക്ക സൂക്ഷിച്ചുനോക്കി. അനേകമനേകം ജീവിതങ്ങൾ നാമ്പെടുക്കുന്നതും വാടിക്കരിഞ്ഞു വീഴുന്നതും കണ്ട് പരിചയസമ്പന്നനായിരുന്ന ആ പുരോഹിതൻ ഒരൊററ നോട്ടംകൊണ്ടു അവിടെ നടന്നുകഴിഞ്ഞതെല്ലാം ജോണിയുടെ വിളർത്തു നിർജ്ജീവമായ മുഖത്തുനിന്നു മനസ്സിലാക്കി.

"ആന്റണീ" ഫാ: ജോർജ്ജ് ആന്റണിയുടെ പുറത്തു കൈവെച്ചു. "സാരമില്ല, എല്ലാം സർവ്വജ്ഞ

(ശേഷം 11-ാംപേജിൽ)

ശരിയായ സ്ഥാപനത്തിന്റെ പേര്

കാ
കാളൻ
ൻ

ഈ പേരിൽ ഒരേ ഒരു സ്ഥാപനം മാത്രമേയുള്ളൂ.

"കാളൻ"

സ്ഥാപനം വകയായി "ഔഷധശാല"കളോ "വൈദ്യശാല"കളോ ഇല്ല.

"കാളൻ"

സ്ഥാപനം വകയായി നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാദിതൈലം എന്നീ 3 സിദ്ധൌഷധങ്ങൾ മാത്രമേയുള്ളൂ.

"കാളൻ"

സ്ഥാപനംവകയും 120-ൽപരം "അനുഭവസാക്ഷ്യങ്ങൾ"വഴി സുപ്രസിദ്ധമായിതീർന്നിട്ടുള്ളവയുമായ ടി. ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, കോയമ്പത്തൂർ, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ്ഡിപ്പോകൾ വഴിയായും, ഇന്ത്യയിലും വിദേശങ്ങളിലുമുള്ള 170-ൽപരം ഏജൻസികൾവഴിയായും, പോസ്റ്റൽമാർഗ്ഗമായും മററും വിതരണംചെയ്തുകൊണ്ടിരിക്കുന്നു.

"കാളൻ"

സ്ഥാപനംവക ടി. ഔഷധങ്ങളുടെ ലേബലുകളിന്മേൽ

KALAN

ഈ മുദ്രയും, KALAN'S എന്നും ഉണ്ടായിരിക്കും. ഈ അടയാളങ്ങൾ രണ്ടും ഇല്ലാതെ

"കാളൻ"

എന്ന പേരിൽ കാണപ്പെടുന്ന ഔഷധങ്ങൾ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമാകുന്നു.

"കാളൻ"

സ്ഥാപനംവക ടി. ഔഷധനാമങ്ങളിലെ "ആസവം" എന്നും, "ഘൃതം" എന്നും, "തൈലം" എന്നുമുള്ള വാക്കുകൾ കൂട്ടിചേർത്തും, കുപ്പികളുടേയും ലേബലുകളുടേയും ഔഷധങ്ങളുടേയും ഛായ കോപ്പിച്ചും, ഔഷധങ്ങളുടെ എണ്ണം 3 തന്നെയാക്കി ചമച്ചും അനുകരണവ്യാപാരത്തിന്ന് ഇറങ്ങിയിട്ടുള്ളവരുടെ വഞ്ചനയിൽ പെട്ടുപോകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. എന്തുകൊണ്ടെന്നാൽ,

സാക്ഷാൽ "കാളൻ"

സ്ഥാപനംവക തന്നെയാണെന്ന് തെററിദ്ധരിച്ച് ഔഷധങ്ങൾ വാങ്ങിച്ചിട്ടുള്ളവരുടെ അനുഭവങ്ങൾതന്നെ അനുകരണങ്ങളെ വർജ്ജിക്കണമെന്ന് വിളിച്ചുപറയുന്നുണ്ട്. പരോപകാരാർത്ഥം ഇതു് നിങ്ങളുടെ സ്നേഹിതന്മാരെക്കൂടി കാണിക്കുവാൻ താല്പര്യപ്പെടുന്നു.

TELEGRAM:
KALAN, Alagappanagar.

കാളൻ, നെല്ലായി.

ആത്മകഥാകഥനം

# ദീർഘകാലംകൊണ്ടേ എനിക്കു കത്തോലിക്കനാകാൻ കഴിഞ്ഞുള്ളൂ

(ഗീവറുഗീസ് മണിയംപാറ)

(ജീവിതത്തിലെ ഒരു നല്ലപങ്കു സമയവും സുവിശേഷവേലയ്ക്കു വിനിയോഗിച്ച ഒരു വൃദ്ധനാണു് കീവറിച്ചൻ. ഗീവറുഗീസ് എന്നാണു പേരെങ്കിലും ആളുകൾ അദ്ദേഹത്തെ സംബോധനചെയ്യുന്നതു് അങ്ങിനെയാണു്. അടുത്തും അകലെയുമുള്ള വളരെ പ്രദേശങ്ങളിൽ മാനസ്സാന്തരജോലി ചെയ്തിട്ടുള്ള അദ്ദേഹത്തിനു പരിചിതർ വളരെയുണ്ടു്. രണ്ടും മൂന്നും പേരുകൂടി ദൂരെ യാത്രചെയ്തു സുവിശേഷം പ്രസംഗിക്കുക അദ്ദേഹത്തിനു അതിമാത്രം ഇഷ്ടമുള്ള കാര്യമായിരുന്നു. തികഞ്ഞ മതബോധവും ആത്മീയപ്രബുദ്ധതയുമുണ്ടായിരുന്നതുകൊണ്ടു് മാർത്തോമ്മാക്കാരുടെ ആവിർഭാവത്തെ ശക്തിപൂർവ്വം തടയുകയും യാക്കോബായ വിശ്വാസം പാരമ്പര്യത്തിനും യുക്തിക്കും വേദശാസ്ത്രത്തിനും അനുയോജ്യമെന്നു പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നു അദ്ദേഹം. പിന്നീടു് ഓർത്തഡോക്സ് ആവിർഭവിച്ചപ്പോൾ അന്ത്യോഖ്യക്കാരുടെ കന്മഷവും അത്യാഗ്രഹവും അനീതിയും പ്രസംഗിച്ചുനടക്കുകയും കാതോലിക്കാ സ്ഥാപനം തികച്ചും സ്വീകാര്യവും അനുയോജ്യവുമെന്നു സ്ഥാപിക്കുകയും ചെയ്തിരുന്നു. പക്ഷേ, അവിടെയെങ്ങും ശാശ്വതമായ ശാന്തിയും ആത്മസമാധാനവും കണ്ടില്ല.

ആയിടയ്ക്കു് സുറിയാനിക്കാരുടെ ആരാധ്യപുരുഷനായ എം. എ. അച്ചൻ (മാർ ഈവാനിയോസ് തിരുമേനി) പെരുനാട്ടിലെ മുണ്ടൻമലയിൽ ഒരു പർണ്ണശാല ആരചിച്ച് തപസ്സിനു കോപ്പുകൂട്ടി. അച്ചന്റെ ഉററമിത്രമായും വലംകൈയായും ആ സ്ഥാപനത്തിൻവേണ്ടി അശ്രാന്തം പരിശ്രമിച്ചു അദ്ദേഹം. പ്രസംഗയോഗമെല്ലാം ബഥനിയെക്കുറിച്ചായി. വഴക്കും വാശിയുമൊന്നുമില്ലാത്ത ഒരു സ്വതന്ത്രസ്ഥാപനം. ആത്മശാന്തിയും സമാധാനവും കാംക്ഷിക്കുന്നവരെല്ലാം അതിൽ പ്രവേശിക്കണം. അന്ത്യോഖ്യക്കാ മലങ്കരസഭയ്ക്കു അവകാശമില്ലാത്തതും യാക്കോബായ ക്രമങ്ങളെ അല്പവും അവഗണിക്കാത്തതുമായ ആ സ്ഥാപനത്തേയും അതിന്റെ ഉദ്ദേശ്യത്തേയുംകുറിച്ചു ജനങ്ങളെ അറിയിച്ചുതുടങ്ങി. 1930-ൽ തിരുമേനി പരിജനസഹിതം തിരുസഭയെ ആശ്ലേഷിച്ചു. അപ്പോൾ തിരുമേനിയെ സ്നേഹിച്ചാദരിച്ചഭിവന്ദിച്ച ആളുകൾ വിഷണ്ണരായി. സ്നേഹം ദ്വേഷ്യമായി പരിണമിച്ചു. ആ പരിവർത്തനം അനേകരുടെ കണ്ണുതുറപ്പിച്ചു. അനേകായിരങ്ങൾ ഇന്നിതാ തിരുസഭയുടെ മടിയിൽ വിശ്രമിക്കുന്നു. വളരെനാൾ അന്വേഷിച്ചിട്ടു ലഭിക്കാതെപോയ സന്തുഷ്ടിയും സമാധാനവും ഐശ്വര്യവും കത്തോലിക്കാസഭയിൽനിന്നു ലഭിക്കുന്നു. നിഷ്കളങ്കവും ലളിതവുമായ ഭാഷയിൽ അദ്ദേഹം സ്വപുനരൈക്യചരിതം പറയുകയാണു്.
J. A.,

മാർത്തോമ്മായിലേയും ആംഗ്ലിക്കൻസഭയിലേയും ഉപദേശിമാരെപ്പോലെ യാക്കോബായസഭയിൽ ഉണർവ്വും ഉത്തേജനവുമുള്ള മിഷനറിമാർ നന്നേ ചുരുക്കം. എനിക്കുതന്നെയും അത്തരം ഉപദേശിമാരിൽനിന്നാണു് സുവിശേഷവേലയ്ക്കു പോകുവാൻതക്ക പ്രചോദനം ലഭിച്ചതു്. വേദപുസ്തകവും സഭാചരിത്രവും കഴിവതു ഞാൻ പഠിച്ചു. വിമർശനബുദ്ധ്യാ ആയിരുന്നില്ല. ഭക്തികൊണ്ടും ജീവിതവിശുദ്ധിക്കു ഉപകരിക്കുമായിരുന്നതുകൊണ്ടും, നവീകരണകക്ഷിക്കാരെ നേരിടുവാൻവേണ്ടിയുമായിരുന്നു സഭാചരിത്രം പഠിക്കുവാൻ ശ്രദ്ധിച്ചതു്. എന്റെ പ്രസംഗകാലത്തൊരിക്കലും കത്തോലിക്കരെയോ കത്തോലിക്കാസഭയെയോ ഞാൻ അധിക്ഷേപിച്ചിരുന്നില്ല. എങ്ങനെയോ യാക്കോബായസഭയാണു് ശ്രേഷ്ഠമെന്നും രക്ഷയ്ക്കു പര്യാപ്തമെന്നും ഞാൻ കരുതിപ്പോന്നു. കേരളത്തിലെ ഒട്ടുമിക്ക യാക്കോബായ വൈദികരേയും വൈദികമേലദ്ധ്യക്ഷന്മാരേയും ഞാൻ പരിചയപ്പെട്ടിരുന്നു. അത്തരം പരിചയവും അവരോടുണ്ടായിരുന്ന സ്നേഹബഹുമാനാദികളും മററാരു മതത്തെക്കുറിച്ചു പഠിക്കുവാൻ എന്നെ അനുവദിച്ചില്ല.



തൈക്കാട്ടിൽ തോമ്മുണ്ണി ഭാര്യ മറിയം
മരണം 1956 മാർച്ച് 23
"ദയാപരനായ ഈശോ, ഇവൾക്കു നിത്യാശ്വാസം കൊടുത്തരുളേണമേ."

R. I. P.

Inserted by her son,
T. T. Varughese

കത്തോലിക്കർ ആദ്ധ്യാത്മികത്വം ഇല്ലാത്തവരും സ്വഭാവശുദ്ധിയില്ലാത്തവരും, എല്ലാററിനുമുപരി സുവിശേഷതാല്പര്യമില്ലാത്തവരുമാണെന്ന ഒരു ധാരണ എന്നിൽ കടന്നുകൂടി. നിവാരണക്ഷമമല്ലാത്ത ഒരു ധാരണാപ്പിശകിനു ഞാൻ വിധേയനായി. പരിഷ്കാരശൂന്യരും ഭക്തിയുടെ നാമമോ വേഷമോപോലും അറിഞ്ഞിട്ടില്ലാത്തവരുമെന്നാണു് അവരെക്കുറിച്ചു പലരും പറയുക. ഈ പറച്ചിലിന്റെ ഉല്പത്തി എങ്ങനെയെന്നു എനിക്കു അറിഞ്ഞുകൂടാ. സമുദായത്തിലെ ഏററം യാഥാസ്ഥിതികരാണു് കത്തോലിക്കർ. വിട്ടുവീഴ്ചകൾക്കോ പരസമുദായസഹിഷ്ണുതയ്ക്കോ സന്നദ്ധരല്ലാത്ത അവരുമായി സംബന്ധപ്പെടുക എനിക്കു ഊഹ്യമേ അല്ലായിരുന്നു.

പക്ഷേ ഏതൊരു സുമനസ്സിനേയും മടുപ്പിക്കുന്ന വ്യവഹാരവും കക്ഷിമത്സരവും എന്റെ ഏററം പ്രിയപ്പെട്ട യാക്കോബായ സഭയിൽ ആവിർഭവിച്ചു. മലങ്കരസഭാഭാസുരനെന്നു സർവ്വരും പുകഴ്ത്തിയിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മുടക്കപ്പെട്ടു. സമരിക്കേസും ആനപ്പാപ്പിയുടെ വധവും സമുദായഭക്തന്മാരെ അന്ധാളിപ്പിച്ച ദാരുണസംഭവങ്ങളായിരുന്നു. നിഷ്കളങ്കരായ സമുദായാംഗങ്ങൾ കിംകർത്തവ്യതാമൂഢരായി. മാർത്തോമ്മാ യാക്കോബായക്കേസ്സ് അവസാനിക്കുമെന്നേയാണു്, അതിന്റെ ദുഷ്ഫലങ്ങൾക്കറുതിവരുമെന്നേയാണു്, വീണ്ടുമൊരു പിളർപ്പ്, ഒരു കെട്ടതി, ഒരു യുദ്ധം. ക്രിസ്തുവിന്റെ ദിവ്യഗാത്രം വീണ്ടും നിണാപങ്കിലമാകുന്നു.

ഈ നൂലാമാലകളിൽനിന്നു അകന്നു വസിക്കാൻ താല്പര്യംപൂണ്ട ചില സുമതികളാണു് പർണ്ണശാലയുംകെട്ടി മുണ്ടൻമലയിലെ ഉന്നതസ്ഥലങ്ങളിൽ പാർപ്പുതുടങ്ങിയതു്. ഞാനും വേറെ ചിലരും അവരോടു ചേർന്നു. വീണ്ടും പൂർവ്വാധികം ഉൗർജ്ജസ്വലതയോടെ ഞങ്ങൾ പ്രസംഗിക്കാൻതുടങ്ങി. ബഥനിപ്രസ്ഥാനത്തെക്കുറിച്ചു് അങ്ങനെ ജനങ്ങളെ ഞങ്ങൾ ഗ്രഹിപ്പിച്ചു. 1930-ൽ ബഥനിമെത്രാന്മാർ കത്തോലിക്കരായി. ഇതിന്റെ അർത്ഥമെന്തെന്നു പലർക്കുമെന്നപോലെ എനിക്കും അജ്ഞാതമായിരുന്നു. ചിലർ പറഞ്ഞു, പണംകിട്ടാനും ദേശസഞ്ചാരസൗകര്യത്തിനും സ്ഥാനമാനങ്ങൾക്കും മററും വേണ്ടിയാണെന്നു്. ഞാൻ ചോദിച്ചു: "പിതാവേ, ഇതെന്താണു്?" "കീവറിച്ചാ, നാം ഇപ്പോൾമാത്രമേ സത്യസഭയുടെ യഥാർത്ഥ അംഗങ്ങൾ ആയിട്ടുള്ളൂ. വരപ്രസാദം പ്രാപിക്കാനും നിത്യരക്ഷ സുരക്ഷിതമാവാനും നാം തിരുസഭയുടെ അംഗങ്ങളായിരിക്കേണ്ടതല്ലേ?" "അപ്പോൾ ഇത്രനാളും നാം എന്തു ചെയ്യുകയായിരുന്നു. നമ്മുടെ പിതാക്കന്മാരും അവരുടെ പിതാക്കന്മാരുമെല്ലാം യാക്കോബായവിശ്വാസികളായിരുന്നില്ലേ? അവർ വരപ്രസാദാവസ്ഥയിൽ അല്ലായിരുന്നെന്നോ? അവർക്കു നിത്യരക്ഷ ലഭിക്കാനിടയില്ലെന്നോ?" തിരുമേനി വിശദീകരിച്ചു: "കൂനൻകുരിശുസത്യംവരേയും അതിനുശേഷം ആലങ്ങാട്ടു മെത്രാഭിഷേകപ്രഹസനംവരേയും കേരളത്തിൽ കത്തോലിക്കർമാത്രമേ ഉണ്ടായിരുന്നുള്ളൂ. നമ്മുടെ പിതാക്കളുടെ നല്ലബോദ്ധ്യത്തിനും സത്പ്രവൃത്തികൾക്കും അനുസരിച്ചു ഫലം അവർ പ്രാപിക്കട്ടെ അറിഞ്ഞുകൊണ്ടു ശീശ്മയിൽനില്ക്കുന്നതു് ആത്മഹത്യാപരമാണു്."

വീണ്ടും വർഷങ്ങൾ ഒന്നൊന്നായി കടന്നുപോയി. ഞങ്ങളുടെ ഇടവകപ്പള്ളിയിലും അക്കാലത്തു ഒരു കലഹമുണ്ടായി. എന്റെ പുനരൈക്യത്തെ ത്വരിപ്പിക്കുന്നതിനുണ്ടായ ഒരു സന്ദർഭമായിരുന്നു അതു്. ഞങ്ങൾ ഏകദേശം ഇരുപത്തിനാലു കുടുംബക്കാർ ഒന്നിച്ചു തിരുസഭയിൽചേർന്നു. സന്യാസിസമാഗമമായ തറയിലച്ചൻ ഞങ്ങളുടെ ആത്മീയദിഷ്ടതികൾ നടത്തിത്തന്നു. ഒരു പള്ളിയും അതിലൊരു വൈദികനുമുണ്ടാകുന്നതുവരെ കോട്ടയംരൂപതയിൽപ്പെട്ട റാന്നിപ്പള്ളിയിൽ ഞങ്ങൾ പൊയ്ക്കൊണ്ടിരുന്നു.

ഒരു കത്തോലിക്കനായതുകൊണ്ടുണ്ടായ ആത്മീയസമാധാനവും സന്തുഷ്ടിയും വാചാമഗോചരമത്രെ. ഈ സമാധാനത്തിന്റെ ഉറമുഖത്തേക്കു മററുള്ളവരേയും സസ്നേഹം ക്ഷണിക്കുന്നു. മുൻവിധികൾ നീക്കി പരിശോധിക്കുക. അപ്പോൾ കാണാം കത്തോലിക്കാതിരുസഭ എത്ര ഉത്തമയെന്നു്, കളങ്കരഹിതയെന്നു്, വിശുദ്ധരെ പുറപ്പെടുവിക്കുന്നവളെന്നു്. അതു പത്രോസാകുന്ന ഇളകാത്ത പാറമേൽ അടിസ്ഥാനമുള്ള സത്യപ്രകാശത്തിന്റെ ഗോപുരമാകുന്നു. ലോകത്തിന്റെ ആശാനികേതനവും ആശ്വാസകേന്ദ്രവുമാകുന്നു.

ഉദ്ദിഷ്ടകാര്യം ദൈവതിരുമനസ്സ് ആണു് എങ്കിൽ സാധിക്കുന്നതിനുവേണ്ടി തിരുകുടുംബത്തിനോടുള്ള അപേക്ഷ.

ജോസഫ്

# കത്തോലിക്കരും കലാപരിപാടികളും

(എഴുമന സെലിൻ)

ഇതു് കലാസമിതികളുടെയും, കലാപരിപാടികളുടെയും കാലമാണു്. രാഷ്ട്രീയാവേശങ്ങളിൽനിന്നും മനുഷ്യന്റെ സൗന്ദര്യബോധം വളർന്നു വളർന്നു ക്രമേണ കലോപാസനയിലേക്കു നീങ്ങിയിരിക്കുകയാണു്. അതിന്റെ ഫലമായാണു് നാട്ടിന്റെ നാനാഭാഗങ്ങളിലും നിരവധി കലാസമിതികൾ രൂപംകൊള്ളുന്നതും, പുതിയ പുതിയ കലാപരിപാടികൾ ആവിർഭവിച്ചുകൊണ്ടിരിക്കുന്നതും. ഇന്നു എവിടെ നടക്കുന്ന വിശേഷദിനാഘോഷങ്ങളിലും സമഗ്രമായ ഒരു സ്ഥാനമാണു കലാപരിപാടികൾക്കു മാററിവച്ചിട്ടുള്ളതു്.

സംഗീതം, നൃത്തം അഭിനയം മുതലായ കാര്യങ്ങളിൽ കുറെക്കാലംമുമ്പുവരെ കത്തോലിക്കർ ഇതരസമുദായങ്ങളെ അപേക്ഷിച്ചു് പിന്നിലായിരുന്നു എന്നു പറയപ്പെടുന്നുണ്ടു്. എന്നാൽ ഇന്നാകട്ടെ, അതു ഏതാണ്ടു മാറിക്കഴിഞ്ഞിട്ടുണ്ടു്. നൃത്തകലയിലും സംഗീതം, സാഹിത്യം, അഭിനയം, കഥാപ്രസംഗം മുതലായ കലയുടെ ഇതരശാഖകളിലും കത്തോലിക്കരുടെ കാൽപ്പാടുകൾ തെളിഞ്ഞുതുടങ്ങിയിട്ടുണ്ടു്. എന്നാൽ ഇത്തരം കലാരംഗങ്ങളിൽ പലതിലും നമ്മുടെ മഹത്തായ ലക്ഷ്യത്തിൽനിന്നും നാം മാറിപ്പോകുന്നില്ലെയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇന്നു എല്ലാം സമ്മേളനപ്പന്തലുകളിലുംതന്നെ നൃത്തങ്ങൾ നടത്താറുണ്ടു്. ഈ നൃത്തപരിപാടികളിൽ കത്തോലിക്കരായ ബാലികാബാലന്മാർ പങ്കെടുക്കാറുമുണ്ടു്. മററു സമുദായാംഗങ്ങളെപ്പോലെ നാമെല്ലാം അവ ആസ്വദിക്കാറുമുണ്ടു്. എന്നാൽ തങ്ങളുടെ കുട്ടികൾ നടത്തുന്ന ഈവക നൃത്തങ്ങളുടെ അവതരണത്തെപ്പററിയോ അവയുടെ സന്ദേശങ്ങളെപ്പററിയോ അധികമാരുംതന്നെ ചിന്തിക്കാറില്ലെന്നു തോന്നുന്നു.

ഇന്നത്തെ പ്രധാന കലാപരിപാടിയായിത്തീർന്നിട്ടുള്ളതു നൃത്തങ്ങളാണല്ലോ. അതിൽ പ്രധാനം ഹൈന്ദവപുരാണസംബന്ധികളായ രാധാകൃഷ്ണനൃത്തം ശിവതാണ്ഡവം, കാളിയമർദ്ദനംമുതലായവയുമാണു്. രാധയും വേണുവുമായി ശൃംഗാരരസികനായി സമയം കഴിക്കുന്ന ശ്രീകൃഷ്ണനും ഗംഗയെപ്പിടിച്ചു തലയിൽ തിരുകി സർപ്പത്തെ കഴുത്തിൽ ചുററി കലിയും പുലിത്തോലുമായി ലോകം കുലുക്കിനടക്കുന്ന പരമശിവനുമൊക്കെയാണു കത്തോലിക്കരുടെ കലാരംഗങ്ങളിൽ കൂടി കത്തോലിക്കാകുഞ്ഞുങ്ങൾ വഴി അവതരിപ്പിക്കപ്പെടുന്നതു്. ക്രൈസ്തവമതസംബന്ധമായി യാതൊന്നും ഇല്ലാഞ്ഞിട്ടാണോ ഇത്തരം മാർഗ്ഗങ്ങളുപയോഗിക്കുവാൻ കത്തോലിക്കർ നിർബന്ധിതരാകുന്നതെന്നാണെനിക്കു സംശയം.

നമ്മുടെ ബാലികാബാലന്മാർ ഇത്തരം നൃത്തങ്ങൾ പഠിക്കേണ്ടിവരുന്നതു നിർഭാഗ്യം തന്നെയാണു്. നമ്മുടെ ഇത്തരം സാംസ്കാരികരംഗങ്ങളിൽ ക്രിസ്തീയമായ സംഭാവനകൾ നൽകുന്നതിനു ഒരുത്തരും തന്നെ തയ്യാറായി കാണുന്നില്ല. ഇനിയും ആരെങ്കിലും മുതിർന്നാൽതന്നെ അവർക്കു വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല എന്നുള്ളതാണു ദുസ്സഹമായ മറെറാരു കാര്യം. അതുകൊണ്ടുതന്നെയാണു നമ്മുടെ വിദ്യാലയവാർഷികദിനാഘോഷങ്ങളിലും ഇതര സമ്മേളനരംഗങ്ങളിലും ശ്രീകൃഷ്ണനും പരമശിവനുമൊക്കെ പ്രത്യക്ഷപ്പെടുന്നതും.

മറെറാന്നു്, നമ്മുടെ ചില പ്രവർത്തകർക്കു് പരിപാടികളും, അതിന്റെ വേദികളും തമ്മിലുള്ള ബന്ധം തിരിച്ചറിവില്ലെന്നുള്ളതാണു്. ഈയിടെ ഒരു പള്ളിമുററത്തുവച്ചു് അഭിവന്ദ്യനായ ഒരു മെത്രാൻ തിരുമേനിക്കു് ഒരു സ്വീകരണം നൽകുന്ന യോഗത്തിൽ സംബന്ധിക്കുന്നതിനു സാധിച്ചു. ആ സ്വീകരണയോഗത്തിലുമുണ്ടായിരുന്നു കലാപരിപാടി. കണ്ണുകൾ സുറുമയെഴുതി, കൈകളിൽ പൂമാലയേന്തി, ചുണ്ടുകളിൽ പുഞ്ചിരിപേറി, കനകച്ചിലങ്കയും കിലുക്കിക്കൊണ്ടു് ഏതാനും പിഞ്ചുബാലികമാർ "അനുരാഗമോഹന, മധുരാംഗരഞ്ജക"യെന്ന പാട്ടുംപാടി, ആ യതിവര്യന്റെ തിരുസന്നിധിയിലേക്കു് ചുവടുവച്ചു നൃത്തത്തിനു വരുന്നതു കണ്ടപ്പോൾ എന്റെ ശരീരത്തിന്റെ സ്പർശനശക്തി മരച്ചുപോയി. ലോകത്തിലെ എല്ലാ സുഖസൗന്ദര്യങ്ങളുടെയും സ്രഷ്ടാവായ ദൈവത്തിന്റെ പ്രസ്തുത പ്രതിനിധിയും ഈ "അനുരാഗമോഹനനും" തമ്മിലുള്ള അന്തരമോർത്തു് ഞാൻ ലജ്ജിച്ചുപോയി. ഒരു പള്ളിമുററത്തു്, അനേകായിരത്തിന്റെ പ്രതിനിധിയും മിശിഹായുടെ പ്രതിപുരുഷനുമായ ആ മെത്രാൻ തിരുമേനിയും, "മധുരാംഗരഞ്ജക"നും തമ്മിലുള്ള ബന്ധം എന്താണെന്നു് നിങ്ങൾതന്നെ വിധിക്കുക. പരിപാവനമായ ആ സ്വീകരണയോഗത്തെ, ആ കലാപരിപാടി എത്ര പരിഹാസജനകമാക്കിത്തീർത്തെന്നാലോചിക്കുക. സന്ദർഭത്തിന്റെ മാഹാത്മ്യത്തെയും, പരിതസ്ഥിതികളുടെ വ്യത്യസ്തതകളെയുംപററി നമ്മുടെ കലാവേദികൾ തയ്യാറാക്കുന്നവർ ഒരു പ്രാവശ്യമെങ്കിലും ഓർത്തിരിക്കുന്നതിൻവേണ്ടിയാണു് ഈ സംഭവം ഇവിടെ പകർത്തിയതു്. ഇമ്മാതിരിയുള്ള രംഗങ്ങളെ ക്രിസ്തീയമാക്കുന്നതിനുള്ള കഴിവുകേടു്, അതിനുതകുന്നവ നമുക്കില്ലെന്നുള്ളതായിരിക്കാം.

കേരളത്തിൽ വിദ്യാഭ്യാസപ്രവർത്തനം ഇത്രയേറെ നടത്തുന്ന ഒരു സമുദായം കത്തോലിക്കരെപ്പോലെ വേറെയില്ല. കത്തോലിക്കാസമുദായമാണു് കേരളത്തിൽ മികച്ച പത്രപ്രവർത്തനവും, സാഹിത്യപ്രോത്സാഹനവും നടത്തുന്നതു്. പക്ഷേ, ആ സമുദായത്തിനുതകുന്ന കലാസൃഷ്ടികൾ ദുർലഭമാണു്. നിരവധി കത്തോലിക്കർ നിത്യേന പാരായണം ചെയ്യുന്ന വിശുദ്ധ വേദപുസ്തകത്തിലെ കരുണാസമ്പൂർണ്ണവും, വികാരോദ്ദീപകവുമായ ഒരു സംഭവത്തെ സജീവമാക്കി, അനവധിപേരുടെ കരളുകളുടെ കവാടങ്ങളെ തുറന്നു അതിനകത്തു കടത്തുന്നതിനു് കഴിഞ്ഞതു് ഒരു ഹൈന്ദവകവിക്കു മാത്രമാണു്. ക്രൈസ്തവവിദ്യാലയങ്ങളിൽനിന്നും കത്തോലിക്കാ പത്രവേദികളിൽനിന്നും ഉയർന്നു വളർന്നുവരുന്നതിനു് ഹൈന്ദവർക്കു മാത്രമേ സാധിക്കുന്നുള്ളൂ. കേരളത്തിലെ കത്തോലിക്കാ സമുദായത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന കലാപരമായ പോരായ്മകളെ പരിഹരിക്കുന്നതിനും അവയെ പുതിയൊരടിസ്ഥാനത്തിൽ വളർത്തിവിടുന്നതിനും നമ്മുടെ യുവകവികൾ ശ്രമിക്കുമെന്നു നമുക്കു സമാധാനിക്കാം.

## Thanksgiving

for favours received
through Rev. Sr. Alphonsa.

Ittiara Varkey
Parekattil house, Kidangoor

# ചോദിച്ചാൽ പറയാം

ചോ: ഈയിടെ പ്രസിദ്ധം ചെയ്തിരിക്കുന്നതും, "തികച്ചും ചരിത്രപരമാണു്" എന്നു അവകാശപ്പെടുന്നതുമായ "കേരളമരിയതീർത്ഥങ്ങൾ" എന്ന പുസ്തകത്തിൽ അനേകം അത്ഭുതങ്ങളെപ്പററി പ്രസ്താവിക്കുന്നുണ്ടു്. ഇവയെല്ലാം അത്ഭുതങ്ങളായി കത്തോലിക്കാസഭ അംഗീകരിച്ചിട്ടുള്ളവയാണോ? ഒരു കത്തോലിക്കാ ഗ്രന്ഥകാരനെഴുതി, കത്തോലിക്കാ പ്രസ്സിൽ അച്ചടിച്ചിരിക്കുന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നവയാകകൊണ്ടു അവ വിശ്വസിക്കുകയല്ലേ വേണ്ടതു്? V. M. C.

ഉ: അത്ഭുതങ്ങൾ സംഭാവ്യങ്ങളാണെന്നും, സംഭവിച്ചിട്ടുണ്ടെന്നും കത്തോലിക്കാസഭ പഠിപ്പിക്കുന്നു. തന്റെ ദിവ്യദൌത്യത്തേയും, തന്റെ ആവിഷ്കരണങ്ങളുടെ ദൈവികസ്വഭാവത്തേയും തെളിയിക്കുന്നതിനു നമ്മുടെ കർത്താവു അനേകം അത്ഭുതങ്ങൾ ചെയ്തിട്ടുണ്ടു്. തന്റെ നാമത്തിൽ പഠിപ്പിക്കുന്നതിനു സ്വശിഷ്യന്മാർക്കു അധികാരം നൽകിയിട്ടുണ്ടെന്നും, അവർ പഠിപ്പിക്കുന്നതു സത്യമായിട്ടുള്ളതാണെന്നും ലോകത്തെ ബോദ്ധ്യപ്പെടുത്തുന്നതിനു അവരെക്കൊണ്ടും അവിടുന്നു അത്ഭുതം പ്രവർത്തിപ്പിച്ചിട്ടുണ്ടു്. സർവ്വശക്തനായ ദൈവത്തിനു അവിടുത്തെ പരിപാലനയിൽ ആവശ്യമെന്നു തോന്നുന്ന എപ്പോഴും അത്ഭുതം പ്രവർത്തിക്കാമല്ലോ.

വേദപുസ്തകം ദൈവനിവേശിതഗ്രന്ഥമാകയാൽ പഴയനിയമത്തിലും പുതിയനിയമത്തിലും വിവരിച്ചിരിക്കുന്ന അത്ഭുതങ്ങളെ അത്ഭുതങ്ങളായിത്തന്നെ കത്തോലിക്കർ സ്വീകരിക്കുന്നു. വേദപുസ്തകകാലത്തിനുശേഷവും അത്ഭുതങ്ങൾ ലോകത്തിൽ നടക്കുന്നുണ്ടു്. ഉദാഹരണം ലൂർദ്ദിലെ അത്ഭുതങ്ങൾ. പക്ഷെ നിഷ്കൃഷ്ടമായ അന്വേഷണങ്ങൾ നടത്തി, അത്ഭുതങ്ങളെന്നു കത്തോലിക്കാസഭ പ്രഖ്യാപിക്കാത്തവയെ, കത്തോലിക്കർ അത്ഭുതങ്ങളായി സ്വീകരിക്കാറില്ല. ഒരു ദേവാലയത്തോടൊ വിശുദ്ധനോടൊ അനുബന്ധിച്ചു് അവ്യാഖ്യേയമായ ഒരു സംഭവം നടന്നുവെന്നതുകൊണ്ടുമാത്രം അതു് അത്ഭുതമായി കത്തോലിക്കാസഭ കണക്കാക്കുകയില്ല.

മറേറതൊരു ചരിത്രവസ്തുതയേയുംപോലെ അതിന്റെ എല്ലാ വശങ്ങളേയും തെളിവുകളേയുംപററി സഭ കൂലങ്കഷമായി ചർച്ചനടത്തും. അതിൽ കൃത്രിമത്വം അശേഷമില്ലെന്നും, പ്രകൃതിപരമായ കാരണങ്ങൾകൊണ്ടല്ലാ സംഭവിച്ചതെന്നും, പ്രകൃതിപരമായ കാരണങ്ങൾകൊണ്ടു സംഭവിക്കുക സാദ്ധ്യമല്ലെന്നും, ഉത്തമബോദ്ധ്യം വന്നശേഷമേ സഭ അത്ഭുതമായി പ്രഖ്യാപിക്കാറുള്ളു. ചിലപ്പോൾ ഈ അന്വേഷണത്തിനു അനേകവർഷങ്ങൾതന്നെ സഭ എടുത്തുവെന്നുവരും.

ഒരു സംഭവം അത്ഭുതമാണോ അല്ലയോയെന്നു തീരുമാനിക്കുവാനുള്ള അധികാരം സഭയ്ക്കു് —മാർപ്പാപ്പാതിരുമനസ്സിലേക്കു— മാത്രമാണുള്ളതു്. തന്മൂലം സഭ ഔദ്യോഗികമായി അത്ഭുതമെന്നു നിർണ്ണയിക്കാത്ത സംഭവത്തെ അത്ഭുതമെന്നു വ്യവഹരിക്കുവാനോ അത്ഭുതമായി പരസ്യംചെയ്യുവാനോ പാടില്ലെന്നു എട്ടാം ഉർബാനോസ് മാർപ്പാപ്പാ (1623—1644) കർശനമായി വിലക്കിയിട്ടുണ്ടു്. (1625 ഒക്ടോബർ 30-ാം തിയതിയിലെ ബുള്ളാ നോക്കുക) തന്മൂലം കത്തോലിക്കാ ഗ്രന്ഥകാരന്മാർ തങ്ങളുടെ ദൃഷ്ടിയിൽ അത്ഭുതങ്ങളെന്നു തോന്നുന്നതും, എന്നാൽ കത്തോലിക്കാസഭ അത്ഭുതങ്ങളായി അംഗീകരിക്കാത്തതുമായ സംഭവങ്ങളെപ്പററി പ്രതിപാദിക്കേണ്ടിവരുന്ന ഗ്രന്ഥങ്ങളിൽ "ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങളും പ്രകടിപ്പിച്ചിരിക്കുന്ന അഭിപ്രായങ്ങളും പ്രയോഗിച്ചിരിക്കുന്ന വണക്കത്തെ സൂചിപ്പിക്കുന്ന പദങ്ങളും എട്ടാം ഉർബാനോസ് മാർപ്പാപ്പായുടെ നിശ്ചയമനുസരിച്ചു് തിരുസഭയുടെ അധികാരത്തിനു പൂർണ്ണമായും വിധേയമാക്കിയിരിക്കുന്നതായി ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു" എന്നു് ഒരു വിജ്ഞാപനം എഴുതിച്ചേർക്കുക പതിവായിരുന്നു.

എന്നാൽ പുതിയ കാനൻനിയമം അനുസരിച്ചു് ഇങ്ങനെ ഒരു വിജ്ഞാപനം നിർബന്ധമാണെന്നു തോന്നുന്നില്ല. പക്ഷെ അത്ഭുതങ്ങളേയും മററും പററി പ്രതിപാദിക്കേണ്ടിവരുന്ന കത്തോലിക്കാഗ്രന്ഥങ്ങൾക്കു മുറപ്രകാരം വേണ്ട വൈദികാനുമതി കാനൻനിയമം വിഭാവനംചെയ്യുന്നുണ്ടു്. വിവാദഗ്രന്ഥത്തിനു വൈദികാനുമതിയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. ആ സ്ഥിതിക്കും തെററിദ്ധാരണകൾ നീക്കുന്നതിനും ഉർബാനോസ് അഷ്ടമൻ നിർദ്ദേശിക്കുന്നതരത്തിലുള്ള ഒരു വിജ്ഞാപനം ചേർക്കുന്നതു നന്നായിരുന്നു. ഏതായാലും ആ ഗ്രന്ഥത്തിൽ പറയുന്ന അത്ഭുതങ്ങൾക്കു് (കത്തോലിക്കാസഭ നേരത്തെ അംഗീകരിച്ചിട്ടില്ലാത്തവയ്ക്കു്) ഗ്രന്ഥകാരന്റെ വ്യക്തിപരമായ പ്രാമാണികത്വം മാത്രമേയുള്ളു. അവ അത്ഭുതങ്ങളായി സ്വീകരിക്കുവാൻ ആർക്കും ബാദ്ധ്യതയില്ല.

ചോ. കത്തോലിക്കർ എഴുതുന്ന ചില പുസ്തകങ്ങളിൽ Nihil obstato Imprimatur-ഉം കാണുന്നുണ്ടു്. ചിലവയിൽ കാണുന്നില്ല. എന്താണിതിന്റെ അർത്ഥം? കത്തോലിക്കാ ഗ്രന്ഥങ്ങൾക്കു ഇവ വേണമെന്നു നിർബന്ധമുണ്ടോ?

V. M. C.

ഉ: Nihil obstat (എതിരായി ഒന്നുമില്ല) എന്ന പദങ്ങളുടെ അർത്ഥം വിവാദഗ്രന്ഥം അതിലേക്കു പ്രത്യേകം നിയമിക്കപ്പെട്ടിരുന്ന വേദശാസ്ത്രപണ്ഡിതൻ പരിശോധിച്ചുവെന്നും, വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരായി അതിൽ യാതൊന്നുമില്ലെന്നു സാക്ഷിപ്പെടുത്തിയിരിക്കുന്നുവെന്നുമാണു്. ചരിത്രപരമോ ശാസ്ത്രീയമോ ആയ വസ്തുതകളെ സംബന്ധിച്ചോ ഉള്ള ഒരു സാക്ഷ്യമല്ലിതു്. കത്തോലിക്കാസഭയുടെ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായുള്ള ഭാഗങ്ങൾ പുസ്തകത്തിൽ ഇല്ലായെന്നു മാത്രമേ സെൻസറുടെ (പരിശോധകന്റെ) സാക്ഷ്യത്തിനു് അർത്ഥമുള്ളു.

Imprimatur (പ്രസിദ്ധീകരിക്കാം) എന്ന പദത്തിന്റെ വിവക്ഷ, വിവാദഗ്രന്ഥത്തിൽ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും എതിരായി ഒന്നുമില്ലാത്തതിനാൽ അച്ചടിച്ചോ മററുവിധത്തിലോ പ്രസിദ്ധം ചെയ്യുവാൻ അനുവദിച്ചിരിക്കുന്നുവെന്നു മാത്രമാണു്. സ്ഥലത്തെ മെത്രാനാണു ഈ അനുവാദം നൽകേണ്ടതു്. ഗ്രന്ഥകാരന്റെ മെത്രാനോ പുസ്തകം അച്ചടിക്കുന്ന സ്ഥലത്തെ മെത്രാനോ, പ്രസിദ്ധപ്പെടുത്തുന്ന സ്ഥലത്തെ മെത്രാനോ ആരെങ്കിലും ഈ അനുവാദം നൽകാം. അനുവാദം നൽകുന്ന മെത്രാന്റെ ശ്രുപതയും, തീയതിയും ഈ അനുമതിയോടുകൂടി കാണിച്ചിരിക്കും.

കത്തോലിക്കാവിശ്വാസത്തെയും സന്മാർഗ്ഗത്തെയും, ഭക്തിയെയും, അതിനോടു ബന്ധപ്പെട്ട വിഷയങ്ങളെയുംപററി പ്രതിപാദിക്കുന്ന പുസ്തകങ്ങൾക്കും, മാസികകൾക്കും ലഘുലേഖകൾക്കും ഇത്തരത്തിലുള്ള വൈദികാനുമതി അത്യന്താപേക്ഷിതമാണു്. അല്ലാത്തപക്ഷം, അവ വായിക്കുവാനെടുക്കുന്ന സാധാരണക്കാർക്കു അവയിൽ പ്രതിപാദിച്ചിരിക്കുന്നവ കത്തോലിക്കാവിശ്വാസത്തിനും സന്മാർഗ്ഗത്തിനും യോജിച്ചതാണോയെന്നു് അറിയുവാൻ സാദ്ധ്യമല്ലല്ലോ. എല്ലാവിധവിപത്തുകളിൽനിന്നും തന്റെ കുഞ്ഞിനെ കാത്തുരക്ഷിക്കുവാൻ ഉൽകണ്ഠിതയായ ഒരു മാതാവിന്റെ ദീർഘദൃഷ്ടിയോടുകൂടി, കത്തോലിക്കാസഭ, തന്റെ മക്കളുടെ ആദ്ധ്യാത്മികസുരക്ഷിതത്വത്തിൽ ശ്രദ്ധയുള്ളവളായിരിക്കുന്നുവെന്നാണു് ഇതു തെളിയിക്കുന്നതു്.

വിശ്വാസത്തെയും സന്മാർഗ്ഗത്തെയും സംബന്ധിക്കുന്ന ഗ്രന്ഥങ്ങൾക്കു മാത്രമേ ഇങ്ങനെ വൈദികാനുമതി വേണമെന്നു സഭ നിഷ്കർഷിക്കുന്നുള്ളു. അതുകൊണ്ടാണു കത്തോലിക്കർ എഴുതുന്ന ചില ഗ്രന്ഥങ്ങളിൽ Imprimatur (വൈദികാനുമതി) കാണാത്തതു്. ഉദാഹരണമായി, ചരിത്രപരമോ, ശാസ്ത്രീയമോ, രാഷ്ട്രീയമോ ആയ ഗ്രന്ഥങ്ങൾക്കു വൈദികാനുമതി വേണമെന്നു സഭ നിർദ്ദേശിക്കുന്നില്ല. ആ വക പുസ്തകങ്ങൾ വായിക്കുന്നവരാരും അവയിൽ പറയുന്നവയെ വിശ്വാസസത്യങ്ങളായി കരുതുകയില്ലല്ലോ.

വൈദികാനുമതി നൽകപ്പെട്ടിട്ടുള്ള ഒരു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ അഭിപ്രായങ്ങളോടും സഭയോ അനുമതി നൽകുന്ന മെത്രാനോ യോജിക്കുന്നുവെന്നു അർത്ഥമില്ല. ഗ്രന്ഥകാരന്റെ അഭിപ്രായസ്വാതന്ത്ര്യത്തിന്മേൽ സഭ യാതൊരു നിരോധനവും ചെലുത്തുന്നില്ല. അദ്ദേഹത്തിന്റെ പ്രതിപാദനത്തിൽ വിശ്വാസത്തിനോ സന്മാർഗ്ഗത്തിനോ, എതിരായി യാതൊന്നുമില്ലാ എന്ന ഒരു സർട്ടിഫിക്കേററു മാത്രമേ ആ അനുമതികൊണ്ടു ഉദ്ദേശിച്ചിട്ടുള്ളു. പരിശോധന കഴിച്ചു് ഇങ്ങനെ അനുമതി നൽകിയതിനുശേഷം ആദ്യം ദൃഷ്ടിയിൽ പെടാതിരുന്ന ഗുരുതരമായ ഒരു പ്രമാദം പുസ്തകത്തിലുണ്ടെന്നു പിന്നീടു കണ്ടുപിടിക്കപ്പെട്ടാൽ നൽകപ്പെട്ട അനുമതി പിൻവലിക്കുന്നതിനുള്ള പരിപൂർണ്ണസ്വാതന്ത്ര്യം നൽകിയ മെത്രാനുണ്ടു്.

വിശ്വാസത്തെയോ സന്മാർഗ്ഗത്തെയോ സംബന്ധിക്കുന്ന ചില പുസ്തകങ്ങളോ മാസികകളോ ചിലപ്പോൾ നൽകപ്പെട്ടിരിക്കുന്ന വൈദികാനുമതി ചേർക്കാതെതന്നെ അച്ചടിക്കുന്നതിനു അനുവദിക്കാറുണ്ടു്. അതിനു പ്രത്യേക കാരണങ്ങളുണ്ടായിരിക്കും. ഉദാഹരണമായി ഗ്രന്ഥം കത്തോലിക്കേതരക്കു വളരെ പ്രയോജനപ്പെടുന്നതാണെന്നും, വൈദികാനുമതി അച്ചടിക്കാതിരുന്നാൽ അവരുടെ ഇടയിൽ കൂടുതലായി പ്രചരിക്കുമെന്നുമുള്ള ഘട്ടങ്ങളിൽ ചിലപ്പോൾ ഈ പ്രത്യേകാനുവാദം നൽകാറുണ്ടു്.

—o—

## *മരിയകീർത്തനം

ഫാദർ ഹെൻറി
ഒ. എഫ്. എം. (Cap)
(ആരാധിച്ചിടുന്നേൻ ഞാൻ എ മ)

വാഴ്ത്തിപ്പുകഴ്ത്തിടുന്നു ഞാൻ
ദൈവമാം നാഥനെ;
ആനന്ദമാർന്നിടുന്നു മൽ
മാനസം രക്ഷകനീശനിൽ.
1 കാരുണ്യമേറ്റ ദൈവമി
ദാസിതൻ താഴ്മയെ വീക്ഷിച്ചു,
വൻകാര്യമെന്നിലീശ്വരൻ
നിർവ്വഹിച്ചെന്നതു കാരണം
ഭാഗ്യപൂർണ്ണ ഞാൻ എന്നു
സർവ്വരും
എന്നെ എന്നെന്നും വാഴ്ത്തിടും
(വാ
2 അത്യുന്നതന്റെ നാമമോ
നിത്യവും പാവനം, പാവനം.
സേവിച്ചു തൻ പ്രമാണങ്ങൾ
പാലിക്കും മാനവമക്കളിൽ
തന്റെ കാരുണ്യം നാളിൽ
നാളിലായ്
വർഷിച്ചിടുന്നു, വത്സലൻ (വാ
3 കാണിച്ചു തന്റെ വൈഭവം
ഈശ്വരൻ തൻ ഭുജശക്തി
യാൽ,
ഓടിച്ചുദൂരവെ നാഥൻ
ഡംഭികജാലത്തെയാകവേ;
ശക്തരെ താഴ്ത്തി, താഴ്മയു
ള്ളോരെ
ഉന്നമിപ്പിച്ചു നായകൻ (വാ
4 ക്ഷുദ്ബാധകർക്കു സർവ്വേശൻ
തൃപ്തിയായ് ഭോജനം നൽ
കിയും
വിത്തേശരവരേയും തൻ
ഹാ! വെറുംകൈയായും വി
ട്ടിതാം;
ഇസ്രായേലിനെ സ്നേഹവാ
ല്ലോടെ
ആശിസ്സേകിയും പാലിച്ചു (വാ
5 അബ്രാഹമാം പിതാവിനും
വംശജരാംജനങ്ങൾക്കുമായ്
സർവ്വേശനന്നു ചെയ്തോരാ
വാഗ്ദാനം കാരുണ്യപൂരിതം
പൂർണ്ണമായിന്നു പൂർത്തിയാക്കു
വാൻ
താൻ കനിഞ്ഞിതാ, ഭാഗ്യമേ.
(വാ

* ദൈവമാതാവു് എലിശാമ്മയുടെ വീട്ടിൽവച്ചു പാടിയ കീർത്തനം. (വി. ലൂക്കാ I 46—55)

## നയംമാററമെവിടെ

(10-ാംപേജ് തുടർച്ച)

ൻ പോരുന്ന മററാരു പ്രചരണവിദ്യയാണു് സ്ററാലിനിസത്തിനു നേരെ അവർ എടുത്തിട്ടുള്ളതു്. സ്ററാലിന്റെ ഏകഛത്രാധിപത്യത്തിനു കീഴിൽ നടത്തിയ കൊലപാതകങ്ങൾക്കു കൈയും കണക്കുമില്ലെന്നു് ലോകജനത മനസ്സിലാക്കിക്കഴിഞ്ഞിട്ടുള്ളതാണു്. അതിൽ തങ്ങൾക്കുപങ്കില്ലെന്നു വരുത്തിത്തീക്കുവാൻ മാത്രമാണു് കമ്മ്യൂണിസ്റ്റുഭക്തന്മാർ ഇപ്പോഴത്തെ പ്രചരണം കൊണ്ടുദ്ദേശിക്കുന്നതു്. പീലാത്തോസ് കൈ കഴുകിയപോലെ. ഞാനവരുടെ പുതിയ പ്രഖ്യാപനങ്ങളിലേക്കൊന്നും കടക്കുന്നില്ല. സ്ററാലിന്റെ നേരെയെടുത്തിട്ടുള്ള നയംകൊണ്ടൊന്നും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിലവിലുള്ള തത്വത്തിനോ ഭരണത്തിനോ യാതൊരു മാററവും സംഭവിച്ചിട്ടില്ലെന്നു പ്രവദയുടെ മുഖപ്രസംഗം ഉദ്ധരിച്ചു് സമർത്ഥിച്ചു ഞാനീലേഖനം അവസാനിപ്പിക്കാം.

'വ്യക്തിപൂജയെ അധിക്ഷേപിക്കുന്നുവെന്ന വ്യാജേന ചില ചിന്തയാററ ഘടകങ്ങൾ പാർട്ടിനയത്തിന്റെ തെററില്ലായ്മയെ ചോദ്യം ചെയ്യുവാൻ ശ്രമിക്കുന്നു. സോവ്യററുയൂണിയന്റെ ചരിത്രപരമായ വികാസത്തിന്റെ തനി മുഴുവൻ ഈ കൃത്രിമങ്ങളെ നിഷേധിക്കുകയും നിന്ദ്യമായ ഇത്തരം സംരംഭങ്ങളെ പൂർണ്ണമായി നശിപ്പിക്കുകയും ചെയ്യുന്നു...കമ്മ്യൂണിസ്റ്റു് പാർട്ടി നയത്തിൽ മാർക്സ്-ലെനിനിസ്റ്റു പ്രത്യയശാസ്ത്രത്തിൽനിന്നുള്ള എല്ലാവ്യതിചലനങ്ങളേയും പാർട്ടിസംഘടനകൾ നിർവ്വിശങ്കം എതിരിടണം... പാർട്ടി അതിനുള്ളിൽ പെററിബൂർഷ്വാകളുടെ ക്രമക്കേടുകൾ, പ്രത്യേകിച്ചു് പാർട്ടിവിരുദ്ധപ്രസ്താവനകൾ, അവ എണ്ണത്തിൽ കുറവായിരുന്നാലും ഒരിക്കലും അനുവദിച്ചുകൊടുത്തിട്ടില്ല; അനുവദിച്ചുകൊടുക്കുകയുമില്ല. പ്രശ്നങ്ങൾ ചർച്ചചെയ്യുവാനുള്ള സ്വാതന്ത്ര്യം മാർക്സ്-ലെനിനിസത്തിന്റെ സ്വഭാവത്തിനെതിരായ വീക്ഷണങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യമായി വ്യാഖ്യാനിക്കുവാൻ പാർട്ടി അനുവദിക്കുകയില്ല. കാരണം അതു പാർട്ടിനിയമങ്ങളുടേയും പാർട്ടിതത്വങ്ങളുടേയും വ്യവസ്ഥിതികൾക്കു വിരുദ്ധമാണു്.' (5-4-1956-ലെ മുഖപ്രസംഗം)

എന്നാൽ ഒരു കാര്യം വ്യക്തമാണു്. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിലകേടുകൾ ഇതിൽനിന്നും നമുക്കു മനസ്സിലാക്കാം. ഈ നിലകെട്ട പ്രസ്താവനകളെല്ലാംതന്നെ ഇന്ത്യൻ കമ്മ്യൂണിസ്റ്റു്പാർട്ടിയും ഇക്കഴിഞ്ഞ ദിവസങ്ങളിൽ ആവത്തിക്കുകയും ചെയ്തു ഗ്രാമഫോൺ റിക്കാർഡുപോലെ. നയംമാററമല്ല, പഴയ നയത്തിന്റെ അസ്തിത്വത്തിനുവേണ്ടിയുള്ള നിലകേടുകളാണു് നാമിടയ്ക്കിടെ റഷ്യയിലും അതുമുഖേന ഇന്ത്യൻ കമ്മ്യൂണിസ്റ്റു്പാർട്ടിയിലും കണ്ടുവരുന്നതു്. ഈ വിവരണത്തിൽനിന്നും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നയത്തിനു യാതൊരു വ്യതിയാനവും വന്നിട്ടില്ലെന്നു മനസ്സിലാക്കാമല്ലോ.

—o—

ബ. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥതാലും വി. പത്താം പീയൂസ് മാർപ്പാപ്പായുടെ സഹായതാലും സുഖക്കേടിനു കുറവു കിട്ടിയതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

A. N. M.




സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്കു് പാലാ സെൻട്രൽ ബാങ്കിൽനിന്നും എളുപ്പത്തിൽ നിങ്ങൾക്കു് കടം വാങ്ങുവാൻ സാധിക്കും. ഇടപാടുകൾ രഹസ്യമായിരിക്കുന്നതും, ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കുന്നതുമാണു്. പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും കടം എടുക്കാം. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോടു് വിശദവിവരങ്ങൾ ചോദിച്ചറിയുക.

കുറഞ്ഞ പലിശ നിരക്കു്

| വായ്പസംഖ്യ | പലിശ |
|---|---|
| 100 രൂപായിൽ താഴെ ... | ആണ്ടിൽ 9 ശതമാനം |
| 100 രൂപാ മുതൽ 500 രൂപാ വരെ | ,, 7½ ,, |
| 500 രൂപാ മുതൽ മേല്പോട്ടു് | ,, 6 ,, |

ESTD. 1927

പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്
ഹെഡ്ഡാഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

PC. 2990

വാരാന്ത്യവിചിന്തനം

# നാഗാദേശീയകൗൺസിൽ

ഇൻഡ്യയുടെ വടക്കുകിഴക്കൻ അതിർത്തിപ്രദേശങ്ങളിൽ ജീവിക്കുന്ന നാഗാഗോത്രവർഗ്ഗക്കാർ കുറേക്കാലമായി ഒരു സ്വതന്ത്രനാഗരാഷ്ട്രം സ്ഥാപിക്കണമെന്ന ലക്ഷ്യത്തോടുകൂടി ഗവൺമെൻറിനെതിരായി ഭീകരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരികയായിരുന്നു. 1954 മുതൽ നാഗാപ്രദേശത്തു ഒരു സമാന്തരഗവൺമെൻറ് പ്രവർത്തനം നടത്തുന്നുണ്ടെന്നു നാഗാനേതാക്കന്മാർ അവകാശപ്പെട്ടിട്ടുണ്ട്. നാഗാദേശീയകൗൺസിലാണ് പ്രക്ഷോഭണത്തിൻെറയും ഭീകരപ്രവർത്തനങ്ങളുടെയും നേതൃത്വം വഹിച്ചുപോരുന്നത്. ഇൻഡ്യാഗവൺമെൻറ് നാഗാപ്രദേശത്തു അടുത്തകാലത്തു സുരക്ഷാമായ സൈനികനടപടികളെടുക്കയുണ്ടായി. ഇതിനെത്തുടർന്നു കൗൺസിലിനകത്തു ഭാവിനയത്തെ സംബന്ധിച്ചുണ്ടായ അഭിപ്രായവ്യത്യാസങ്ങളുടെ ഫലമായിട്ടാണ് കൗൺസിലിൻെറ പ്രസിഡൻറായ സപ്പൂ ഫീസോ ഇപ്പോൾ കൗൺസിൽ പിരിച്ചുവിട്ടിരിക്കുന്നതെന്നാണ് വിശ്വസിക്കപ്പെടുന്നത്. കൗൺസിലിലെ മിതവാദിവിഭാഗത്തിൻെറ അഭിപ്രായങ്ങളെ അവഗണിക്കുന്ന തീവ്രവാദിയായ ഫീസോ ഇപ്പോൾ നാഗാപ്രദേശത്തു സൈനികനിയമം പ്രഖ്യാപിച്ചിട്ടുണ്ടെന്നും യുവാക്കന്മാരെ സൈന്യത്തിൽ ബലാല്ക്കാരമായി ചേർക്കുന്നുണ്ടെന്നും പത്രറിപ്പോർട്ടുകളുണ്ട്. നാഗാപ്രദേശത്തു ഗതാഗതസൗകര്യങ്ങൾ നാമമാത്രമായിട്ടേയുള്ളു. അതുകൊണ്ടാണ് ഇവിടെ സമാധാനം സ്ഥാപിക്കുന്നതിനു ഇത്ര കാലവിളംബം നേരിടുന്നത്. ഗോത്രവർഗ്ഗക്കാർ എന്നു പറഞ്ഞതുകൊണ്ടു നാഗന്മാരെല്ലാം കിരാതന്മാരായ തലകൊയ്ത്തുകാരാണെന്നു വിചാരിക്കുന്നതു ശരിയല്ല. ആസ്സാമിലേയും കൽക്കത്തായിലേയും കോളേജുകളിൽ പഠിച്ചു പാശ്ചാത്യവിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരും തനി യൂറോപ്യൻ സമ്പ്രദായങ്ങൾ സ്വീകരിച്ചിട്ടുള്ളവരും നാഗന്മാരുടെയിടയിൽ ധാരാളമുണ്ട്. എന്തു കാരണത്താലോ ഇൻഡ്യാക്കാരോടുള്ളതിൽ കൂടുതൽ ബഹുമാനം ഇവർക്കു വെള്ളക്കാരോടാണ്. ക്രിസ്ത്യൻമിഷണറിമാരെ ഇതിനുവേണ്ടി ചിലർ കുറ്റപ്പെടുത്തിപ്പറയുന്നതു കേട്ടിട്ടുണ്ട്. നാഗാനേതാവായ സപ്പൂഫീസോ നേതാജി സുഭാസ് ചന്ദ്രബോസിൻെറ ഇൻഡ്യൻ ദേശീയ സൈന്യത്തിൽ ഒരു ഉദ്യോഗസ്ഥനായിരുന്നു. 1943-ൽ നാഗാദേശീയ കൗൺസിൽ സ്ഥാപിതമായതു ബ്രിട്ടീഷ് ഗവൺമെൻറിൻെറ നടപടിഅനുസരിച്ചാണ്. ബ്രിട്ടീഷ് ഭരണകാലത്തു നികുതിപിരിക്കുന്നതിനുള്ള അധികാരം നാഗാകൗൺസിലിനുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ നാഗാ കൗൺസിലിൽ അംഗങ്ങൾ മിതവാദികളായിരുന്നു. 1951ൽ കൗൺസിലിൻെറ പ്രസിഡൻറുസ്ഥാനം സപ്പൂഫീസോവിനു ലഭിക്ക[illegible]

യും അന്നു മുതൽ നാഗാദേശീയ കൗൺസിൽ സ്വതന്ത്രരാഷ്ട്രം വേണമെന്നു വാദിക്കുന്നവരുടെ ഒരായുധമായിത്തീരുകയും ചെയ്തു. 1947-ൽ സർ അക്ബർ ഹൈദരി ആസ്സാം ഗവർണർ ആയിരുന്നകാലത്തു നാഗാനേതാക്കന്മാരുമായി ഒരു ഒത്തുതീർപ്പുണ്ടായതാണ്. എന്നാൽ ആസ്സാം മന്ത്രിസഭ ഈ ഒത്തുതീർപ്പിൻെറ സമീപനത്തെ എതിർക്കുന്നതുകൊണ്ടാണെന്നു പറയപ്പെടുന്നു, അതിലെ വ്യവസ്ഥകൾ നടപ്പിൽ വരുന്നതിനു ഇടയായില്ല. ഇങ്ങനെയുണ്ടായ ഇച്ഛാഭംഗമാണ് സ്വതന്ത്രരാഷ്ട്രവാദത്തിനു നാഗാനേതാക്കന്മാരെ പ്രേരിപ്പിച്ചതെന്നാണ് ഒരഭിപ്രായം. നാഗാപ്രദേശം ആസ്സാമിൻെറ ഒരു ഭാഗമായിരിക്കണം, [illegible] ലെസമതലജനങ്ങളുടെയിടയിലെ സ്വാധീനശക്തിയുള്ള അഭിപ്രായം. ഭാഷ, വസ്ത്രധാരണരീതി, ഭക്ഷണക്രമം, ആചാരമര്യാദകൾ, മതാചാരങ്ങൾ, ജീവിതരീതി എന്നിങ്ങനെ എല്ലാത്തരത്തിലും നാഗന്മാർ സമതലങ്ങളിലെ അസ്സാമീസ് ജനങ്ങളിൽനിന്നും വിഭിന്നരാണ്. സമതലങ്ങളിലെ രാഷ്ട്രീയശക്തിയുള്ള ജനങ്ങൾ തങ്ങളെ സമന്മാരായി കരുതാതെ അപരിഷ്കൃതന്മാരായി അവഗണിക്കുന്നുവെന്നുള്ളതാണ് നാഗന്മാരുടെ അസംതൃപ്തിയുടെ അടിസ്ഥാനകാരണം. "സംസ്കാരസമ്പന്നരായ" ആസ്സാമീസു ജനങ്ങൾക്കു മലജാതിക്കാരോടുള്ള അവജ്ഞ കുറഞ്ഞുവരുന്നതിനു കാലതാമസം വരുന്നതു നാഗാപ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ട്. നാഗന്മാരുടെ കഴിവുകൾ വളരെ പരിമിതമായിരിക്കുന്ന സ്ഥിതിക്കു നാഗാമലകളിൽ സമാധാനം സ്ഥാപിക്കുന്നതിനു ഇൻഡ്യാഗവൺമെൻറിനു വലിയ പ്രയാസമുണ്ടാകയില്ല. പക്ഷേ നാഗന്മാരുടെ അഗാധമായ അസംതൃപ്തിക്കു കൂടി പരിഹാരം കാണാതെ ഈ പ്രശ്നത്തിനു പൂർണ്ണമായ അവസാനമുണ്ടാകുമെന്നു തോന്നുന്നില്ല.

# നിര്യാതനായി



റവ. ഫാദർ അഗസ്റ്റിൻ മുണ്ടഞ്ചേരി

പെരുമാനൂർ സെൻറു ജോർജ്ജ്സ് പള്ളി വികാരി റവ. ഫാദർ അഗസ്റ്റിൻ മുണ്ടഞ്ചേരി അവർകൾ ഹെറണിയാസംബന്ധിച്ച ഒരോപ്പറേഷനു വിധേയനായശേഷം എറണാകുളം ആശുപത്രിയിൽവച്ചു മേയ്മാസം 14-ാംനു തിങ്കളാഴ്ച രാവിലെ ഏഴരമണിക്കു നിര്യാതനായിരിക്കുന്നു. വന്ദ്യപാദരുടെ മൃതദേഹം പെരുമാനൂർപള്ളിയിൽ സ്ഥാപിച്ചു ആത്മശാന്തിക്കായുള്ള തിരുകർമ്മങ്ങൾ നിർവ്വഹിക്കപ്പെടുകയും നാനാജാതിമതസ്ഥരായ അദ്ദേഹത്തിൻെറ സുഹൃത്തുക്കൾ അന്ത്യോപചാരങ്ങൾ നിർവ്വഹിക്കയും ചെയ്തുകൊണ്ടിരുന്നു. ചൊവ്വാഴ്ച 8മണിക്കു ശവസംസ്കാരശുശ്രൂഷകൾ സമാരംഭിച്ചു. 10 മണിക്കു വരവുകാട്ടു കപ്പേളപള്ളിയിൽ പ്രത്യേകം സജ്ജമാക്കിയ കല്ലറയിൽ മൃതദേഹം യഥാവിധി സംസ്കരിക്കപ്പെട്ടു.

R. I. P.

## വൻനയപരിവർത്തനം

റഷ്യൻ പരിവർത്തനങ്ങളെ പരാമർശിച്ചുകൊണ്ടു സർ വിൻസ്റ്റൺ ചർച്ചിൽ ഈയിടെ പശ്ചിമജർമ്മനിയിൽ പ്രസംഗിക്കുകയുണ്ടായി. ജോസഫ് സ്റ്റാലിൻെറ യത്നങ്ങളെ റഷ്യ നിരാകരിക്കുന്നതു ആത്മാർത്ഥതയോടുകൂടിയാണെങ്കിൽ ഏകീകൃതമായ ഒരു യൂറോപ്പിൽ അർഹിക്കുന്ന സ്ഥാനം റഷ്യക്കു കൊടുക്കേണ്ടതാണെന്നു അദ്ദേഹം പറഞ്ഞു. പക്ഷേ അ[illegible] ഉത്തരഅറ്റ്ലാൻറിക്ക് സഖ്യത്തിൻെറ പരിപാടികളിൽ സഖ്യശക്തികൾ യാതൊരു ഉത്സാഹക്കുറവും കാണിക്കരുതെന്നും യുദ്ധംകൊണ്ടു മനസ്സു മടുത്ത ഒരു ലോകം യുദ്ധം ഒഴിവാക്കാൻ ഉതകുന്നതായി കണ്ട ഏകമാർഗ്ഗമാണ് ഉത്തരഅറ്റ്ലാൻറിക്ക സഖ്യമെന്നുമാണ് അദ്ദേഹം തുടർന്നു പറഞ്ഞതു്. പശ്ചിമരാഷ്ട്രങ്ങളുടെ രക്ഷയുടെ പ്രധാന ഉപാധിയാണ് "നാറ്റോ" സഖ്യമെന്നും അദ്ദേഹം പ്രസ്താവിച്ചു. റഷ്യയുടെ നയംമാററം ആത്മാർത്ഥമാണെങ്കിൽ പശ്ചിമരാഷ്ട്രങ്ങൾക്ക് ഒരു പുതിയ റഷ്യയുമായിട്ടാണ് ഇടപെടേണ്ടതെന്നും സ്റ്റാലിൻെറ യുദ്ധാനന്തരനയത്തിൻെറ ഫലമാണ് "നാറ്റോ"യുടെ ഉത്ഭവമെന്നും ചർച്ചിൽ എടുത്തുപറയുകയുണ്ടായി. പശ്ചിമരാഷ്ട്രങ്ങളിൽ റഷ്യൻനയപരിവർത്തനങ്ങളെപ്പററിയുള്ള സർവ്വസാധാരണമായ അഭിപ്രായഗതിയുടെ പ്രതിഫലനമാണ് ചർച്ചിലിൻെറ പ്രസംഗം. റഷ്യയുടെ നയംമാററം ആത്മാർത്ഥമാണെ[illegible] വസ്ഥയറിയാതെ ശീതസമരത്തിലോ ആയുധമത്സരത്തിലോ ഉദാസീനത കാണിക്കാവുന്നതല്ല. ഈവിധത്തിലാണ് പശ്ചിമരാഷ്ട്രങ്ങളുടെ അഭിപ്രായഗതി. റഷ്യയുടെ നയപരിവർത്തനംമൂലമായി കിഴക്കും പടിഞ്ഞാറും തമ്മിൽ പരസ്പരം ചിന്താക്കുഴപ്പങ്ങൾ പ്രത്യക്ഷപ്പെടാതെയുമിരുന്നിട്ടില്ല. നയപരിവർത്തനം റഷ്യൻശീതസമരത്തിൻെറ ഒരു പുതിയ അടവാണെന്നു കരുതുന്നവരും കുറവല്ല.

## നിരായുധീകരണം

ഐക്യരാഷ്ട്രസംഘടനയുടെ നിരായുധീകരണ സബ്കമ്മിററി ലണ്ടനിൽവച്ചു നടത്തിയ ചർച്ചകൾ ഏതാനും ദിവസങ്ങൾക്കുമുമ്പു അവസാനിക്കയുണ്ടായി. ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, കാനഡാ, റഷ്യ എന്നീ രാഷ്ട്രങ്ങളാണ് ഈ ചർച്ചകളിൽ പങ്കെടുത്തതു്. ഈ ചർച്ചകളുടെ ഫലമായി നിരായുധീകരണത്തെ സംബന്ധിച്ച് യാതൊരു ഒത്തുതീർപ്പുമുണ്ടായില്ല. അങ്ങനെ സംഭാഷണങ്ങൾ പരാജയപ്പെട്ടു. ചതുശ്ശക്തിത്തലവന്മാരുടെ ഉന്നതതലസമ്മേളനത്തിൻെറ നിശ്ചയങ്ങളിൽ ഒന്നു് നിരായുധീകരണത്തിൻെറ വിവിധ പ്രശ്നങ്ങൾ ഐക്യരാഷ്ട്രസംഘടനയുടെ സബ്കമ്മിററിയുടെ പരിഗണനയ്ക്കു വിട്ടുകൊടുക്കണമെന്നുള്ളതായിരുന്നു. സബ് കമ്മിററിയുടെ പരിഗണനയ്ക്കു റഷ്യയും പശ്ചിമരാഷ്ട്രങ്ങളും ഒന്നിലധികം പദ്ധതികൾ ഉന്നയിക്കയുണ്ടായി. അവസാനം യാതൊരു ഒത്തുതീർപ്പിനും മാർഗ്ഗം കാണാൻ കഴിയാതെ വന്നതു് വിമാനത്തിൽ പറന്നു അന്യരാജ്യങ്ങളിൽ പരിശോധന നടത്തുന്നതിനു രാഷ്ട്രങ്ങൾക്കു അവകാശമുണ്ടായിരിക്കണമെന്നുള്ള പശ്ചിമരാഷ്ട്രങ്ങളുടെ നിർദ്ദേശം നിമിത്തമുള്ള പ്രശ്നംമൂലമാണ്. പ്രസിഡണ്ടു ഐസനോവറാണ് ഈ നിർദ്ദേശം ആദ്യമായി ഉന്നയിച്ചതു്. നിരായുധീകരണം യഥാർത്ഥത്തിൽ നടപ്പിൽ വരുത്തുന്നുണ്ടോയെന്നു് ഓരോ രാജ്യത്തിലും പരിശോധന നടത്തിയില്ലെങ്കിൽ സമരവാസനയുള്ള ഒരു രാജ്യത്തിനു മററു രാജ്യങ്ങളെ വഞ്ചിക്കാൻ സാധിക്കുമെന്നുള്ള ഭയം നിമിത്തമാണ് പശ്ചിമരാഷ്ട്രങ്ങൾ ഈ പ്രശ്നത്തിനു ഇത്ര പ്രാധാന്യം കൊടുത്തിരിക്കുന്നതു്. നിരായുധീകരണത്തെ സംബന്ധിച്ചിടത്തോളം പെട്ടെന്നു ഒരു ഒത്തുതീർപ്പുണ്ടാകുക എളുപ്പമല്ല. യുദ്ധം, കൂട്ടക്കൊലയും ഭീഷണിയുമില്ലാതെയുമുള്ള ഒരു ലോകത്തിൽ ജനിച്ചുവളർന്നുവരുന്ന ഒരു തലമുറയ്ക്കു മാത്രമേ നിരായുധീകരണത്തിൻെറ കാര്യത്തിൽ പരസ്പരം വിശ്വസിക്കുവാൻ ധൈര്യം വരികയുള്ളു. എത്രയേറെ സാമ്പത്തികവിഭവങ്ങളാണ് മനുഷ്യജാതിയുടെ അഭിവൃദ്ധിക്കു വേണ്ടി ഉപയോഗിക്കപ്പെടാതെ നശീകരണശക്തിയുള്ള ആയുധങ്ങളുടെ നിർമ്മാണത്തിനുവേണ്ടി രാഷ്ട്രങ്ങൾ ദുർവ്യയം ചെയ്യുന്നതെന്നുള്ള ബോധം വളരെക്കാലംകൊണ്ടു മാത്രമേ അന്താരാഷ്ട്രീയനയങ്ങളുടെമേൽ പ്രേരണ ചെലുത്താൻ ഇടയുള്ളു.

—ാ—

(8-ാം പേജ് തുടർച്ച)

**അരുവിത്തുറ:** സ്ഥലത്തു് ബ. കപ്പൂച്ചിൻ വൈദികർ നടത്തിയ മിഷ്യൻധ്യാനത്തോടനുബന്ധിച്ചു സത്യബോധനസഖ്യത്തിൻെറ ഒരു ശാഖ ഏപ്രിൽ 29-ാംനു റവ ഫാദർ ഗ്രേഷ്യൻ O F M Cap. അവർകൾ ഉൽഘാടനം ചെയ്തു. എഴുപതുപേർ അംഗങ്ങളായി ചേർന്നു. ശ്രീ കുരുവിള സെബാസ്റ്റ്യൻ അവർകളെ പ്രസിഡൻറായി നിയമിച്ചു.

**പരിയാരം:** ഈ പള്ളി ഇടവക വടശ്ശേരി ചാക്കണ്ണി മകൾ അന്നത്തിനു (സി ബസാനിയോൻ) തൃശ്ശൂർമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു മേയ്മാസം 8-ാംനു കാലത്തു 9 മണിക്കു കരുവന്നൂർ ക്ലാരമഠത്തിൽവെച്ചു സഭാവസ്ത്രം നൽകുകയുണ്ടായി.

**മേലൂർ:** മേലൂർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ 24-ാംവാർഷികം മെയ് 6-ാംനു പള്ളി അങ്കണത്തിൽ, റവ. ഫാദർ ആൻറണി മാളേയ്ക്കൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൊണ്ടാടി. തദവസരത്തിൽ A G അഗസ്റ്റിൻ B A B L, റവ ബ്ര. മഞ്ഞളി എന്നിവർ പ്രസംഗിച്ചു.

**ഉപ്പുതറ:** 1956 മെയ് 30-ാം തീയതി ഉച്ചകഴിഞ്ഞു 4മണിക്കു മേരി കുളത്തു് വിശുദ്ധ 10-ാംപിയൂസ് മാർപ്പാപ്പായുടെ നാമത്തിൽ പണിയുവാൻ പോകുന്ന തിരുഹൃദയമഠത്തിൻെറ കല്ലിടീൽകർമ്മം ഉപ്പുതറപള്ളിയുടെ വികാരി നിർവ്വഹിച്ചു.


## ചരമവാർത്തകൾ

**അരുവിത്തുറ:** സ്ഥലത്തെ മണ്ണവേത്തിക്കുന്നേൽ ചാക്കോ വക്കി 27-ാമത്തെ വയസ്സിൽ ഏപ്രിൽ 30-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. പിറേറദിവസം റവ ഫാദർ ററി സി ജോസഫ് B A അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ സംസ്കാരകർമ്മങ്ങൾ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**പരിയാരം:** ഈ പള്ളി ഇടവക കീഴക്കൂടൻ ചാക്കപ്പൻ കുഞ്ഞുവറീത്ത 55-ാമത്തെ വയസ്സിൽ മെയ് 8-ാംനു തൃശ്ശൂർ ആസ്പത്രിയിൽവച്ചു നിര്യാതനായിരിക്കുന്നു. ശവസംസ്കാരം അനുതന്നെ പല വൈദികരുടേയും ഒട്ടേറെ നാട്ടുകാരുടേയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

R. I. P.

പ്യാരി (REGD) ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു, പുഴുക്കടി നിറഭേദങ്ങൾ മുതലായവയ്ക്കു്
PYARY PRODUCTS (REGD) T.C.S



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജോസഫ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 2 | MAY 16, ERNAKULAM | No 39


## മതപ്രചാരണാവകാശം

സത്യമതതത്വങ്ങൾ വസ്തുനിഷ്ഠങ്ങളാണെന്നും, ഒരു മതം സത്യമതമാകണമെങ്കിൽ ദൈവം മനുഷ്യനു വെളിപ്പെടുത്തിയിട്ടുള്ള എല്ലാ സത്യങ്ങളും അനുഷ്ഠാനക്രമങ്ങളും അതു പൂർണ്ണമായും ഉൾക്കൊള്ളണമെന്നും, അങ്ങിനെയുള്ള സത്യമതം ഒന്നിലധികം ഉണ്ടാവുക സാദ്ധ്യമല്ലെന്നും കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ വിശദമാക്കിയിരുന്നു. ഈ സത്യമതത്തെ അറിഞ്ഞു അംഗീകരിക്കുക എന്നതാണ് ഓരോ മനുഷ്യവ്യക്തിയുടേയും പ്രമുഖമായ കർത്തവ്യം. അങ്ങിനെ ഒരു വ്യക്തി തന്നോടുതന്നെയുള്ള കർത്തവ്യം നിർവ്വഹിച്ചുകഴിഞ്ഞാൽ— സത്യമതത്തെ കണ്ടെത്തിക്കഴിഞ്ഞാൽ— സ്വാഭാവികമായിത്തന്നെ, സമൂഹജീവിയായ അവൻ അവന്റെ വിശ്വാസത്തെ സഹസൃഷ്ടികൾക്കു കാണിച്ചുകൊടുക്കുന്നതിനുത്സുകനാകുന്നു. ഇപ്രകാരം മതവിശ്വാസം ഒരു വ്യക്തിയിൽ ദൃഢമായുണ്ടാകുമ്പോൾ മതപ്രചാരണകർത്തവ്യവും അവനു സ്വാഭാവികമായി തന്നെ വന്നുചേരുന്നു. അതുകൊണ്ടാണു് മതപ്രചാരണസ്വാതന്ത്ര്യം മനുഷ്യന്റെ ഒരു മൗലികാവകാശമാണു് എന്നു പറയപ്പെടുന്നതു്. മതപ്രചാരണം സംബന്ധിച്ചു സുസ്ഥാപിതമായ ദൈവവെളിപാടുകളിൽ നൽകപ്പെട്ടിട്ടുള്ള ദിവ്യാജ്ഞകൾ സുവിശദങ്ങളാണു്.

ചങ്ങനാശ്ശേരി പാലാ രൂപതകളിലെ അഖിലകേരളചെറുപുഷ്പമിഷ്യൻലീഗു ശാഖകളുടെ ഒരുമിപ്പിച്ചുള്ള വാർഷികം ചെമ്മലമററത്തുവച്ചു കഴിഞ്ഞ ആഴ്ചയിൽ ആഘോഷിച്ച അവസരത്തിൽ അതിന്റെ സമാപനപൊതുയോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച എറണാകുളം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക് റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് ഈ വിഷയത്തെ പരാമർശിച്ചു അവിടുത്തെ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചതിപ്രകാരമാണു്:—

"നിങ്ങൾ പോയി സകല ജാതികളേയും പഠിപ്പിക്കുക" എന്നാണു ദിവ്യരക്ഷകന്റെ ആജ്ഞ. ആകയാൽ സുവിശേഷപ്രചാരണം നമ്മുടെ അനുപേക്ഷണീയമായ ചുമതലയാണെന്നും ക്രിസ്തുമതത്തിന്റെ ഒരു പ്രായോഗികഘടകമാണെന്നും സിദ്ധിക്കുന്നു. അതുകൊണ്ടു ക്രിസ്തുമതം അനുഷ്ഠിക്കുവാൻ നമുക്കു അവകാശവും സ്വാതന്ത്ര്യവുമുണ്ടെങ്കിൽ, അക്കാരണത്താൽതന്നെ ക്രിസ്തുമതം ക്രമസമാധാനങ്ങൾക്കു ഭംഗം വരാത്തവിധത്തിൽ പ്രചരിപ്പിക്കാനും നമുക്കു അവകാശവും സ്വാതന്ത്ര്യവുമുണ്ടായിരിക്കണം. മതപ്രചാരണസ്വാതന്ത്ര്യം നമുക്കില്ലെങ്കിൽ ക്രിസ്തുമതം അനുഷ്ഠിക്കുവാൻ അവകാശവും സ്വാതന്ത്ര്യവുമുണ്ടെന്ന പ്രസ്താവം അർത്ഥശൂന്യമായിരിക്കും.

നമ്മുടെ മാതൃരാജ്യമായ ഇൻഡ്യയുടെ ഭരണഘടന 25-ാം വകുപ്പിൽ മതാനുഷ്ഠാനത്തിനും മതപ്രചാരണത്തിനുമുള്ള മൗലികാവകാശം യഥാവിധി അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ആ വകുപ്പു ഇപ്രകാരമാണു്: "Subject to public order, morality and health ...all persons are equally entitled to freedom of conscience and the right freely to profess, practise and propagate religion." (പൊതുക്രമത്തിനും സന്മാർഗ്ഗത്തിനും ആരോഗ്യത്തിനും ഹാനി വരാത്തവണ്ണം...എല്ലാ മനുഷ്യർക്കും ഒരുപോലെ മനസ്സാക്ഷി സ്വാതന്ത്ര്യവും ഏതെങ്കിലും മതം അനുസരിക്കുന്നതിനും പ്രായോഗികമായി അനുഷ്ഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യവും ഉണ്ടായിരിക്കുന്നതാണു്.) മേല്പറഞ്ഞതു വാസ്തവത്തിൽ, ഭരണഘടന 10-ാം വകുപ്പിൽ അന്തർലീനമായിട്ടുള്ളതാണു്. പ്രസ്തുതവകുപ്പിൽ ഇങ്ങനെ പറയുന്നു:

1) All citizens have the right:- (എല്ലാ പൗരന്മാർക്കും താഴെ ചേർക്കുന്ന അവകാശങ്ങളുണ്ടു്)

a) to freedom of speech and expression (സംസാരസ്വാതന്ത്ര്യം)

b) to assemble peacefully and without arms (സമ്മേളനസ്വാതന്ത്ര്യം)

c) to form associations or unions (സംഘടനാസ്വാതന്ത്ര്യം)

d) to move freely throughout the territory of India (സഞ്ചാരസ്വാതന്ത്ര്യം)

e) to reside and settle in any part of the territory of India (കുടിയേററസ്വാതന്ത്ര്യം)

സംഘടനാസ്വാതന്ത്ര്യത്തിൽ മതസംഘടനയുടെ അംഗമായിരിക്കാനുള്ള സ്വാതന്ത്ര്യവും സംസാരസ്വാതന്ത്ര്യത്തിൽ മതപ്രചാരണത്തിനുള്ള സ്വാതന്ത്ര്യവും സഞ്ചാരസ്വാതന്ത്ര്യത്തിലും കുടിയേററസ്വാതന്ത്ര്യത്തിലും വിദേശമിഷൻപ്രദേശങ്ങളിൽ വേലചെയ്യാനുള്ള സ്വാതന്ത്ര്യവും പരോക്ഷമായി അടങ്ങിയിരിപ്പുണ്ടു്.

മേല്പറഞ്ഞ സ്വാതന്ത്ര്യങ്ങളും മൗലികാവകാശങ്ങളും യഥാർത്ഥത്തിൽ രാഷ്ട്രം നൽകുന്നവയല്ല. അവ ദൈവദത്തങ്ങളാണു്. രാഷ്ട്രം അവ അംഗീകരിക്കുക മാത്രമാണു് ചെയ്യുന്നതു്. അവ രാഷ്ട്രം നൽകുന്നവയാണെങ്കിൽ, അവ എടുത്തുകളയാനും രാഷ്ട്രത്തിനു അവകാശമുണ്ടായിരുന്നേനെ. എന്നാൽ അവ അപ്രകാരം എടുത്തുകളയാവുന്നവയല്ല. ആകയാൽ "fundamental rights given by the state" (രാഷ്ട്രം നൽകിയ മൗലികാവകാശങ്ങൾ) എന്ന പ്രയോഗത്തിൽ പ്രമാദമുണ്ടു്. "Fundamental rights recognized by the state" (രാഷ്ട്രം അംഗീകരിച്ചിരിക്കുന്ന മൗലികാവകാശങ്ങൾ) എന്നാണു പറയേണ്ടതു്. ഇതിൽനിന്നും വ്യത്യസ്തമായ ചില പ്രസ്താവനകൾ ചിലപ്പോൾ പത്രമാസികകളിൽ കാണാൻ ഇടവരുന്നതുകൊണ്ടു്, പ്രസക്താനുപ്രസക്തമായി ഇത്രയും പ്രസ്താവിച്ചുവെന്നേയുള്ളു.

### ഭാരതത്തിനു മതപരിവർത്തനത്തിന്റെ ആവശ്യമില്ലെന്നോ?

ക്രിസ്തീയമിഷനറിമാരുടെ പ്രവർത്തനത്തിനെതിരായി കൊണ്ടുവരാറുള്ള ഒരാക്ഷേപം India needs no conversion—ഭാരതത്തിനു മതപരിവർത്തനത്തിന്റെ ആവശ്യമില്ല എന്നതാണു്. ആർഷഭാരതത്തിന്റെ പുരാതനസംസ്കാരത്തേയും മതചൈതന്യത്തേയും മററു നേട്ടങ്ങളേയും ആധാരമാക്കി ഇതരജാതിമതസ്ഥരോടൊപ്പം അഭിമാനംകൊള്ളുന്നവരാണു് ഈ നാട്ടിലെ ക്രിസ്ത്യാനികൾ. എന്നാൽ അവയിൽ പോരായ്മയുടെ പഴുതുകളൊന്നുമില്ലെന്നോ ഭാരതത്തിനു പ്രദാനംചെയ്യത്തക്കതായി ക്രിസ്തുമതത്തിന്റെ പക്കൽ യാതൊന്നുമില്ലെന്നോ പറയുകയാണെങ്കിൽ, അതു വെറും സാഹസമായിരിക്കും. ശാസ്ത്രം, രാജ്യമീമാംസ തുടങ്ങിയ പല വിജ്ഞാനശാഖകളിലും ഭാരതം ഇതരരാജ്യങ്ങളോടു കടപ്പെട്ടിരിക്കുന്ന സ്ഥിതിക്കു്, മതവിഷയത്തിൽമാത്രം അപ്രകാരമൊരു കടപ്പാടുണ്ടായാൽ അതു അഭിമാനക്ഷയമായിരിക്കുമെന്ന വാദം മനസ്സിലാക്കാൻ വിഷമമായിരിക്കുന്നു.

മാത്രമല്ല, മതം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയാണു കുറിക്കുന്നതു്. ദൈവത്തിന്റെ നേർക്കു തനിക്കുള്ള കടമകൾ ഏവയെന്നു വ്യക്തമായി കണ്ടശേഷം അവ നിർവ്വഹിക്കുവാൻ താൻ ഏതു മതത്തിന്റെ അംഗമായിരിക്കണമെന്നും മനസ്സാക്ഷിയുടെ പ്രചോദനാനുസരിച്ചു് താൻ മതപരിവർത്തനം ചെയ്യേണ്ടതു് ആവശ്യമാണോയെന്നും തീരുമാനിക്കുവാൻ ഏതൊരു വ്യക്തിക്കും സ്വാതന്ത്ര്യമുണ്ടായിരിക്കണം. നിയമനിർമ്മാണംവഴിയോ രാഷ്ട്രീയ സമ്മർദ്ദംചെലുത്തിയോ ഈ സ്വാതന്ത്ര്യത്തെ ഹനിക്കുവാൻ പാടുള്ളതല്ല. അതുകൊണ്ടത്രെ അടുത്തകാലത്തു ഇൻഡ്യൻ പാർലമെന്റിൽ (ലോക്സഭയിൽ) അവതരിപ്പിക്കപ്പെട്ട മതപരിവർത്തനനിയന്ത്രണബിൽ നിരാകരിക്കപ്പെട്ടതു്. തദവസരത്തിൽ ശ്രീ പണ്ഡിററ് നെഹ്റു സ്വതസ്സിദ്ധമായ ഹൃദയവിശാലതയോടെ ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം പ്രത്യേകം ശ്രദ്ധേയമാണു്: "ക്രിസ്തുമതത്തിനു ഇന്ത്യയിൽ 2000 വർഷത്തെ പഴക്കമുണ്ടു്. അതു് ഇന്ത്യയിലെ പ്രധാനമതങ്ങളിൽ ഒന്നാണു്. നമ്മുടെ ക്രിസ്ത്യൻസുഹൃത്തുക്കൾക്കും സഹപൗരന്മാർക്കും മർദ്ദനപരമോ അക്രമപരമോ ആയി ഭവിക്കാവുന്ന യാതൊന്നും നാം ചെയ്തുകൂടാ."

ഈ പ്രസംഗത്തിൽനിന്നു മതപ്രചാരണസ്വാതന്ത്ര്യം മനുഷ്യന്റെ ഒരു മൗലികാവകാശമാണെന്നും, മഹത്തായ ഇന്ത്യൻ ഭരണഘടന ഈ തത്വത്തെ സുവ്യക്തമായി അംഗീകരിക്കുന്നുവെന്നും, ഇന്ത്യയിൽ ഇരുപതുനൂററാണ്ടുകാലത്തെ പാരമ്പര്യവും സാമൂഹികസേവനം തുടങ്ങിയ രംഗങ്ങളിൽ പ്രശസ്തമായ യശസ്സും സമാർജ്ജിച്ചിട്ടുള്ള ഇവിടത്തെ ക്രിസ്ത്യാനികൾക്കു ഈ അവകാശസ്വാതന്ത്ര്യങ്ങളിൽ തികഞ്ഞ അർഹതയും അനിഷേധ്യമായ സ്ഥാനമുണ്ടെന്നു രാഷ്ട്രമധാവികൾപോലും അംഗീകരിക്കുന്നുവെന്നും വിശദമാകുന്നുണ്ടല്ലോ. അങ്ങനെയെല്ലാമാണെങ്കിലും ഇന്ത്യയിൽ വർഗ്ഗീയവാദികൾ മതപ്രചാരണസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നതിനുള്ള സാഹസികയത്നങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതായും പല അനിഷ്ടസംഭവങ്ങളും അങ്ങിങ്ങായി നടന്നുകൊണ്ടിരിക്കുന്നതായും നാമറിയുന്നു. നീതിവിരുദ്ധവും ശിക്ഷാർഹവുമായ പ്രസ്തുത സംരംഭങ്ങളെ മുളയിൽതന്നെ കിള്ളിക്കളയുന്നതിനു ഭരണമേധാവികൾ അതീവം ശ്രദ്ധാലുക്കളായിരിക്കേണ്ടതു് രാഷ്ട്രത്തിന്റെ സുസ്ഥിതിക്കും ജനതയുടെ സമാധാനജീവിതത്തിനും അനുപേക്ഷണീയമാണു്.

## വിജ്ഞാപനം

യുവതീയുവാക്കന്മാർക്കു അവരുടെ ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്നതിനും, മാതാപിതാക്കന്മാർക്കും രക്ഷാകർത്താക്കന്മാർക്കും അവരുടെ കീഴിലുള്ളവരുടെ ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്നതിൽ സഹായനിർദ്ദേശങ്ങൾ നൽകുന്നതിനും മാർഗ്ഗദർശകമാകത്തക്കവണ്ണം വേണ്ട അറിവു നൽകുന്നതിനു ഒരു "ദൈവവിളിപ്പതിപ്പു്" (Vocation Issue) സത്യദീപത്തിന്റേതായി പ്രസിദ്ധീകരിക്കണമെന്നു ഞങ്ങളുടെ മാന്യവായനക്കാരിൽ പലരും അഭ്യർത്ഥിച്ചിട്ടുള്ളതിനെ ആദരിച്ചു മേയ് 30-ാംതിയതിയിലെ പത്രം "ദൈവവിളിപ്പതിപ്പാ"യി പുറപ്പെടുന്നതാണു്. ഈ സ്പെഷലിന്റെ ജോലികൾ പ്രമാണിച്ചു അടുത്ത ബുധനാഴ്ച പത്രം പുറപ്പെടുന്നതല്ല.— പത്രാധിപർ.

## പ്രസാധകക്കുറിപ്പുകൾ

### കമ്മ്യൂണിസ്റ്റ് അനുഭാവം ഐ. എൻ. ടി. യു. സി. യുടെ നേർക്കു്

ഇന്ത്യൻ നാഷനൽ ട്രേഡ്യൂണിയൻ കോൺഗ്രസ്സിന്റെ പുതിയ പ്രസിഡണ്ടു് മി എസ് ആർ വാസവദ സൂററിൽവച്ചു ഒരു പ്രസ്കോൺഫറൻസിൽ, കമ്മ്യൂണിസ്റ്റുനിയന്ത്രിതമായ അഖിലേന്ത്യാ ട്രേഡ്യൂണിയൻകോൺഗ്രസ് ഒരു പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ ഐ എൻ ടി യു സി യുമായി ഒത്തുചേർന്നു പ്രവർത്തിക്കാമെന്നു നൽകിയിട്ടുള്ള ഓഫറിനെ പരാമർശിച്ചുകൊണ്ടു് പ്രസ്താവിച്ചതു്, കമ്മ്യൂണിസ്റ്റുകാരോടു് ഇന്ത്യൻ തൊഴിലാളികൾ സഹൃദയമായി വർത്തിക്കണമെന്നവർ പ്രതീക്ഷിക്കുന്നതിനു മുമ്പായി അവരുടെ ആത്മാർത്ഥതയ്ക്കു ഖണ്ഡിതരൂപത്തിലുള്ള കൂടുതൽ തെളിവുകൾ കമ്മ്യൂണിസ്റ്റുകൾ നൽകേണ്ടിയിരിക്കുന്നു എന്നാണു്. തുടർന്നദ്ദേഹം പറഞ്ഞു: കമ്മ്യൂണിസ്റ്റുകൾ തൊഴിലാളി ഐക്യത്തിനുവേണ്ടി ആഹ്വാനം ചെയ്തിരിക്കുന്നു. എന്നാൽ ഇന്ത്യൻ തൊഴിലാളികൾ അവഗാഢം ചിന്തിച്ചതിനുശേഷമേ കമ്മ്യൂണിസ്റ്റുപാർട്ടിയുമായി സഖ്യത്തിനൊരുങ്ങുകയുള്ളു. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പൂർവ്വചരിത്രം ദേശാഭിമാനവിരുദ്ധവും ശിഥിലീകരണപരവുമായ രൂപത്തിലുള്ളതാണു്, എന്നു്. ഐ എൻ ടി യു സി യെ പാട്ടിലാക്കാനുള്ള കമ്മ്യൂണിസ്റ്റുകളുടെ തന്ത്രങ്ങൾ പ്രബുദ്ധമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആ സംഘടനയുടെ അടുത്തു വിലപ്പോകുകയില്ലെന്നുള്ളതു എല്ലാവർക്കുമറിയാം. എങ്കിലും മോസ്കോയുടെ ഇപ്പോഴത്തെ നയവ്യതിയാനത്തിൽ കമ്മ്യൂണിസ്റ്റുകൾ പല പുതിയ നൃത്തങ്ങളും ചവിട്ടുന്നതിൽ ഒന്നാണു് ഈ ശ്രമവുമെന്നേ വിചാരിക്കേണ്ടതുള്ളു. ഇന്ത്യയുടെ ഒന്നാംപഞ്ചവത്സരപദ്ധതിയെ അങ്ങേയററം ഭർത്സിച്ചിരുന്ന അക്കൂട്ടർ ഇപ്പോൾ പ്ലേററു മാററിയിട്ടു് ഭരണത്തിന്റെ നേട്ടങ്ങളെ പാടിപ്പുകഴ്ത്തുന്നതിനും, രണ്ടാംപഞ്ചവത്സരപദ്ധതിക്കു സകല സഹായസഹകരണങ്ങളും നൽകി അതിനെ വിജയിപ്പിക്കുന്നതിനും മുന്നോട്ടു വന്നിരിക്കുകയാണല്ലോ. കമ്മ്യൂണിസത്തിന്റെ അടിസ്ഥാനതത്വങ്ങളേയും ആദർശലക്ഷ്യങ്ങളേയും പ്രവർത്തനനയങ്ങളേയുംപററി അറിയാവുന്നവർക്കറിയാം ഈ അഭിനയത്തിലൊന്നും ആത്മാർത്ഥതയ്ക്കു സ്ഥാനമുണ്ടാകാൻ സാദ്ധ്യമല്ലെന്നു്. അതുകൊണ്ടാണു് ശ്രീ എസ് ആർ വാസവദ അപ്രകാരം ആവശ്യപ്പെടുന്നതു്, അവരുടെ ആത്മാർത്ഥതയെ ഖണ്ഡിതമായ രൂപത്തിൽ വ്യക്തമാക്കുക എന്നു്; അവരുടെ കമ്മ്യൂണിസ്റ്റുപ്രേമം ഉപേക്ഷിച്ചു് ഇന്ത്യയോടു ആത്മാർത്ഥമായ കൂറു പ്രകടമാക്കുക എന്നു്. ഇന്ത്യൻ നാഷനൽ ട്രേഡ്യൂണിയൻ കോൺഗ്രസ്സിന്റെ 8-മതു വാർഷികം ഇയ്യിടെ ആഘോഷിച്ച അവസരത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ ജവഹർലാൽ നെഹ്റു അതിലേക്കയച്ചുകൊടുത്ത ഒരു സന്ദേശത്തിലും ഈ കാര്യമാണു് ഉൾക്കൊള്ളിച്ചിട്ടുള്ളതു്. അദ്ദേഹം പറഞ്ഞു:- "പണിമുടക്കുകൾക്കോ ലോക്കൗട്ടുകൾക്കോ ഉള്ള മൗലികകാരണങ്ങൾ അപ്രത്യക്ഷമാകണം. അത്തരം സംഘട്ടനങ്ങൾ ഉണ്ടാകുന്നിടത്തു സമാധാനപൂർവ്വമായ ഒത്തുതീർപ്പിൽ എത്തിച്ചേരുന്നതിനു് ന്യായവും നിഷ്പക്ഷവുമായ മാർഗ്ഗങ്ങൾ തേടണം. തൊഴിലാളികളുടെ ക്ഷേമം ദേശീയ ഉൽപാദനവർദ്ധനവിനെ ആശ്രയിച്ചിരിക്കുന്നു. വ്യവസായങ്ങളുടെ നടത്തിപ്പിൽ തൊഴിലാളികൾക്കും പങ്കുനൽകി മാനേജുമെന്റും തൊഴിലാളികളും തമ്മിലുള്ള വ്യത്യാസം ക്രമേണ ഇല്ലാതാക്കണം." ദേശീയതാല്പര്യങ്ങളെ മുൻനിർത്തിയും സഹകരണമനോഭാവത്തോടുകൂടിയുമുള്ള ഈ പദ്ധതിയെവിടെ; വർഗ്ഗസമരത്തിലും വിപ്ലവത്തിലും അടിയുറച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റു പരിപാടിയെവിടെ?

x x x

### ഡബ്ളിയു. എഫ്. ടി. യു. കോമിൻഫോമിന്റെ സ്ഥാനമെടുക്കുമോ?

ആഗോളട്രേഡ്യൂണിയൻഫെഡറേഷൻ (ഡബ്ളിയു. എഫ്. ടി. യു.) അവലംബിക്കുന്ന പരിപാടികൾ പരിശോധിച്ചാൽ, അതു് ഇയ്യിടെ സോവ്യററുഷ്യ പിരിച്ചുവിട്ട കോമിൻഫോം എന്ന കമ്മ്യൂണിസ്റ്റുസംഘടനയുടെ സ്ഥാനം കരസ്ഥമാക്കാനൊരുങ്ങുന്നോ ശ്രമമെന്നു സംശയിക്കപ്പെടണമെന്നാണു് ഒരു പ്രസിദ്ധനായ സാമൂഹികശാസ്ത്രജ്ഞൻ ഒരു ലേഖനത്തിൽ സമർത്ഥിച്ചിരിക്കുന്നതു്. ട്രേഡ്യൂണിയൻ സംഘടനകളെ സ്വാധീനിക്കുന്നതിനും അധീനപ്പെടുത്തുന്നതിനുംവേണ്ടി കമ്മ്യൂണിസ്റ്റുകാർ ദീർഘകാലം പരിശ്രമിച്ചതിന്റെ ഫലമായിട്ടാണു് 1945-ൽ ഡബ്ളിയു. എഫ്. ടി. യു. രൂപംപ്രാപിച്ചതു്. എന്നാൽ ഈ കമ്മ്യൂണിസ്റ്റു് സംഘടനയോടു യോജിച്ചുപ്രവർത്തിക്കുന്നതിനു ഒരുതരത്തിലും സാദ്ധ്യമല്ലെന്നു ബോദ്ധ്യമായതുകൊണ്ടു് 1949-ൽ സ്വതന്ത്രയൂണിയനുകൾ അതിൽനിന്നു പിരിയുകയും സാർവ്വലൗകികസ്വതന്ത്രതൊഴിലാളിയൂണിയൻ ഫെഡറേഷൻ (ഐ. സി. എഫ്. ടി. യു.) സ്ഥാപിക്കുകയുംചെയ്തു. ഡബ്ളിയു. എഫ്. ടി. യു. വിന്റെ പ്രവർത്തനങ്ങൾ ഏഷ്യാ, ആഫ്രിക്കാ, ദക്ഷിണഅമേരിക്ക മുതലായ കൊളോണിയൽരാജ്യങ്ങളിലാണു് പ്ര

ധാനമായി കേന്ദ്രീകരിച്ചിട്ടുള്ളത്. അവികസിതവും അസംതൃപ്തവുമായ പ്രസ്തുത രാജ്യങ്ങളിൽ പണിമുടക്കുകളും വിപ്ലവങ്ങളും ഇളക്കിവിട്ട് കമ്മ്യൂണിസ്റ്റ് ശക്തികൾക്ക് പ്രാബല്യം നേടിക്കൊടുക്കുവാനും, കഴിയുമെങ്കിൽ ആ രാജ്യങ്ങളെ സോവ്യററ് ഭരണത്തിനടിപ്പെടുത്തുന്നതിനുമാണ് ഈ സംഘടന പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് ട്രേഡ്‌യൂണിയനുകളുടെ ഈ പൊതുപരിപാടിതന്നെയാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ട്രേഡ്‌യൂണിയനുകളും അനുകരിക്കുന്നത്. ദേശാഭിമാനികളായ ഇന്ത്യൻനാഷണൽ ട്രേഡ്‌യൂണിയനുകളും മററു സ്വതന്ത്ര യൂണിയനുകളും ഈ കമ്മ്യൂണിസ്റ്റ്‌ലക്ഷ്യത്തേയും അജ്ഞാതപ്രവർത്തനത്തേയും യഥാസമയം മനസ്സിലാക്കി അവരുടെ കെണികളിൽ പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതത്രെ.

x x x

## കമ്മ്യൂണിസത്തിന്റെ സിദ്ധാന്തങ്ങൾ
### അബദ്ധങ്ങളാണെന്നു റസ്സൽ

മി. ബെർട്രൻഡ്‌റസ്സൽ എഴുതിയിട്ടുള്ളതും ന്യൂസ്‌ക്രോണിക്കിൾ എന്ന പത്രം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ ഒരു ലേഖനത്തിൽ കമ്മ്യൂണിസത്തിന്റെ അബദ്ധങ്ങളെ വിമർശിച്ച് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- ഏതൊരു രാഷ്ട്രീയസിദ്ധാന്തത്തെക്കുറിച്ചായാലും രണ്ടു ചോദ്യങ്ങളാണ് ചോദിക്കേണ്ടത്. (1) അതിന്റെ സൈദ്ധാന്തികസൂത്രങ്ങൾ യഥാർത്ഥങ്ങളാണോ? (2) അതിന്റെ പ്രായോഗികനയം മനുഷ്യരുടെ സൗഖ്യത്തെ വർദ്ധിപ്പിക്കാൻ പര്യാപ്തമാണോ? എന്നെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസത്തിന്റെ സൈദ്ധാന്തികസൂത്രങ്ങൾ അയഥാർത്ഥങ്ങളാണെന്നു ഞാൻ കരുതുന്നു; അതിന്റെ പ്രായോഗികോക്തികൾ മനുഷ്യസമുദായത്തിനു അളവില്ലാത്ത ദുരിതങ്ങളുളവാക്കുന്നതാണെന്നും ഞാൻ വിചാരിക്കുന്നു. കമ്മ്യൂണിസത്തിന്റെ സിദ്ധാന്തപരമായ പ്രമാണങ്ങളിലധികവും മാർക്സിൽനിന്നാണു വന്നിട്ടുള്ളതു്. മാർക്സിനോടുള്ള എന്റെ എതിർപ്പു രണ്ടു കാരണങ്ങളാലാണ്. ഒന്ന്, അദ്ദേഹം സ്ഥൂലബുദ്ധിയായിരുന്നു എന്നതു്. മററതു്, അദ്ദേഹത്തിന്റെ ചിന്തയ്ക്കു പ്രചോദനം നൽകിയതു് അധികവും വിദ്വേഷമായിരുന്നു എന്നതു്......... ഇതിന്റെ ഫലത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനു സമ്പൂർണ്ണതൃപ്തിയാണ്. അതു യാഥാർത്ഥ്യവുമായി യോജിച്ചു പോകുന്നതുകൊണ്ടോ യുക്തിയുക്തമായ സാക്ഷ്യങ്ങളുള്ളതുകൊണ്ടോ അല്ല, നേരെമറിച്ച് തൊഴിലാളികളുടെ ദ്വേഷം കത്തിപ്പിക്കാൻ അതിനു കഴിവുള്ളതുകൊണ്ടാണ്. ചരിത്രപ്രസിദ്ധമായ എല്ലാ സംഭവങ്ങളും വർഗ്ഗസമരത്തിൽ നിന്നാണുണ്ടായിട്ടുള്ളതെന്ന മാർക്സിന്റെ സിദ്ധാന്തം 100 വർഷങ്ങൾക്കുമുമ്പു ഇംഗ്ലണ്ടിലും ഫ്രാൻസിലും ദൃശ്യമായിരുന്ന ചില പ്രത്യേകതകളുടെ അയഥാർത്ഥവും സാഹസികവുമായ ഒരു പൊന്തിച്ചുകാട്ടലാണ്. മനുഷ്യസമുദായത്തിന്റെ മുഴുവൻ ചരിത്രത്തേയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന "വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദ"മെന്ന ഒരു വിശേഷശക്തിയുണ്ടെന്നു മാർക്സ് വിശ്വസിക്കുന്നു. ഇതൊരു കല്പിതകഥമാത്രമാണ്. കാർലൈലിനെയും ടെർട്ടുലിയനേയുംപോലെ തന്റെ ശത്രുക്കൾ ശിക്ഷിക്കപ്പെടുന്നതു കാണാൻ അദ്ദേഹം മുഖ്യമായി അഭിലഷിച്ചിരുന്നതുകൊണ്ടാണ് അദ്ദേഹത്തിന്റെ സിദ്ധാന്തപരമായ തെററുകൾ കാര്യമായെടുക്കേണ്ടിവന്നതു്. തന്റെ സിദ്ധാന്തങ്ങളും നടപടികളും സുഹൃത്തുക്കളെ എങ്ങനെ ബാധിക്കുമെന്നു അന്വേഷിക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. മാർക്സിന്റെ സിദ്ധാന്തംതന്നെ വഷളായിരുന്നു; എന്നാൽ ലെനിന്റെയും സ്റ്റാലിന്റെയും കീഴിൽ അതിനുവന്ന വികാസപരിണാമങ്ങൾ അതിനെ ഏററവും വഷളാക്കി. ഒരാഭ്യന്തരയുദ്ധത്തിൽ പ്രൊലിട്ടേറിയററ് വിജയം കൈവരുത്തിക്കഴിഞ്ഞാൽ വിപ്ലവകരമായ ഒരു സ്ഥിത്യന്തരഘട്ടമുണ്ടായിരിക്കുമെന്നും ഈ കാലഘട്ടത്തിൽ തോല്പിക്കപ്പെട്ട അതിന്റെ ശത്രുക്കൾക്കു രാഷ്ട്രീയാധികാരം നിഷേധിക്കപ്പെടുമെന്നും മാർക്സ് സിദ്ധാന്തിച്ചു. ഈ കാലഘട്ടമാണ് പ്രൊലിട്ടേറിയററിന്റെ ഏകാധിപത്യകാലം.

ഇപ്രകാരം അയഥാർത്ഥങ്ങളും അബദ്ധജടിലങ്ങളുമായ സിദ്ധാന്തങ്ങളിന്മേലാണ് കമ്മ്യൂണിസം പടുത്തുയർത്തപ്പെട്ടിരിക്കുന്നതു്. വഴിപിഴച്ച ഭാവനകളും വഷളായ ലക്ഷ്യങ്ങളുംമാത്രമാണ് അതിനു മാനവസമുദായത്തിനു സമ്മാനിക്കുവാനുള്ളതു്. അധഃപ്പതനത്തിലേക്കു അതു സമുദായത്തെ ആഴ്ത്തിക്കൊണ്ടിരിക്കുക സ്വാഭാവികംമാത്രമാണ്.

# വിവിധവൃത്താന്തങ്ങൾ

## നാലു പാത്രിയർക്കീസുമാർ

പൗരസ്ത്യറീത്തുകാരായ നാലു പാത്രിയർക്കീസുമാർ— അർമ്മേനിയൻ പാത്രിയർക്കീസ് കർദ്ദിനാൾ അഗാജിയാനിയൻ, സുറിയാനി പാത്രിയർക്കീസ് കർദ്ദിനാൾ ടപ്പൂണി, മെൽക്കൈററു പാത്രിയർക്കീസ് മോൺ: മാക്സിമൂസ് iv ഷെയിഗ്, മാറോനീത്താ പാത്രിയർക്കീസ് മോൺ: മെവൂഷി എന്നീ തിരുമേനിമാർ— പാരീസിലെത്തിയിരിക്കുന്നു. ക്രീമിയൻയുദ്ധകാലത്തു ബാരൺ കൗച്ചി സ്ഥാപിച്ച L' Oeuvre d' Orient എന്ന സംഘടനയുടെ ശതവത്സരാഘോഷങ്ങളിൽ പങ്കെടുക്കുകയെന്നതാണ് അവരുടെ ആഗമനോദ്ദേശ്യം. പൗരസ്ത്യതിരുസംഘം സിക്രട്ടറി കർദ്ദിനാൾ ടിസറാങ്ങ് തിരുമേനിയാണ് ശതവത്സരാഘോഷങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുന്നതു്.

## അവിശുദ്ധനടപടി

സൈപ്രസിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭാദ്ധ്യക്ഷനായ ആർച്ചുബിഷപ്പു മക്കാരിയോസിനെ ബ്രിട്ടീഷ്ഗവർമെൻറ് സൈപ്രസിൽനിന്നും ഇയ്യിടെ നാടുകടത്തുകയുണ്ടായല്ലോ. ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ ഈ പ്രവൃത്തി "അവിശുദ്ധമായ" ഒന്നാണെന്നും അഗാധമായ ഖേദത്തോടുകൂടി തങ്ങൾ അതിനെ പ്രതിഷേധിക്കുന്നുവെന്നും, ഗ്രീസിലെ കത്തോലിക്കാ മെത്രാന്മാരുടെ ഒരു സംയുക്തപ്രസ്താവനയിൽ പ്രസ്താവിച്ചിരിക്കുന്നു. ഗ്രീസിൽ രണ്ടു കത്തോലിക്കാ മെത്രാപ്പോലീത്താമാരും രണ്ടു മെത്രാന്മാരുമാണുള്ളതു്. സൈപ്രസ്സ് ദ്വീപുകാർ മാതൃരാജ്യമായ ഗ്രീസിനോടു യോജിക്കുന്നതിനു നടത്തിവരുന്ന പ്രക്ഷോഭണത്തെ ബ്രിട്ടീഷ് ഗവർമ്മെൻറ് അനുകൂലിക്കാത്തതാണ് അവിടെ ഒരു ഏററുമുട്ടലിനു കാരണമായിരിക്കുന്നതു്.

## വെറും തന്ത്രംമാത്രം

കോമിൻഫോം പിരിച്ചുവിട്ടതു് ഒരു പ്രചരണതന്ത്രം മാത്രമാണെന്നു വത്തിക്കാൻറേഡിയോ ചെക്കുഭാഷയിൽ ചെയ്ത ഒരു പ്രക്ഷേപണത്തിൽ പ്രസ്താവിച്ചിരിക്കുന്നു. "വിവിധരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്പാർട്ടികൾക്കു മോസ്കോയോടുള്ള വിധേയത്വം അവസാനിപ്പിക്കുമെന്നോ, ആ പാർട്ടികൾ പിരിച്ചുവിടപ്പെടുമെന്നോ പിരിച്ചുവിടലിനർത്ഥമില്ല" എന്നു പ്രക്ഷേപണം ചൂണ്ടിക്കാണിക്കുന്നു. ഇന്നത്തെപ്പോലെയുള്ള ഒരു സാഹചര്യത്തിലാണ് 1943-ൽ റഷ്യ കോമിൻടേൺ പിരിച്ചുവിട്ടതു്. രണ്ടു പ്രാവശ്യവും സോവ്യററു് റഷ്യയുടെ രാഷ്ട്രീയനിലവാരം അത്ര ആശാസ്യമോ അഭിമാനനീയമോ ആയിരുന്നില്ല. രണ്ടു പ്രാവശ്യവും ലോകപൊതുജനാഭിപ്രായം തങ്ങൾക്കു അനുകൂലമാക്കിത്തീർക്കുവാൻ കമ്മ്യൂണിസ്റ്റ്റഷ്യയ്ക്കു ഉൽക്കണ്ഠയുണ്ടായിരുന്നു.

## അന്നും ഇന്നും

1943-ൽ സോവ്യററു് റഷ്യ, ജർമ്മനിയോടു ഒരു ജീവന്മരണയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. റഷ്യയുടെ നിലനില്പിനുതന്നെ സഖ്യകക്ഷികളുടെ കൂടുതലായ സഹായസഹകരണങ്ങൾ ആവശ്യമായിരുന്നു. തങ്ങൾ ലോകമേധാവിത്വം ആഗ്രഹിക്കുന്നില്ലെന്നും, അതിനാൽ വിദേശങ്ങളിലെ കമ്മ്യൂണിസ്റ്റ്പാർട്ടികൾക്കു ആജ്ഞാനൽകുവാനുദ്ദേശിക്കുന്നില്ലെന്നും സഖ്യരാഷ്ട്രങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് 1943-ൽ കോമിൻടേൺ പിരിച്ചുവിട്ടതു്. ആ ആവശ്യം സാധിച്ചുകഴിഞ്ഞപ്പോൾ കോമിൻഫോം എന്ന പുതിയ രൂപത്തിൽ അതു പുനഃസ്ഥാപിക്കുകയും ചെയ്തു. 1955-ലെ ശീതസമരത്തിന്റെ ഫലം റഷ്യയ്ക്കു അനുകൂലമല്ലാത്തതരത്തിലായിരുന്നു. ആകയാൽ അന്താരാഷ്ട്രീയ പൊതുജനാഭിപ്രായത്തെ റഷ്യയ്ക്കനുകൂലമായി തിരിക്കുവാൻ ബുൾഗാനിനും ക്രൂഷ്ചേവും വിദേശരാജ്യങ്ങൾ സന്ദർശിച്ചുകൊണ്ടിരിക്കുകയാണ്. കോമിൻഫോമിന്റെ പിരിച്ചുവിടൽ ഇതിനു വളരെ സഹായിക്കുമെന്നു കരുതിയാണ് ഇപ്പോൾ ഈ സൂത്രം പ്രയോഗിച്ചിരിക്കുന്നതു്. "പക്ഷേ കമ്മ്യൂണിസ്റ്റ് തന്ത്രങ്ങളെപ്പററി 1943-ലേക്കാൾ വളരെയധികമായി ഇന്നു സ്വതന്ത്രലോകത്തിനു അറിവുണ്ട്."

## സാംസ്കാരിക പഠനവാരം

അടുത്ത ഡിസംബർമാസത്തിൽ മദ്രാസിലെ കാത്തലിക് സെൻററിൽവെച്ചു ഒരു അഖിലേന്ത്യാ സാംസ്കാരികപഠനവാരം കൊണ്ടാടുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഈ സാംസ്കാരികവാരത്തിലെ പഠനത്തിനു തിരഞ്ഞെടുത്തിരിക്കുന്ന വിഷയം "ഭാരതസംസ്കാരവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയും" എന്നതാണ്. ദിവസം നാലു യോഗങ്ങൾവീതം ഏഴുദിവസത്തേക്കു് ചർച്ചകളും പഠനങ്ങളും ഉണ്ടായിരിക്കുന്നതാണ്. ഈ പഠനത്തിൽനിന്നു പ്രയോജനമെടുക്കുവാൻ ആഗ്രഹിക്കുന്നവരും, ആ പ്രയോജനം മററുള്ളവരുമായി പങ്കിടുവാൻ സന്നദ്ധരുമായ ആർക്കും ഈ പഠനവാരത്തിൽ സംബന്ധിക്കാവുന്നതാണ്. ഓരോ യോഗത്തിലും പ്രമുഖമതികളായ പണ്ഡിതന്മാരുടെ പ്രഭാഷണങ്ങളുണ്ടായിരിക്കും. ഫാദർ കൊറിയാ അൽഫോൺസോ എസ്. ജെ. (ബോംബെ) മിസ് എവിനോർ ടെറംഫർ (മദ്രാസ്), മി. സച്ചിത് കെ. ധർ (കല്ക്കട്ടാ) എന്നിവരാണ് നിർവ്വഹണസമിതി സിക്രട്ടറിമാർ.

## കുട്ടികൾ കുട്ടികൾക്കുവേണ്ടി

വടക്കേ ഇററലിയിൽ ഫ്രാത്താ ഡി മാനിയാഗോ എന്ന ഗ്രാമത്തിൽ ഒരു കുടുംബത്തിലെ പിതാവു കുടുംബകലഹംമൂലം വീട്ടിൽനിന്നു പിണങ്ങിപ്പോയി; നിരാശിതയായ മാതാവു ആത്മഹത്യ ചെയ്യുവാനുള്ള ശ്രമത്തിൽ ആശുപത്രിയിലുമായി. അങ്ങനെ മൂന്നു കുഞ്ഞുങ്ങൾ അനാഥരായി. ആ പർവ്വതപ്രദേശത്തു് അടുത്തെങ്ങും വീടുകളുണ്ടായിരുന്നില്ല. അവിടത്തെ സ്കൂളിലെ കുട്ടികൾക്ക് ഈ വിവരം കിട്ടിയ ഉടനെ അവരിൽ മുതിർന്നവർ മലമുകളിലെ പരിത്യക്തമായ ആ വീട്ടിലെത്തി ആ കുട്ടികളെ ശുശ്രൂഷിച്ചു. അവർ തങ്ങളിൽനിന്നു എട്ടു പവൻ പിരിച്ചെടുത്തു ആ കുഞ്ഞുങ്ങൾക്കു വേണ്ട വസ്ത്രങ്ങളും ഭക്ഷണങ്ങളും വാങ്ങിക്കൊടുത്തു. മാത്രമല്ല അവർ തവണവെച്ചു ആ വീട്ടിൽ താമസിച്ചു വീടു ശുചിയാക്കുകയും കുഞ്ഞുങ്ങൾക്കു ഭക്ഷണം പാകംചെയ്തു കൊടുക്കുകയുമുണ്ടായി. സ്കൂൾ സമയത്തു കുഞ്ഞുങ്ങളെ അവർ സ്കൂളിലേക്കു കൊണ്ടുപോരും. കുറേ ദിവസം കഴിഞ്ഞപ്പോൾ പശ്ചാത്താപവിവശനായ പിതാവു തിരിച്ചെത്തി. അയാളുടെ ഭാര്യ ആശുപത്രിയിൽനിന്നു വരുന്നതുവരെ കുഞ്ഞുങ്ങളുടെ സംരക്ഷണം സ്കൂൾകുട്ടികൾ തന്നെ ഇന്നും വഹിക്കുകയാണ്.

## രാജവിശുദ്ധനു ബഹുമതി

1226മുതൽ 1270വരെ ഫ്രാൻസിലെ രാജാവായിരുന്ന വിശുദ്ധ 9-ാം ലൂയിസിനു ഔദ്യോഗികബഹുമതി നൽകുന്നതിനു ഫ്രഞ്ചുറിപ്പബ്ലിക്ക് തീരുമാനിച്ചിരിക്കുന്നു. വിശുദ്ധ ലൂയിസ്സുരാജാവിന്റെ ഭൗതികാവശിഷ്ടങ്ങൾ നോത്രദാം കത്തീഡ്രലിൽനിന്നു സെയിന്റു ഡെനിസ് ബസ്ലിക്കായിലേക്കു മാററിസ്ഥാപിക്കുന്ന സന്ദർഭമാണതു്. ഇങ്ങനെ മാററിസ്ഥാപിക്കണമെന്നു 1914ൽ തീരുമാനിച്ചതാണെങ്കിലും ഇതേവരെ അതു പ്രായോഗികമാക്കുന്നതിനു സാധിച്ചിരുന്നില്ല. ഫ്രഞ്ചുപ്രസിഡണ്ടു കോട്ടി ഈ ചടങ്ങുകളിൽ ആദ്ധ്യക്ഷം വഹിക്കുന്നതും, ഭൗതികാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്ന പേടകത്തെ കർദ്ദിനാൾ ഫെൽട്ടിൻ തിരുമേനി ആശീർവ്വദിക്കുന്നതുമാണ്. ഫ്രാൻസിലെ സൈനികപ്രമുഖരായ മാർഷൽ ജൂയിൻ, ജനറൽ മോണ്ടു ക്ലൂവർ എന്നിവരായിരിക്കും പേടകം വഹിക്കുന്നതു്. ലൂയിരാജാവിന്റെ അനന്തരഗാമികളെല്ലാം ഈ ചടങ്ങിൽ സംബന്ധിക്കുന്നതായിരിക്കും.

## വിദേശവാർത്തകൾ

—ഈയിടെ റഷ്യയിൽനിന്നു വിമുക്തരായ ഏതാനും ജർമ്മൻകാരിൽനിന്നും, ലിത്വാനിയായിലെ സഹായമെത്രാനായിരുന്ന ബിഷപ്പ് റമനോസ്കാസ് സൈബീരിയായിലെ തടങ്കൽപ്പാളയത്തിലുണ്ടെന്നു വ്യക്തമായിരിക്കുന്നു. 1946-ൽ റഷ്യാക്കാർ അദ്ദേഹത്തെ അറസ്റ്റുചെയ്തതിൽ പിന്നെ യാതൊരു വിവരവും കിട്ടാതിരിക്കുകയായിരുന്നു.

—ഹംഗറിയിൽ കൊലോക്സായിലെ മെത്രാപ്പോലീത്തായായിരുന്ന ആർച്ചുബിഷപ്പ് ഗ്രോയസ്സിനെ കമ്മ്യൂണിസ്റ്റുകാർ ബന്ധനവിമുക്തനാക്കിയിരിക്കുന്നതായി ഒരു വിയെന്നാ റിപ്പോർട്ടു പ്രസ്താവിക്കുന്നു. രാജ്യദ്രോഹക്കുററം ചുമത്തി 1951-ൽ കമ്മ്യൂണിസ്റ്റുകാർ അദ്ദേഹത്തെ 15 കൊല്ലം കഠിനതടവിനു ശിക്ഷിച്ചിരുന്നതാണ്. ബന്ധനവിമുക്തനാക്കിയെങ്കിലും സ്വന്തം രൂപതയിൽ പോകുന്നതിനോ ചുമതലകൾ ഏറെടുക്കുന്നതിനോ കമ്മ്യൂണിസ്റ്റുകാർ അദ്ദേഹത്തെ അനുവദിച്ചിട്ടില്ല.

—ഫ്രഞ്ചുകോൺഗോയിൽ 1943-ൽ സമാരംഭിച്ച സെൻറ് ആൻസ് കത്തീഡ്രൽ ഇനിയും പൂർത്തിയാകാതെ കിടക്കുകയാണ്. ഇക്കൊല്ലംതന്നെ അതിന്റെ പണി പൂർത്തിയാക്കുന്നതിനു ഗണ്യമായ ഒരു സംഖ്യ ഇപ്പോൾ മൊറോക്കോ സുൽത്താൻ സംഭാവന ചെയ്തിരിക്കുന്നു.

—സ്വിസ്ഗാർഡ്സ് എന്ന അംഗരക്ഷകസൈന്യത്തിന്റെ രൂപവൽക്കരണത്തിന്റെ 450-ാം വത്സരപൂർത്തി പ്രമാണിച്ചു് വത്തിക്കാൻ സ്റ്റേററ് ഒരു പുതിയതരം സ്റ്റാമ്പുകൾ പുറപ്പെടുവിച്ചിരിക്കുന്നു.

—അർജന്റീനായുടെ പ്രൈമററായ കർദ്ദിനാൾ കോപ്പെല്ലോ തിരുമേനി അനാരോഗ്യംമൂലം ബ്യൂനോസ് അയേഴ്സ് മെത്രാപ്പോലീത്താസ്ഥാനം രാജിവച്ചിരിക്കുന്നു. കൊർഡോബായിലെ ലഫിറേറ മെത്രാപ്പോലീത്തായെ പകരം അഡ്മിനിസ്ട്രേറററായി നിയമിച്ചിരിക്കുന്നു.

## അടുത്തയാഴ്ചയിൽ

മേയ്
17 വ്യാ: വി. പാസ്കാലിസ് ബായിലോൺ
18 വെ: വി. വെനാന്തിസ്
19 ശ: വി. സെലസ്റ്റിൻ
20 ഞാ: പന്തക്കുസ്താഞായർ
21 തി: വി. ഹെർമ്പർട്ട്
22 ചൊ: വി. മർസ്സിയാൻ
23 ബു: വി. ഡെസിദെരിയൂസ്

ധർമ്മോദയം കമ്പനി, തൃശ്ശൂർ
(Estd. 1919 A. D.)
പുതിയ മാസക്കുറി
(As per Govt. Sanction L, Dis 13/56 RD dated 20—4—56)
നറുക്ക് 1ക്ക് 100ക. 111 നറുക്ക് 11,100 ക. സല
ഒന്നാംതവണ 1956 ജൂലായി 7-ാംനു / 1131 മിഥുനം 23-ാംനു
കുറിയിൽ കുറഞ്ഞതു് 32-ൽ ഒരാൾ (3 ക. 2 ണ. യുടെ ചിട്ടി)
വരെ ചേരാം
കൂടുതൽ വിവരങ്ങൾക്കു കമ്പനിയാഫീസിലേക്കു ഉടനെ എഴുതുക.
തൃശ്ശൂർ, 24—4—1956) ചാലിശ്ശേരി അന്തോണി പൈലോത്തു്,
ചെയർമാൻ ഓഫ് ദി ബോർഡ്

# തിരുഹൃദയ പ്രവിശ്യയിലേക്ക്

## ദൈവസേവനത്തിനും പ്രേഷിതവൃത്തിക്കും

കേരളകർമ്മലസഭയുടെ തിരുഹൃദയപ്രവിശ്യയിൽ വൈദികാന്തസ്സിലോ, സഹായസഹോദരന്മാരുടെ ഗണത്തിലോ ചേർന്ന്, കോളേജിലോ, വിദ്യാലയങ്ങളിലോ, മിഷ്യൻകേന്ദ്രങ്ങളിലോ ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി ജോലി ചെയ്ത് പുണ്യപൂർണ്ണത പ്രാപിക്കുവാനാഗ്രഹിക്കുന്ന യുവാക്കന്മാരെ സാനന്ദം ക്ഷണിച്ചുകൊള്ളുന്നു.

1. വൈദികാദ്ധ്യയനത്തിനായി സ്വീകരിക്കപ്പെടുന്നതിനു School Final പരീക്ഷ ജയിച്ചിരിക്കണം. Intermediate, B. A. മുതലായ പരീക്ഷകൾ ജയിച്ചിട്ടുള്ളവർക്കു മുൻഗണന നൽകപ്പെടുന്നതാണ്.

2. ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് ഈ പ്രവിശ്യയിലെ യോഗാർത്ഥിഭവനത്തിൽ ചേർന്ന് പഠനം തുടരാവുന്നതാണ്.

3. സഹായ സഹോദരന്മാരുടെ ഗണത്തിൽ ചേരുന്നതിന് Form III പരീക്ഷ കഴിഞ്ഞിരിക്കണം.

താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതിയാൽ കൂടുതൽ വിവരങ്ങൾ അറിയാവുന്നതാണ്.

Fr. Provincial, S. H. Provincial House, Alwaye


—റോമയിൽ 70 കന്യാസ്ത്രീകൾ റഷ്യൻഭാഷ പഠിച്ചുകൊണ്ടിരിക്കുന്നു. ഇരുമ്പുയവനിക മാററപ്പെടുമ്പോൾ റഷ്യയിലേക്കു പോകണമെന്നുള്ളതാണ് അവരുടെ ലക്ഷ്യം.

—പാശ്ചാത്യരാജ്യങ്ങളിൽ ഏഷ്യയെപ്പററിയുള്ള അദ്ധ്യാപനം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി 16 രാജ്യങ്ങളിലെ വിദ്യാഭ്യാസപ്രവർത്തകർ പാരിസിൽ സമ്മേളിച്ച് ആലോചന നടത്തിയിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

അടുത്ത ജൂലൈ 1 മുതൽ റെയിൽവേ ബ്രാഞ്ചുലൈൻ വിഭാഗത്തിലുള്ള രണ്ടാം ക്ലാസ് നിർത്തലാക്കുവാൻ ഇന്ത്യാ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

രണ്ടാം പഞ്ചവത്സരപദ്ധതിയിലെ കമ്മ്യൂണിററി പ്രോജക്ററ് പ്രവർത്തനങ്ങളുടെ ഭരണനിർവ്വഹണത്തിനുവേണ്ടി കൊള്ളിച്ചിരിക്കുന്ന 200 കോടി രൂപായുടെ ബഡ്ജററ്, അഖിലേന്ത്യാ ഡവലപ്പ്മെൻറു കമ്മീഷണർമാരുടെ സമ്മേളനം അംഗീകരിച്ചിരിക്കുന്നു.

കമ്മ്യൂണിസ്റ്റ് നിയന്ത്രിതമായ അഖിലേന്ത്യാ ട്രേഡ്‌യൂണിയൻ കോൺഗ്രസുമായി യോജിച്ചു പോകുവാൻ ഐ എൻ ടി യു സി ക്കു സാദ്ധ്യമല്ലെന്നു പ്രസിഡൻറു മി അംബേദ്കർ പ്രസ്താവിച്ചിരിക്കുന്നു.

പശ്ചിമജർമ്മൻ വാണിജ്യപ്രതിനിധിസംഘം, ചെറുകിടവ്യവസായങ്ങൾ പോഷിപ്പിക്കുന്നതിനെപ്പററി മദ്രാസ് ഗവമ്മെൻറുദ്യോഗസ്ഥന്മാരുമായി ചർച്ചനടത്തിയിരിക്കുന്നു.

ഹിന്ദുപിന്തുടർച്ചാവകാശബിൽ ലോകസഭ പാസാക്കിയിരിക്കുന്നു.

കേന്ദ്രത്തിലെയും വിവിധസംസ്ഥാനങ്ങളിലെയും പബ്ലിസിററി ഡയറക്ടർമാരുടെ ഒരു കോൺഫറൻസു നൈനിററാളിൽ വെച്ചു നടന്നിരിക്കുന്നു.

ഇൻഡ്യൻ നാഷനൽ ട്രേഡ് യൂണിയൻ കോൺഗ്രസിൻെറ അടുത്ത വർഷത്തെ പ്രസിഡൻറായി മി. എസ് ആർ വാസവദ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

പുതുക്കിയ വോട്ടേഴ്‌സ് ലിസ്റ്റനുസരിച്ച്, കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പുകാലത്തേക്കാൾ, ഇൻഡ്യയിൽ വോട്ടർമാരുടെ സംഖ്യയിൽ മൂന്നുകോടി വർദ്ധനവുണ്ടായിട്ടുണ്ട്.

പാർലമെൻററിയും നിയമപരവും ഭരണപരവുമായ ഇംഗ്ലീഷ് വാക്കുകൾക്കു തുല്യമായ ഹിന്ദി വാക്കുകൾ നിശ്ചയിക്കുവാൻ 33 പേരടങ്ങിയ ഒരു കമ്മിററിയെ ലോകസഭാസ്പീക്കർ നിയമിച്ചിരിക്കുന്നു.

പ്രൈമറിയും സെക്കണ്ടറിയും വിദ്യാഭ്യാസത്തെപ്പററി ഒരു സർവ്വേ നടത്തുവാൻ ഇൻഡ്യാ ഗവർമെൻറു തീരുമാനിച്ചിരിക്കുന്നു.

പ്രൈമറിസ്കൂളദ്ധ്യാപകന്മാരുടെ ശമ്പളം മിനിമം നിരക്കിലേക്ക് ഉയർത്തുമ്പോൾ സ്റേററുകൾക്കുണ്ടാകാവുന്ന അധികച്ചെലവിൻെറ 50 ശതമാനം കേന്ദ്രം വഹിക്കുന്നതാണ്.

അഖിലേന്ത്യാ കത്തോലിക്കാ സ്ററുഡൻറ്സ് യൂണിവേഴ്സിററി ഫെഡറേഷൻെറ ദ്വിതീയ നാഷനൽ കോൺഗ്രസ് മേയ് 18, 19, 20 ഈ തിയതികളിൽ ബാംഗ്ളൂർവെച്ചു നടക്കുന്നതാണ്.

## തിരുകൊച്ചിവാർത്തകൾ

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് പ്രസിഡൻറു മി. പി ജെ സെബാസ്റ്റ്യൻ ബി എ ബി എൽ ൻെറ നേതൃത്വത്തിൽ ഒരു നിവേദകസംഘം മേയ് 7-ാംനു അഡ്വൈസർ മി പി എസ് റാവുവിനെ സന്ദർശിച്ച് അവശക്രിസ്ത്യാനികളുടെ അവകാശങ്ങളെപ്പററി നിവേദനം നടത്തിയിരിക്കുന്നു. കഴിയുംവേഗം ഈ പ്രശ്നത്തിനു ഒരു പരിഹാരമുണ്ടാക്കാമെന്നു അഡ്വൈസർ ഉറപ്പുനൽകിയിരിക്കുന്നു.

മെ: സി തോമസ്, ഭാസ്കരൻ നായർ, അബ്ദുൾസലാം, ചന്ദ്രമാനു എന്നി ഗവർമെൻറു സിക്രട്ടറിമാരെ പാർട്ട് എ. വിഭാഗത്തിൽപെട്ട സംസ്ഥാനങ്ങളിൽ പരിശീലനത്തിനയക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ആളകപ്പച്ചെട്ടിയാർ ടെക്നോളജി കോളേജിൽ തിരുകൊച്ചിക്കു രണ്ടു സീററുകൾ റിസർവ്വ് ചെയ്തിരിക്കുന്നു.

പുതിയ സംസ്ഥാനങ്ങൾ ഉടലെടുക്കുന്നതോടുകൂടി കേരളത്തിൽനിന്നു വിട്ടുപോകുന്ന പ്രദേശങ്ങളിലെ ക്ഷേത്രങ്ങളുടെ നടത്തിപ്പിലേക്കു പതിമൂന്നുലക്ഷം ക. മദ്രാസ് ഗവർമെൻറ് കൊടുക്കുന്നതാണ്. അതോടുകൂടി തിരുകൊച്ചിയിലെ ക്ഷേത്രങ്ങൾക്കു ഇവിടത്തെ ഗവർമെൻറു കൊടുത്തുവരുന്ന 51 ലക്ഷം മുപ്പത്തിഏഴുലക്ഷമായി കുറയുന്നതാണ്.

റവന്യൂബോർഡിൻെറ നിയന്ത്രണത്തിൽ കൂടുതൽ ഡിപ്പാർട്ടുമെൻറുകൾ വിട്ടുകൊടുത്തുകൊണ്ട് അതിൻെറ അധികാരങ്ങൾ വിപുലപ്പെടുത്തിയിരിക്കുന്നു.

ഐ എ എസ് ഒഴികെയുള്ള ഗവർമെൻറു നിയമനങ്ങളുടെ കാര്യത്തിൽ സർവ്വകലാശാലാ ഡിഗ്രി നിർബന്ധിതമാക്കേണ്ടതില്ലെന്നു് അതിലേക്കു നിയുക്തമായിരുന്ന കമ്മിററി റിപ്പോർട്ടു ചെയ്തിരിക്കുന്നു.

സമസ്തകേരള സാഹിത്യപരിഷത്തിൻെറ രജതജൂബിലി കഴിഞ്ഞ ഞായറാഴ്ച എറണാകുളം മഹാരാജാസ് കോളേജിൽവെച്ച് ആരംഭിച്ചിരിക്കുന്നു. അടുത്ത വെള്ളിയാഴ്ച അവസാനിക്കുന്നതാണ്.

തിരുവനന്തപുരം, കൊല്ലം, തൃശൂർ ഈ ഡിസ്ട്രിക്ടുകളിൽ ഓരോ മേജർ വർക്കുഷാപ്പുകളും, ആററിങ്ങൽ, ആലപ്പുഴ, മൂവാററുപുഴ എന്നിവിടങ്ങളിൽ ഓരോ ചെറിയ വർക്കുഷോപ്പുകളും സ്ഥാപിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

## ഇടവകവാർത്തകൾ

**പള്ളുരുത്തി:** എല്ലാ മേയ് 1-ാം തിയതിയും വി. തൊഴിലാളി യൗസേപ്പിൻെറ തിരുനാളായി ആചരിക്കേണമെന്നുള്ള പരിശുദ്ധ പിതാവിൻെറ പ്രഖ്യാപനമനുസരിച്ച് വി. ക. വർക്കൻ ആൻറ് സൺസ് തൊഴിലാളികളുടെ ആഭിമുഖ്യത്തിൽ സ്ഥലത്തെ സുറിയാനിപ്പള്ളിയിൽവച്ചു ടി തിരുനാൾ ഇക്കൊല്ലം ആഡംബരമായി ആഘോഷിച്ചിരിക്കുന്നു. 3, 4, 5 എന്നി തിയതികളിൽ റവ ഫാദർ എസ് തേർമാം എം ഒ എൽ യഥാക്രമം "വിശുദ്ധ യൗസേപ്പും തൊഴിലാളികളും" "വിശുദ്ധ യൗസേപ്പും കുടുംബവും" "തൊഴിലാളികളും കത്തോലിക്കാ ചൈതന്യവും" എന്നി വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ പ്രസംഗങ്ങൾചെയ്തു. 6-ാംനു കാലത്തു എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്ക് മൊൺ റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി തൊഴിലാളികൾക്കായുള്ള പരി: കർബാന അർപ്പിച്ചു. കർബാനാനന്തരം തിരുമേനി തൊഴിലാളികൾക്ക് ഉപദേശവും ആശീർവ്വാദവും നൽകി. സത്യദീപം പത്രാധിപർ റവ ഫാദർ ജോസഫ് വിതയത്തിൽ അവർകളായിരുന്നു തിരുനാൾപ്രസംഗം നടത്തിയതു്. തിരുനാൾ പ്രദക്ഷിണത്തിൽ എല്ലാ തൊഴിലാളികളും പങ്കുകൊള്ളുകയുണ്ടായി. പരിപാടികൾ വിജയപ്രദമാക്കുവാൻ അനുഗ്രഹാശിസ്സുകളും, സഹായസഹകരണങ്ങളും നൽകിയ വന്ദ്യ തിരുമേനിക്കും ബ: വൈദികർക്കും തൊഴിലാളിസഹോദരർക്കും ഇടവകജനങ്ങൾക്കും മററും വർക്കൻ ആൻറ് സൺസ് തൊഴിലാളിയൂണിയൻ ഡയറക്ടർ റവ ഫാദർ മാത്യു കോതകത്ത് നന്ദിപ്രകടിപ്പിക്കയുണ്ടായി.

**അഞ്ചേരി:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻേറയും സി ഈ സി യുടേയും സംയുക്തവാർഷികം മേയ് 6-ാംനു ഞായറാഴ്ച വൈകിട്ട് സത്യദീപം പത്രാധിപർ റവ ഫാദർ ജോസഫ് വിതയത്തിൽ അവർകളുടെ ആദ്ധ്യക്ഷത്തിൽ ആഘോഷിക്കപ്പെട്ടു. മരിയസഖ്യാംഗങ്ങളുടെ പരിശ്രമഫലമായി ഇടവകക്കാരുടെ സഹായസഹകരണങ്ങളോടുകൂടി സ്ഥലത്തു സമാരംഭിച്ചിരിക്കുന്ന സെൻറ് ജോസഫ്സ് ഗ്രന്ഥാലയത്തിൻെറ ഉൽഘാടനകർമ്മം അദ്ധ്യക്ഷൻ ആദ്യമായി നിർവ്വഹിച്ചു. ഉപക്രമപ്രസംഗാനന്തരം ശ്രീ പോൾ മാൻവെട്ടം ബി എ ബി എൽ കത്തോലിക്കാജീവിതത്തെപ്പററി ഉജ്ജ്വലമായ ഒരു പ്രസംഗംചെയ്തു. നൃത്തം പ്രഹസനം മുതലായ വിവിധ കലാപ്രകടനങ്ങൾ സഖ്യാംഗങ്ങൾ തന്മയത്വത്തോടുകൂടി നടത്തി. വേദോപദേശക്ലാസ്സുകളിൽ പ്രശസ്തമായ വിജയംനേടിയവർക്കുള്ള സമ്മാനദാനവും തദവസരത്തിൽ നിർവ്വഹിക്കപ്പെട്ടു. മീററിംഗിനു ശേഷം "സൂസന്നാ"യുടെ ചരിത്രത്തെ അധികരിച്ചു നടത്തപ്പെട്ട കഥാപ്രസംഗവും ഉൽബോധജനകമായിരുന്നു.

**തത്തംപള്ളി:** സ്ഥലം ഹോളി മേരീസ് കാത്തലിക്ക് അസോസ്യേഷൻെറ ദ്വിതീയവാർഷികം മേയ് 6-ാംനു ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് എച്ച് എം സി എ മൈതാനത്തിൽവച്ച് റവ ഫാദർ മാത്യു കോതകത്ത് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മുനിസിപ്പൽ കൗൺസിലർ ശ്രീമതി ത്രേസ്യാമ്മ വറുഗീസും ശ്രീ ഇട്ടൂപ്പൻ മാത്യുവും ഓരോ പ്രസംഗംചെയ്തു. അസോസ്യേഷൻെറ ആഭിമുഖ്യത്തിൽ നടത്തിയ വേദോപദേശ പരീക്ഷകളിൽ വിജയികളായ ബാലികാബാലന്മാർക്കു അദ്ധ്യക്ഷൻ സമ്മാനങ്ങൾനൽകി. ഇടക്കിടയ്ക്കു ബാലികമാരുടേയും തത്തംപള്ളി ആർട്ട്സ് ക്ലബ്ബിൻേറയും വിവിധകലാപ്രകടനങ്ങളും ഉണ്ടായിരുന്നു. യോഗാനന്തരം ഡേവിഡ് ആൻറ് പാർട്ടിയുടെ ഗാനമേളയും ഉണ്ടായിരുന്നു.

**വെള്ളൂർ:** ശ്രായിക്കുന്നം പള്ളിയിൽ സ്ഥാപിതമായിട്ടുള്ള സണ്ടേസ്കൂൾസമാജത്തിൻെറ വാർഷികം റവ ജോസഫ് വെളിയത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ ശ്രീ കെ ഐ ഇട്ട്യപ്പ്; ശ്രീ സി പി ജോസഫ് എന്നിവരുടെ പ്രസംഗങ്ങളും കുട്ടികളുടെ വിവിധ വിനോദപ്രകടനങ്ങളും പരീക്ഷകളിലും കായികമത്സരങ്ങളിലും വിജയികളായവർക്കു സമ്മാനദാനം മുതലായവയും ഉണ്ടായിരുന്നു.

**മുളക്കുളം:** സ്ഥലം ചെറുപുഷ്പമിഷൻലീഗിൻെറ നാലാം വാർഷികം മുളക്കുളം സെൻറ് ആൻറണീസ് പ്രൈമറിസ്കൂളിൽ വച്ചു മേയ് 6-ാംനു പകൽ 3 മണിക്ക് റവ. ഫാദർ ജോർജ്ജ് വയലിൽ M. S. F. S. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ലീഗംഗങ്ങളുടെ വിവിധകലാപരിപാടികളോടുകൂടി നടത്തപ്പെട്ടു. തദവസരത്തിൽ പാലാ സെൻറ തോമസ് കോളേജ് ലക്ചറർ റവ ഫാദർ കുര്യാക്കോസ് കൊട്ടാരത്തുംകുഴി ബി എ, അഡ്വക്കേററ് മി. പി എം കുര്യാക്കോസ് ബി എ ബി എൽ എന്നിവർ പ്രസംഗിച്ചു

**മുഴൂർ:** മുഴൂർ ഇടവകയിൽ പ്രവർത്തനം നടത്തിവരുന്ന ചെറുപുഷ്പമിഷ്യൻലീഗ്, സെൻറ് വിൻസെൻറു ഡി പോൾ സൊസൈററി, സൊഡാലിററി എന്നി ഭക്തസംഘടനകളുടെ സംയുക്തവാർഷികം മേയ് 6-ാംനു ഞായറാഴ്ച പകൽ 2 മണിക്ക് സെൻറ്മേരീസ് സ്കൂൾ ഹാളിൽ വച്ച് റവ. ഫാദർ മാത്യു വാക്കശേരി എം എ ബി എൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ റവ. ഫാദർ തോമസ് വാളിപ്ലാക്കൽ, ബ്രദർ പി കെ ജോസഫ് ബി എ എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു ബാലികാബാലന്മാരുടെ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു. തുടർന്നു കള്ളസന്യാസി എന്ന നാടകം അഭിനയിക്കപ്പെട്ടു.

**ചെമ്പംതൊട്ടി:** ഈ ഇടവകയുടെ മദ്ധ്യസ്ഥനായ വിശുദ്ധ ഗീവറുഗീസ് സഹദായുടെ തിരുനാൾ ഭക്തിപരമായും മംഗളമായും നടന്നിരിക്കുന്നു.

തിരുനാളിനോടു അനുബന്ധിച്ചു നടത്തപ്പെട്ട സ്കൂൾവാർഷികത്തിൽ റവ. ഫാ ജേക്കബ് കുന്നപ്പള്ളിൽ അവർകൾ അദ്ധ്യക്ഷത വഹിച്ചു. ഗ്രിഗരി പാറസ്സൽ പ്രസംഗിച്ചു. കുട്ടികളുടെ കലാപരിപാടികൾ വിജയപ്രദമായി നടത്തപ്പെട്ടു.

**കല്ലൂർ:** സ്ഥലത്തെ പടിഞ്ഞാറെ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻെറ 11-ാംവാർഷികമഹാമഹം മെയ് 6-ാംനു ഞായറാഴ്ച 5 മണിക്കു പള്ളിയങ്കണത്തിൽവെച്ച് ആഘോഷിക്കുകയുണ്ടായി. റവ ഫാദർ റെജിനോൾഡ് ടി ഒ സി ഡി സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു. അഡ്വക്കേററു ശ്രീ ജെ വി അക്കരയായിരുന്നു പ്രസംഗകൻ. ഇടയ്ക്കിടയ്ക്കു കുട്ടികളുടെ വിവിധകലാപ്രകടനങ്ങൾ ഉണ്ടായിരുന്നു. യോഗാനന്തരം സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന സെൻറു മേരീസ് കലാസമിതി അംഗങ്ങൾ "കണ്ണുനീരിൻെറ പുത്രി" എന്ന സാമൂഹ്യദൃശ്യനാടകം തന്മയത്വത്തോടുകൂടി അഭിനയിച്ചു.

**വെണ്ടൂർ:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിൻേറയും സെൻറു വിൻസെൻറു ഡി പോൾ സഖ്യത്തിൻേറയും സംയുക്തവാർഷികമഹാമഹം മേയ് 6-ാംനു-ഞായറാഴ്ച ഡി. ജഡ്ജി ശ്രീ പി ഡി തൊമ്മൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. ശ്രീ വർഗ്ഗീസ് മേച്ചേരി പ്രസംഗിച്ചു. വേദോപദേശത്തിലും വിവിധമത്സരങ്ങളിലും വിജയികളായിരുന്ന 200ൽപരം അംഗങ്ങൾക്കു സമ്മാനവിതരണം നടത്തുകയുണ്ടായി. യോഗാനന്തരം സഖ്യാംഗങ്ങളാൽ "പ്രേമയാഗം" എന്ന നാടകം അഭിനയിക്കപ്പെട്ടു.

**ഉപ്പുതറ:** ഉപ്പുതറ സെൻറു ഫിലോമിനാപള്ളിയുടെ കുരിശുപള്ളിയായ ചിന്നാർപള്ളിയിൽ വി. ഗീവറുഗീസിൻെറ തിരുനാളാഘോഷിച്ചു. പരിപ്പിററത്തോട്ട തൊമ്മൻ ചെറിയാൻ ദാനം ചെയ്തതാണ് പള്ളിയുടെ മുന്നേക്കർ സ്ഥലം. ടിയാനും ഇടവകക്കാരുംകൂടി മൂന്നുനാലു കൊല്ലത്തെ അശ്രാന്തപരിശ്രമം ചെയ്താണു വി. ഗീവറുഗീസ് സഹദായുടെ നാമത്തിലുള്ള ഈ ദേവാലയം പണിതീർത്തതു്. വി. ഗീവറുഗീസ് പുണ്യവാൻെറ രൂപവും രൂപക്കൂടും ടി തൊമ്മൻ ചെറിയാൻെറ ദാനമാണ്. മെയ് 3-ാംനു വ്യാഴാഴ്ച രാവിലെ 8-30നു ഉപ്പുതറപള്ളിയുടെ വികാരി പാറേൽ ബ. തോമ്മാച്ചൻ ടിയാൻെറ വീട്ടിൽ വച്ചു രൂപം വെഞ്ചരിച്ചു ലദീഞ്ഞു മുതലായ തിരുകർമ്മങ്ങൾക്കുശേഷം പ്രദക്ഷിണമായി ദേവാലയത്തിൽ എത്തി, ആഘോഷമായ തിരുനാൾകർമ്മങ്ങൾ നടത്തി. ഇടവകക്കാർക്കു എല്ലാവർക്കും വിഭവസമൃദ്ധമായ കാപ്പിയും ഉച്ചക്ഷണവും നൽകപ്പെട്ടു.

(ശേഷം 5-ാംപേജിൽ)




വേദശാസ്ത്രപംക്തി

# സപ്തസംസ്കാരങ്ങൾ അഥവാ കൂദാശകൾ

(ഫാദർ മാത്യൂസ് ടി. ഒ. സി. ഡി.)

(തുടർച്ച)

## കൂദാശകളുടെ ഘടന

കൂദാശകൾക്ക് ഇന്ദ്രിയഗോചരമായതും ഇന്ദ്രിയങ്ങൾക്ക് അഗോചരമായതും എന്നു രണ്ടു ഘടകങ്ങളുണ്ട്. ഇന്ദ്രിയഗോചരമായ ഭാഗം കർമ്മസാധനം, കർമ്മസ്വരൂപം എന്ന രണ്ടുപഘടകങ്ങൾ ചേർന്നതായിട്ടുള്ളതാണ്. കർമ്മസ്വരൂപം എന്നതു് കൂദാശകൾ പരികർമ്മംചെയ്യുമ്പോൾ കാർമ്മികനുപയോഗിക്കുന്ന വാക്കുകളും, കർമ്മസാധനം തദവസരത്തിലുപയോഗപ്പെടുത്തുന്ന വസ്തുവുമാകുന്നു. ഉദാഹരണമായി ജ്ഞാനസ്നാനത്തിനുപയോഗിക്കുന്ന "ജലം" കർമ്മസാധനവും "പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാമുക്കുന്നു" എന്നതു് കർമ്മസ്വരൂപവുമാണ്. ഈ ഇരുവക ഘടകങ്ങൾ കൂദാശകൾ സാധുവാകുന്നതിനു അവശ്യം ആവശ്യമാണ്. ഇവയിൽ വരുന്ന ഗുരുതരമായ പ്രമാദവും രൂപഭേദവും കൂദാശയെ അസാധുവാക്കുന്നു.

പുതിയ നിയമത്തിലെ കൂദാശകൾ അവ പരികർമ്മംചെയ്യപ്പെടുന്ന പ്രവൃത്തിയാൽതന്നെ (ex opere operato) വരപ്രസാദദായകങ്ങളാണ്, ആ സ്വർഗ്ഗീയജലപ്രവാഹത്തിനു പ്രതിബന്ധമായി ഒന്നും നില്ക്കുന്നില്ലെങ്കിൽ. പഴയനിയമകാലത്തുണ്ടായിരുന്ന കർമ്മങ്ങൾക്കാകട്ടെ ഈ ഗുണവിശേഷം ഇല്ലായിരുന്നു. അവ പ്രധാനമായി കാർമ്മികനേയും സ്വീകരിക്കുന്നവരേയുമാണാശ്രയിച്ചിരുന്നതു്. അനിഷേദ്ധ്യമായ ഒരു വിശ്വാസസത്യമാണ് അത്ഭുതാവഹമായ ഈ ശക്തി കൂദാശകൾക്കുണ്ടെന്നുള്ളതു്. വി. യോഹന്നാൻ മൂന്നാമദ്ധ്യായം അഞ്ചാംവാക്യത്തിൽ ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നില്ലായെങ്കിൽ എന്നു പ്രസ്താവിക്കുന്നതും, അപ്പസ്തോലനടപടികളിൽ (അ: 8: വാ: 17) അവരുടെമേൽ കൈവയ്ക്കുകയും പരിശുദ്ധാത്മാവിനെ അതുമൂലം അവർ സ്വീകരിക്കുകയും ചെയ്തുവെന്നു പറയുന്നതുമെല്ലാം കൂദാശകളിൽ ഇന്ദ്രിയഗോചരമായ ചിഹ്നങ്ങൾക്കുള്ള ശക്തിവിശേഷത്തെ പ്രഘോഷിക്കുകയാണല്ലോ ചെയ്യുന്നതു്. വി. ശ്ലീഹാ ഇരുനിയമങ്ങളിലേയും കർമ്മങ്ങളെ താരതമ്യവിവേചനം ചെയ്തുകൊണ്ടെന്നവണ്ണം ഗലാത്തിയക്കുള്ള ലേഖനം 4-ാം അദ്ധ്യായം 9-ാം വാക്യത്തിൽ പറയുന്നതു്, പഴയനിയമകാലത്തുണ്ടായിരുന്ന കർമ്മങ്ങൾ പുതിയ നിയമകാലത്തിലെ കൂദാശകളേക്കാൾ ദുർബ്ബലം ബലഹീനങ്ങളും അപൂർണ്ണങ്ങളുമായിരുന്നുവെന്നാണ്. വരപ്രസാദപ്രവർത്തനംകൊണ്ടുമാത്രം സാധിക്കുന്നതും മററു യാതൊന്നുകൊണ്ടും സാധിക്കാത്തതുമായ ആത്മീയപുനർജനനം, ആത്മീയവിശുദ്ധീകരണം, പാപങ്ങളുടെ മോചനം, ആത്മീയോത്ഥാനം തുടങ്ങിയ സൽഫലങ്ങൾ കൂദാശകൾമൂലമാണ് സാധിക്കുന്നതു്.

## എല്ലാ കൂദാശകളിൽനിന്നും ഒരേതരത്തിലുള്ള വരപ്രസാദമാണോ നമുക്കു ലഭിക്കുക?

അങ്ങനെയായിരുന്നുവെങ്കിൽ ഒരേയൊരു കൂദാശമാത്രം മതിയാകുമായിരുന്നു, ഈ ഏഴെണ്ണത്തിന്റെ ആവശ്യമുണ്ടാകുകയില്ലായിരുന്നു. കൂദാശകളെല്ലാം രണ്ടുതരത്തിലുള്ള വരപ്രസാദം പ്രദാനം ചെയ്യുന്നുണ്ട്. സാമാന്യമായി ശുദ്ധീകരണവരപ്രസാദമെന്നറിയപ്പെടുന്നതു് ഒന്നു്. ആദ്ധ്യാത്മികജീവന്റെ അഭിവൃദ്ധി, പാപമോചനം ആദിയായ ഫലങ്ങൾ പുറപ്പെടുവിക്കുന്നതും ഓരോ കൂദാശയുടേയും പ്രത്യേകഉദ്ദേശാനുസരണം ആ അന്ത്യം പ്രാപിക്കുന്നതിനാവശ്യമായ ദൈവികസഹായം പ്രാപിച്ചുതരുന്നതുമായ കൂദാശയ്ക്കടുത്ത വരപ്രസാദം മററതു്.

കൂദാശകളുടെ പ്രകൃതിയും ഘടനയും ഉദ്ദേശങ്ങളുമെല്ലാം വിവിധങ്ങളും വ്യത്യസ്തങ്ങളുമാണെന്നു സൂക്ഷ്മപരിശോധനയിൽ സ്പഷ്ടമായി കാണാവുന്നതാണ്. ഈ ഓരോ പ്രത്യേകസാഹചര്യത്തിലും കൂദാശയുടെ ഉദ്ദേശസാദ്ധ്യാർത്ഥം പ്രവർത്തിക്കുന്നതിനു ആവശ്യമായ പ്രത്യേക ദൈവികസഹായം എന്നല്ലാതെ വരപ്രസാദത്തിൽനിന്നു് വ്യത്യാസപ്പെട്ട എന്തെങ്കിലുമായി കൂദാശയ്ക്കടുത്ത വരപ്രസാദത്തെ മനസ്സിലാക്കേണ്ടതില്ല. ക്രിസ്തീയജീവിതം, ക്രിസ്ത്വാനുകരണജീവിതം അഥവാ ആദ്ധ്യാത്മികജീവിതം ജ്ഞാനസ്നാനമെന്ന അടിസ്ഥാനത്തിലാണല്ലോ ആരംഭിക്കുന്നതു്. വരപ്രസാദത്തിന്റെ അത്ഭുതാവഹമായ പ്രവൃത്തി, ഒരു പുനർജനനം. വി. ശ്ലീഹായുടെ ഭാഷയിൽ പറയുകയാണെങ്കിൽ ജ്ഞാനസ്നാനംമൂലം മിശിഹായോടുകൂടി യഥാർത്ഥത്തിൽ സംസ്കരിക്കപ്പെടുകയും പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു് പുതിയ മനുഷ്യനെ ധരിക്കുകയുംചെയ്യുന്നു. ഇപ്രകാരമാരംഭിച്ച ആ ആദ്ധ്യാത്മികജീവൻ സ്ഥൈര്യലേപനത്താൽ പൂർവ്വോപരി പുഷ്ടിപ്രാപിക്കുകയും ദൃഢമാകുകയും ചെയ്യുന്നു. വിശ്വാസത്തിൽ സ്ഥിരതപ്രാപിച്ചു് മിശിഹായുടെ ഒരു ധീരപടയാളിയായിത്തീരുന്നു ഇതുമൂലം. ഭക്ഷണം ശരീരത്തെ എന്നവണ്ണം വി. കുർബാന ആത്മാവിനെ പോഷിപ്പിക്കുകയും ചാവുദോഷങ്ങളിൽനിന്നു് കാത്തുരക്ഷിക്കുകയും ചെയ്യുന്നതു കൂടാതെ അനുദിനമുണ്ടാകുന്ന കുററങ്ങൾക്കു വീഴ്ചകൾക്കും ഒരു സിദ്ധൗഷധംകൂടെയാണതു് ഇപ്രകാരമാണ് ത്രെന്തോസ് "സൂനഹദോസ്" ഇതേപ്പററി പ്രസ്താവിക്കുന്നതു്. പാപമോചനം എന്ന കൂദാശ, പാപംമൂലം ആദ്ധ്യാത്മികമായി മൃതരായവരെ പുനർജീവിപ്പിക്കുന്നു. ആത്മീയക്ഷതങ്ങൾ സുഖമാക്കപ്പെടുന്നു. ഈ ആത്മീകഫലങ്ങൾക്കു പുറമെ ശാരീരികസൗഖ്യവും ലഭിക്കുന്നു, അന്ത്യലേപനം പരികർമ്മം ചെയ്യുന്നതുകൊണ്ട്. സഭ ഭരിക്കപ്പെടുന്നതും ആദ്ധ്യാത്മികമായി വളർച്ച പ്രാപിക്കുന്നതും തിരുപ്പട്ടം എന്ന കൂദാശവഴിയായിട്ടാണ്. സഭ സാമൂഹികമായി വളർച്ചപ്രാപിക്കുന്നതു് വിവാഹംമൂലവുമാണ്. ഏഴു കൂദാശകൾ എത്ര സമ്യക്കായി, സ്പൃഹണീയമായി, മനുഷ്യന്റെ വ്യക്തിപരവും സാമൂഹ്യവുമായ ജീവിതത്തോടു് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നുവെന്നു് വ്യക്തമായി ഇപ്പോൾ നാം കണ്ടുകഴിഞ്ഞല്ലോ.

## പ്രതിബന്ധങ്ങളുടെ വിക്രിയ

കൂദാശകൾ സാധുവായി സ്വീകരിച്ചാൽതന്നേയും ചില അവസരങ്ങളിൽ വരപ്രസാദം ലഭിച്ചില്ലെന്നുവരാം പ്രതിബന്ധങ്ങൾ ഹേതുവായി. എന്നാൽ പ്രതിബന്ധങ്ങൾ നീങ്ങുന്നതോടുകൂടി വരപ്രസാദം സംലബ്ധമാകുന്നു. ഉദാഹരണമായി ചാവുദോഷത്തോടുകൂടി ഒരാൾ തിരുപ്പട്ടം സ്വീകരിക്കുന്നു അഥവാ വിവാഹം ചെയ്യുന്നുവെന്നു സങ്കല്പിക്കുക. കൂദാശയുടെ സാധുതയ്ക്കു മററു തടസ്സങ്ങളൊന്നുമില്ലെങ്കിൽ കൂദാശ സാധുവായിരിക്കും. എന്നാൽ തത്സമയം ന്യായമായി ലഭിക്കാൻ അർഹതയുള്ള വരപ്രസാദം ആത്മാവിലുള്ള പ്രതിബന്ധംമൂലം ലഭിക്കുകയില്ല. പിന്നീടു് ആ പ്രതിബന്ധം എപ്പോൾ നീക്കപ്പെടുന്നുവോ അപ്പോൾ മാത്രമേ അതു ലഭിക്കുകയുള്ളു. (തുടരും)


കാർമ്മെൽ
അപ്പസ്തോലിക്ക് സ്കൂൾ
എറണാകുളം

കർമ്മലീത്താ നിഷ്പാദുക ഒന്നാംസഭയിൽ ചേർന്നു് പ്രാർത്ഥനാപരവും അനുസരണം ആവശ്യപ്പെടുന്ന പ്രേഷിതവേലകൾ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ചെയ്തുകൊണ്ടുമുള്ള ജീവിതം നയിക്കുവാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ & കോളേജ് വിദ്യാർത്ഥികൾ നേരത്തെ അപേക്ഷിക്കുക.

The Rev. Fr. Director.
Carmel Ap: School
St. Teresa's Monastery,
Banerji Road, Ernakulam-1


# കത്തോലിക്കാ വനിതാ വേൾഡ് ഫെഡറേഷൻ

കത്തോലിക്കാ യുവതികളുടെ ലോകഫെഡറേഷന്റെ ദ്വൈവാർഷികകോൺഗ്രസ് റോമയിൽ സമ്മേളിച്ച വിവരവും ഒന്നാംദിവസത്തെ നടപടികളും ചേർത്തിരുന്നല്ലോ. ലോകത്തിലെ 35 രാജ്യങ്ങളിൽനിന്നു 1400 പ്രതിനിധികളാണ് ഇതിൽ സംബന്ധിച്ചിരുന്നതു്. ആരംഭദിവസം വിശുദ്ധപത്രോസിന്റെ ബസ്ലിക്കായിൽ ചാപ്ലൻ മോൺ: റാംസ്ക്കിയർ സെന്റ് പീറേഴ്സിൽ അർപ്പിച്ച ദിവ്യപൂജയോടുകൂടിയാണു കോൺഗ്രസ് ആരംഭിച്ചതെന്നു പറഞ്ഞുവല്ലോ. രണ്ടാംദിവസം സെന്റ് പോൾസ് ബസ്ലിക്കായിൽ പ്രൊപ്പഗന്താതിരുസംഘം സിക്രട്ടറി മോൺ: സിജിസ്മോണ്ടിയും, മൂന്നാംദിവസം മരിയാമജോരെ ബസ്ലിക്കായിൽ കൺസിസ്റ്റോറിയൽ തിരുസംഘത്തിന്റെ സിക്രട്ടറി കർദ്ദിനാൾ പ്യാസ തിരുമേനിയും, നാലാംദിവസം സെന്റ് ജോൺ ലാറററൻ ദേവാലയത്തിൽ ഫെഡറേഷന്റെ പ്രൊട്ടക്ടറായ കർദ്ദിനാൾ പിസ്സാർഡോ തിരുമേനിയും ദിവ്യപൂജ അർപ്പിച്ചു. പ്രതിനിധികളെല്ലാവരും ഈ ദിവ്യപൂജകളിൽ സംബന്ധിച്ചിരുന്നു. മൂന്നാംദിവസം വിവിധ ഡെലിഗേഷനുകളുടെ ചാപ്ലൻമാർ, മതമർദ്ദനവിധേയമായ രാജ്യങ്ങളുടെ നിയോഗാർത്ഥം ഭൂഗർഭാലയങ്ങളിൽ ദിവ്യപൂജ അർപ്പിക്കുകയുണ്ടായെന്നുള്ളതും സ്മർത്തവ്യമാണ്.

കോൺഗ്രസിന്റെ ദിവസം ശ്രദ്ധേയങ്ങളായ രണ്ടു പ്രസംഗങ്ങൾ നടന്നു. "കമ്മ്യൂണിസ്റ്റ്രാജ്യങ്ങളിലെ യുവാക്കന്മാരുടെ ആദ്ധ്യാത്മികദുരന്തം" എന്ന വിഷയത്തെക്കുറിച്ചു പോണ്ടിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിററ്യൂട്ടിലെ ഫാദർ ഡി പ്രിസ് എസ്. ജെ. യും, ചൈനയിലെ വർദ്ധമാനമായ മതമർദ്ദനത്തെപ്പററി ചൈനാക്കാരനായ ഫാദർ ചാങ്ങ് എസ്. ജെ. യും നടത്തിയ പ്രഭാഷണങ്ങളായിരുന്നു അതു്. അന്നുതന്നെ പ്രതിനിധികൾ ജപമാലചൊല്ലിക്കൊണ്ടും, ഗാനങ്ങളാലപിച്ചുകൊണ്ടും കത്തിച്ച മെഴുകുതിരിയും പിടിച്ചുകൊണ്ട് ഒരു പ്രദക്ഷിണം നടത്തുകയുണ്ടായി. പീഡനമനുഭവിക്കുന്ന രാജ്യങ്ങളിലെ സഭയ്ക്കുവേണ്ടി ആഘോഷമായ ഒരു കുരിശിന്റെവഴിയും അവർ കഴിച്ചു.

സമ്മേളനത്തിന്റെ ചർച്ചാവിഷയം പഠിക്കുന്നതിനാണു രണ്ടു ദിവസം ചെലവഴിച്ചതു്. ഇതിലേക്കു പ്രതിനിധികൾ പഠനഗ്രൂപ്പുകളായി തിരിഞ്ഞു. ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച്, സ്പാനിഷ്, ഇററാലിയൻ എന്നി ഭാഷകളിൽ ചർച്ചകൾ നടന്നു. ഫെഡറേഷന്റെ ജനറൽ സിക്രട്ടറി എം. ജെ. ഡി. മൂർ ചർച്ചാവിഷയത്തെ അപഗ്രഥിച്ചുകൊണ്ടു് ഒരു പ്രസംഗംചെയ്തു. അതിന്റെ പശ്ചാത്തലത്തിലാണു ചർച്ചകൾ നടന്നതു്. ആദ്ധ്യാത്മികജീവിതത്തിന്റെ വിവിധവശങ്ങൾ—പ്രാർത്ഥന, സന്യാസം, ധ്യാനം, ആരാധനക്രമം, കൂദാശകൾ, ക്രിസ്തു, പരിശുദ്ധകന്യകാമറിയം, പ്രേഷിതവൃത്തി എന്നിവയെല്ലാം—പരിഗണിക്കപ്പെട്ടു. വിവിധ ഗ്രൂപ്പുകളുടെ നിഗമനങ്ങൾ പ്രമേയങ്ങളായി തയാറാക്കുകയും

# പുസ്തകാഭിപ്രായം

## പുരോഗതിയുടെ മാർഗ്ഗത്തിൽ

[ഗ്രന്ഥകർത്താ: ബി. ജി. കൊച്ചുവേളി. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ നോത്തു്. പുറം 144+8; വില 11 ണ]

"ക്രിസ്തീയപ്രബോധനങ്ങളുടെ വെളിച്ചത്തിൽ ഇന്നത്തെ സാമൂഹികപ്രശ്നങ്ങളിലേക്കു തിരിനോക്കുന്ന ഒരു വിശിഷ്ടകൃതിയാണ് ഈ "പുരോഗതിയുടെ മാർഗ്ഗത്തിൽ." "ക്രിസ്തുവും സാമൂഹികവിപ്ലവവും", "ക്രിസ്തുമതത്തിന്റെ സാമൂഹികപരിപാടികൾ", "ക്രിസ്തുമതവും ആധുനികപ്രശ്നങ്ങളും" എന്നിങ്ങനെ പുസ്തകം മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുകയാണ്. ഗ്രന്ഥകാരൻ അവകാശപ്പെടുന്നു: "ആദ്യത്തെ ഭാഗത്തു സാമൂഹികപ്രശ്നങ്ങളോടു ബന്ധപ്പെട്ട ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ ഒരു വശം വിശകലനംചെയ്യുന്നു. അവിടുത്തെ ചെയ്തികളുടെ സാമൂഹികപ്രാധാന്യത്തെയും പഠിക്കുന്നുണ്ട്. രണ്ടാംഭാഗത്തു ക്രിസ്തുമതത്തിന്റെ പ്രായോഗികമായ സാമൂഹികപരിപാടികളെപ്പററി ചർച്ചചെയ്യുന്നു. മൂന്നാംഭാഗത്തു ആധുനികകാലത്തു സാമൂഹ്യമണ്ഡലത്തിൽ കാററും പിശറുമിളക്കുന്ന ചില മാനുഷികപ്രശ്നങ്ങൾക്കു സഭ എങ്ങനെ പരിഹാരമുണ്ടാക്കുന്നുവെന്നു കാണാം."

ക്രിസ്തുവിന്റെ പ്രബോധനങ്ങൾ കേവലം സാമൂഹികംമാത്രമാണെന്നും, അതല്ലാ അവിടുന്നു സാമൂഹികപ്രശ്നങ്ങളെ സ്പർശിക്കുന്നതേയില്ലെന്നും, ഇതു രണ്ടുമല്ലാ അവ ആദ്ധ്യാത്മികവും സാമൂഹ്യവുമാണ് എന്നും പലവിധത്തിലുള്ള അഭിപ്രായങ്ങൾ ഉപാവിവന്നിട്ടുണ്ട്. ഗ്രന്ഥകാരൻ അവയെ സന്നിഷ്കർഷം പരിശോധിക്കുന്നു. അവിടുന്നു സർവ്വോപരി ഒരു മതപരിഷ്കർത്താവായിരുന്നുവെന്നും, എന്നാൽ സാമൂഹ്യകാര്യങ്ങളെ അവിടുന്നു വിസ്മരിച്ചിട്ടില്ലെന്നും ഗ്രന്ഥകാരൻ വിശദീകരിക്കുന്നു. ക്രിസ്തു തന്റെ കാലത്തുണ്ടായിരുന്ന അനേകമനേകം സാമൂഹികപ്രശ്നങ്ങളെ നേരിടുകയും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുകയും ചെയ്തുവെങ്കിലും, അവിടുന്നു സാമൂഹ്യമോ രാഷ്ട്രീയമോ ആയ ഒരു വിപ്ലവകാരിയായിരുന്നില്ല.

ക്രിസ്തുമതത്തിന്റെ സാമൂഹികപരിപാടികളെപ്പററിയാണു രണ്ടാംഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്. വ്യക്തികളെ പരിപൂർണ്ണരാക്കിയും, കുടുംബഭദ്രത സംരക്ഷിച്ചും മാനുഷികമൂല്യങ്ങളെ അംഗീകരിച്ചും, സമുദായത്തിലെ ഓരോ അംഗത്തിലും നീതി, സ്നേഹം, സമാധാനം, ഐക്യം, കർത്തവ്യബോധം മുതലായ സാമൂഹികസുകൃതങ്ങൾ വളർത്തിയും ക്രൈസ്തവാദർശങ്ങൾ എങ്ങനെ സമുദായത്തിൽ പ്രേരണ ചെലുത്തിക്കൊണ്ടിരിക്കുന്നുവെന്നു ഗ്രന്ഥകാരൻ വിശദീകരിക്കുന്നു. നൂററാണ്ടുകളായി മനുഷ്യജീവിതത്തിന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ രംഗങ്ങളിലും വെളിച്ചം വീശിക്കൊണ്ടിരിക്കുന്ന ക്രൈസ്തവസഭയ്ക്കു സമുദായത്തിന്റെ ഏതുപ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാൻ കഴിവുണ്ടല്ലോ. സ്ത്രീ, കുഞ്ഞുങ്ങൾ, ദരിദ്രർ മുതലായവർക്കും, വിവാഹം, കുടുംബം മുതലായ സ്ഥാപനങ്ങൾക്കും ക്രിസ്തുവിനുമുൻപുണ്ടായിരുന്ന അധഃസ്ഥിതാവസ്ഥയും ക്രിസ്തുവിനുശേഷം അവയ്ക്കുണ്ടായിരിക്കുന്ന ഉന്നമനവും ഭംഗിയായി ഈ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. മനുഷ്യരെല്ലാം തുല്യരും സഹോദരന്മാരുമാണെന്നും, പരസ്പരം സ്നേഹിക്കണമെന്നും നീതി പുലർത്തണമെന്നുമുള്ളതു ക്രിസ്തുവിനുമുൻപു കേൾക്കപ്പെടാത്ത തത്വങ്ങളായിരുന്നു. ഗ്രന്ഥകാരന്റെ ശൈലിയിൽ പറഞ്ഞാൽ "ക്രിസ്തുമതം അവകാശത്തോടു ദാനവും, നീതിയോടു സ്നേഹവും ചേർത്തു മനുഷ്യന്റെ സാമൂഹികജീവിതം സുഗമവും സന്തോഷപ്രദവുമാക്കുന്നു."

മൂന്നാംഭാഗത്തിൽ ചില ആധുനികപ്രശ്നങ്ങളെപ്പററിയാണു ചർച്ചചെയ്തിരിക്കുന്നതു്. ജനാധിപത്യം ക്രൈസ്തവനാഗരികതയിലേ വളരൂ എന്നു ചരിത്രപശ്ചാത്തലത്തിൽനിന്നുകൊണ്ടു ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. അതുപോലെതന്നെ ക്രൈസ്തവാദർശത്തിലേ തൊഴിലാളിക്കു അവന്റെ അനുദിനഭോജനം അന്തസ്സോടുകൂടി സമ്പാദിക്കുവാൻ സാധിക്കുകയുള്ളുവെന്നും, മനുഷ്യജീവിതത്തിൽ ധനത്തിനുള്ള സ്ഥാനമെന്തെന്നും, പുണ്യപരിപൂർണ്ണതയിലേക്കുള്ള എളുപ്പവഴി ഏതെന്നും, സ്വകാര്യസ്വത്തു നിഷിദ്ധമാണോയെന്നും സമഗ്രമായി വിശദീകരിച്ചിരിക്കുന്നു. എല്ലാത്തരം മാനുഷികപ്രശ്നങ്ങൾക്കും സഭയുടെ ശിക്ഷണചര്യയിൽ പ്രതിവിധി കണ്ടെത്താമെന്നു വിശദീകരിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ഏററം കാലോചിതവും അത്യന്തം പ്രയോജനപ്രദവുമായ ഒരു കൃതിയാണ് ഈ "പുരോഗതിയുടെ മാർഗ്ഗത്തിൽ." ഇതിലെ ഭാഷ ലളിതവും പ്രതിപാദനരീതി സുഗമവുമാണ്. "സാധാരണക്കാരനും ഇടത്തരക്കാരനും വേണ്ടത്ര സാമൂഹ്യജ്ഞാനം ക്രൈസ്തവതത്വങ്ങളുടെ പശ്ചാത്തലത്തിൽ നൽകണ"മെന്ന ലക്ഷ്യം സാധിച്ചിട്ടുണ്ടെന്നു ഗ്രന്ഥകാരനു അഭിമാനിക്കാം. ഗ്രന്ഥത്തിനു അതർഹിക്കുന്ന പ്രചുരപ്രചാരം അനായാസേന ലഭിക്കുമെന്നു പ്രത്യാശിക്കുന്നു. (Jom)

വിമർശനപംക്തി

# മുൻവിധിയുടെ ഫലം

താൻ ജനിച്ചുവളന്ന യാക്കോബായസഭ ഉപേക്ഷിച്ചു കത്തോലിക്കനാകുവാനുണ്ടായ സാഹചര്യങ്ങളെയും കാരണങ്ങളെയുമാണല്ലോ ശ്രീ കെ. വറുഗീസ് തിരുവല്ലാ, ഫെബ്രുവരി 22-ാംതീയതിയിലെ ആത്മകഥാകഥനത്തിൽ വിവരിച്ചിരുന്നതു്. മുൻവിധിയാൽ മലിമസമാകാത്ത മനസ്സുകൾക്ക നല്ലതുപോലെ മനസ്സിലാകത്തക്കവിധം ലളിതമായ ഭാഷയിൽ അദ്ദേഹം തന്റെ അനുഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. ഒടുവിൽ അതിനെ സമാഹരിച്ചു് ഇങ്ങനെ പ്രസ്താവിച്ചിരുന്നു: "യഥാർത്ഥത്തിൽ പാരായണതല്പരതയും, കോട്ടയം ബസ്സ്റ്റാൻറിൽവച്ചു കണ്ടുമുട്ടിയ ബ്ര. ശെമ്മാശനും ആണു എന്നെ കത്തോലിക്കനാക്കിത്തീർത്തതെന്നു പറയാം." പാരായണതല്പരനായ ലേഖകനു ബസ്സ്റ്റാൻറിൽവച്ചു് കണ്ടുമുട്ടിയ ശെമ്മാശൻ നല്ല നല്ല പ്രസിദ്ധീകരണങ്ങൾ അയച്ചുകൊടുത്തുവെന്നും, സത്യാന്വേഷണകുതുകിയായ ലേഖകൻ അതു വായിച്ചു സത്യംഗ്രഹിച്ചുവെന്നുമാണു ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതു്. വായനയോടുകൂടിത്തന്നെ സത്യം ഗ്രഹിക്കുന്നതിനും ഗ്രഹിച്ചാൽ അതു സ്വീകരിക്കുന്നതിനും വേണ്ട ദൈവാനുഗ്രഹത്തിനായി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

"സത്യദീപ"ത്തിലെ ഈ ലേഖനം കണ്ട ഉടനെയാണു ശ്രീ പട്ടശേരിൽ പൗലൂസ് മാപ്പിള (തുമ്പമൺ) തന്നെയും കത്തോലിക്കനാക്കാമോയെന്ന വെല്ലുവിളിയുമായി പുറപ്പെട്ടിരിക്കുന്നതു്. "കുറെ നാളുകളായി സത്യദീപം വായിക്കാറില്ലാത്ത" അദ്ദേഹത്തിനു ഫെബ്രുവരി 22-ാംതീയതിയിലെ ലക്കം "കാണുന്നതിനു സംഗതിയായി" എന്നും, അതിൽ മി. വറുഗീസ് "എഴുതിയിരുന്ന ഒരു ലേഖനം കണ്ടു" എന്നും ശ്രീ പൗലൂസ്മാപ്പിള സമ്മതിക്കുന്നുണ്ടു്. നിർഭാഗ്യവശാൽ അദ്ദേഹം ലേഖനം "കണ്ടു"തല്ലാതെ, അതിൽ പറഞ്ഞിരിക്കുന്നതു് എന്താണെന്നു ഗ്രഹിക്കണമെന്ന ലക്ഷ്യത്തോടുകൂടി അതു "വായിച്ചി"ല്ലെന്നു തോന്നുന്നു. എന്തെന്നാൽ അതു ശരിക്കു വായിച്ചിരുന്നെങ്കിൽ, ഇങ്ങനെയൊരു മറുപടി എഴുതുന്നതിനോ അതു് അച്ചടിക്കുന്നതിനു പണം ചെലവാക്കുന്നതിനോ അദ്ദേഹം മുതിരുമായിരുന്നില്ല.

ഒരു മുൻവിധിയോടുകൂടിയാണു പ്രത്യാഖ്യാതാവു ശ്രീ വറുഗീസിന്റെ ലേഖനം കാണുന്നതുതന്നെ. എന്തെന്നാൽ ശ്രീ വറുഗീസ് തന്റെ മാനസാന്തരത്തിനു ചൂണ്ടിക്കാണിച്ചിരിക്കുന്ന കാരണങ്ങൾ "മാത്രമാണു ലേഖകനെ പ്രേരിപ്പിച്ചതെന്നു വിശ്വസിക്കുവാൻ എനിക്കു ധൈര്യം വരുന്നില്ല" എന്നു ആമുഖമായിത്തന്നെ പ്രത്യാഖ്യാതാവു സമ്മതിച്ചിട്ടുണ്ടു്. വാസ്തവത്തിൽ ഹക്സിലി പറയുന്നതുപോലെ, "സ്വകപോലകല്പിതങ്ങളായ സകല മുൻവിധികളെയും പരിത്യജിക്കുവാൻ സന്നദ്ധരല്ലാത്തവർക്കു സത്യം കണ്ടെത്തുക സാദ്ധ്യമല്ല. ശ്രീ വറുഗീസ് സത്യം കണ്ടെത്തിയിടത്തു ശ്രീ പൗലൂസ്മാപ്പിളയ്ക്കു സത്യം കണ്ടെത്തുവാൻ സാധിക്കാതിരിക്കുന്നതിന്റെ പ്രധാന കാരണം അതാണു്. ശ്രീ പൗലൂസുമാപ്പിളയുടെ "തന്നെയും കത്തോലിക്കനാക്കുവാനുള്ള" വെല്ലുവിളി ആരും സ്വീകരിക്കുകയില്ലെന്നു അദ്ദേഹത്തിനു ധൈര്യമുള്ളതും അതുകൊണ്ടായിരിക്കണം.

മുൻവിധിയുള്ളവർക്കു പററുന്ന അബദ്ധം ശ്രീ പൗലൂസ മാപ്പിളയ്ക്കും പററിയിരിക്കുന്നു. അദ്ദേഹം എഴുതാപ്പുറം വായിച്ചിരിക്കുന്നു. കത്തോലിക്കസഭയിൽ ചേരുവാൻ തന്നെ പ്രേരിപ്പിച്ച കാരണങ്ങൾ മൂന്നായിരുന്നുവെന്നു ശ്രീ വറുഗീസ് പ്രസ്താവിക്കുന്നതായിട്ടാണു് പൗലൂസുമാപ്പിള കാണുന്നതു്. മി. വറുഗീസ് അങ്ങനെ ഇനം തിരിച്ചു കാരണങ്ങൾ പറയുന്നില്ലെന്നു ലേഖനം വായിച്ചിട്ടുള്ളവർക്കൊക്കെ അറിയാമല്ലോ. "യഥാർത്ഥത്തിൽ പാരായണതല്പരതയും കോട്ടയം ബസ്സ്റ്റാൻഡിൽ വച്ചു കണ്ടുമുട്ടിയ ബ്ര. ശെമ്മാശനുമാണു് എന്നെ കത്തോലിക്കനാക്കിത്തീർത്തതെന്നു പറയാം" എന്നു ശ്രീ വറുഗീസ് പറയുന്നുണ്ടെന്നുള്ളതു ശരിതന്നെ. ഇവ കാരണങ്ങളായി കണക്കാക്കുകയാണെങ്കിൽതന്നെ, ഇവയുടെ സംഖ്യ മൂന്നാകുന്നതെങ്ങനെയെന്നു മനസ്സിലാകുന്നില്ല.

ശ്രീ വറുഗീസിന്റെ ലേഖനത്തിൽ താൻ കണ്ടെത്തിയിരിക്കുന്ന മൂന്നു കാരണങ്ങൾ ഏവയെല്ലാമെന്നു ശ്രീ പൗലൂസ് മാപ്പിള വിവരിക്കുന്നുണ്ടു്. (1) "അപരിചിതനായ തന്നോടു റോമാസഭയിലെ ഒരു ശെമ്മാശൻ വളരെ മര്യാദയായി പെരുമാറി." (2) "രണ്ടാമത്തെ വിഷയം റോമാസഭയിലെ പട്ടക്കാരുടെ ബ്രഹ്മചാരിജീവിതമാണു്." (3) "മൂന്നാമത്തെ വിഷയം ക്രിസ്തു തന്റെ ശിഷ്യന്മാരിൽ പ്രധാനിയായ പത്രോസിനു സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും താക്കോലുകൾ കൊടുക്കുന്നതായും, പത്രോസു മുട്ടിന്മേൽനിന്നു അതു വാങ്ങുന്നതായുമുള്ള ഒരു ചിത്രം ദീപത്തിൽ ചേർത്തിരുന്നതു കണ്ട"താണു്.

യഥാർത്ഥത്തിൽ പാരായണതല്പരതയാണു് എന്നെ കത്തോലിക്കനാക്കിത്തീർത്തതെന്നു പറഞ്ഞു് അവസാനിപ്പിച്ചിരിക്കുന്ന ഒരു ലേഖനത്തിൽനിന്നു പൗലൂസ്മാപ്പിള കണ്ടെത്തിയ കാരണങ്ങൾ മുകളിൽപ്പറഞ്ഞവമൂന്നുമാണു്. ലേഖനം വായിക്കാതെ "കണ്ടു" മറുപടി എഴുതുവാൻ ചാടി പുറപ്പെട്ടതിന്റെ ദുരന്തഫലമാണിതു്. വാസ്തവത്തിൽ ശ്രീ വറുഗീസിന്റെ ആത്മകഥാകഥനത്തിനു ഒരു മറുപടി എഴുതിയിരിക്കുകയല്ലാ ശ്രീ പൗലൂസുമാപ്പിള ചെയ്തിരിക്കുന്നതു്. പ്രത്യുത അദ്ദേഹത്തിന്റെ മനസ്സിൽ തിളച്ചുപൊന്തിയിരുന്ന ചില അഭിപ്രായങ്ങൾ പുറത്തേക്കു വമിക്കുവാൻ മി. വറുഗീസിനെ ഒരു ഏണിയായി ചാരിയിരിക്കുന്നുവെന്നു മാത്രമേയുള്ളു.

താൻ കാണുന്ന ഈ മൂന്നു കാരണങ്ങൾക്കും സമാധാനം നൽകുവാൻ ശ്രീ പൗലൂസ്മാപ്പിള ശ്രമിക്കുന്നുണ്ടു്. അതു എന്താണെന്നുകൂടി നമുക്കൊന്നു പരിശോധിക്കാം. (തുടരും)

---

പൊതുസമ്മേളനത്തിൽ അവ പാസാക്കപ്പെടുകയുമുണ്ടായി.

ഒരു ദിവസം വിവിധപഠനകമ്മീഷനുകളുടെ ജോലികൾക്കവേണ്ടിയാണു വിനിയോഗിച്ചതു്. കുട്ടികളുടെ ആദ്ധ്യാത്മികരൂപവത്കരണത്തിനുള്ള മാർഗ്ഗങ്ങൾ, കത്തോലിക്കാവനിതകൾക്കു പററിയ സ്പോർട്ട്സ്, സർവ്വരാജ്യഫെല്ലോഷിപ്പു ക്യാമ്പുകൾ, ഗ്രാമീണവും കാർഷികവുമായ ചുററുപാടുകളിലുള്ള പ്രശ്നങ്ങൾ, ലത്തീൻ അമേരിക്കാ, ഏഷ്യാ, ആഫ്രിക്കാ രാജ്യങ്ങൾക്കു പ്രത്യേകമായ പ്രശ്നങ്ങൾ മുതലായവയാണു് കമ്മീഷനുകളുടെ പഠനത്തിനു വിഷയീഭൂതമായതു്. കോൺഗ്രസ്സിൽ നടത്തപ്പെട്ട "നാടൻ കലാപ്രദർശനം" അത്യന്തം ഹൃദയാവർജ്ജകമായിരുന്നു. വിവിധ രാജ്യങ്ങളുടെ സംസ്കാരവും കലകളും ഭംഗിയായി പ്രകടിപ്പിക്കപ്പെട്ടു.

ഇൻറർനാഷനൽ സ്റ്റാററ്യൂട്ടറി കൗൺസിലിന്റെ വാർഷികസമ്മേളനത്തിൽവെച്ചു ഫെഡറേഷന്റെ അടുത്ത കൊല്ലത്തെ പ്രസിഡൻറായി നെതർലൻഡ്സിലെ കത്തോലിക്കാ പ്രവർത്തനവനിതാഗ്രൂപ്പിന്റെ പ്രസിഡൻറായ മിസ് എം എച്ച് സി വെൻഡ്റിക്ക് തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ മുപ്പതുകൊല്ലമായി പ്രസിഡൻറായിരുന്നതു ഫെഡറേഷന്റെ സ്ഥാപകയായ മാഡം ക്രിസ്റ്റീൻ ഡി ഹെംപ്ടിനേ ആയിരുന്നു. പുതിയ എക്സിക്യൂട്ടീവ് കമ്മിററിയിൽ ഫ്രഞ്ചുവെസ്റ്റ് ആഫ്രിക്കാ, ജമ്മനി, ആസ്ട്രിയാ, ബെൽജിയം, ക്യാനഡാ, കൊളംബിയാ, സ്പെയിൻ, ഫ്രാൻസ്, ഇൻഡ്യാ, അയർലൻഡ്, ഇററലി, നെതർലൻഡ്സ്, പോർട്ടുഗൽ, സ്വിററ്സർലൻഡ്, അമേരിക്കാ, വെനിസ്വേലാ ഈ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ഉൾപ്പെടുന്നു.

അവസാനസമ്മേളനത്തിൽ കർദ്ദിനാൾ പിസാർഡോ ഉൾപ്പെടെ അനേകം പ്രശസ്തവ്യക്തികൾ സംബന്ധിച്ചിരുന്നു. സ്ഥാനമൊഴിയുന്ന പ്രസിഡൻറു ഫെഡറേഷന്റെ ചരിത്രം ഉള്ളടക്കി ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു. വത്തിക്കാൻ വികാരിജനറാളായ ബിഷപ്പ് വാൻ ചീർഡെ ആദ്ധ്യാത്മികപുനരുജ്ജീവനത്തെപ്പററി ഒരു പ്രസംഗം ചെയ്തു. ഇന്നത്തെ വ്യാവസായികയുഗത്തിൽ ആദ്ധ്യാത്മികപുനരുജ്ജീവനം എങ്ങനെ സാധിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ലക്ഷ്യം.

മുപ്പതുവർഷക്കാലം ഫെഡറേഷന്റെ പ്രസിഡൻറായിരുന്ന മാഡം ഹെംപ്ടിനേയോടു ഫെഡറേഷനുള്ള കൃതജ്ഞത പല രൂപത്തിൽ പ്രകാശിപ്പിക്കപ്പെട്ടു. പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു ആ മഹതിക്കു കല്പിച്ചുനൽകിയ ബെനേമെരേന്തി ബഹുമതിമുദ്ര കർദ്ദിനാൾ പിസ്സാർഡോ തിരുമേനി അവർക്കു പ്രദാനംചെയ്തു. ദിവ്യകാരുണ്യാശീർവ്വാദത്തിനുശേഷം കോൺഗ്രസിൽ സംബന്ധിച്ചിരുന്ന പ്രതിനിധികളെല്ലാം ചേർന്നു മാഗ്നിഫിക്കാത്തു് ഗാനം ആലപിക്കുകയുമുണ്ടായി.




# നയംമാററമെവിടെ?

(വർഗ്ഗീസ് മേച്ചേരി)

മോസ്കോ കമ്മ്യൂണിസ്റ്റ്പാർട്ടി കോൺഗ്രസിൽ അടുത്തകാലത്തുണ്ടായിട്ടുള്ള ചില സ്ഥിതിവിശേഷങ്ങളെ അടിസ്ഥാനപ്പെടുത്തി പലരും അവിടെ ചില നയവ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു വിശ്വസിച്ചുവരുന്നതായി കാണുന്നു. ഇതു തികച്ചും അപ്രസക്തമായ ഒരു വിശ്വാസമായിട്ടേ വസ്തുസ്ഥിതികൾ അപഗ്രഥനം ചെയ്യുമ്പോൾ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു.

ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ ഒരുറച്ച കമ്മ്യൂണിസ്റ്റ് ഭരണവ്യവസ്ഥിതിക്കുവേണ്ടിയാണു മോസ്കോസമ്മേളനംവഴി ആഹ്വാനം ചെയ്യപ്പെട്ടിട്ടുള്ളതു്. ആദ്യത്തേതു സ്റ്റലിന്റെ നേതൃത്വത്തിലാണെങ്കിൽ ഇപ്പോഴത്തേതു് ക്രൂഷ്ച്ചേവ്—മിഖോയൻ—മലങ്കോവുമാരുടെ കൂട്ടുനേതൃത്വത്തിലാണെന്നുമാത്രം. സ്റ്റലിനിസത്തെ തിരസ്കൃതമാക്കിയതു് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പരാജയത്തെ സൂചിപ്പിക്കുന്നുണ്ടെങ്കിലും അതിന്റെ നയത്തിൽ വ്യത്യാസമൊന്നും വരുത്തിയിട്ടില്ലെന്നതു സ്പഷ്ടം.

ഒരു ഏകഛത്രാധിപതി മരിച്ചാൽ തൽസ്ഥാനത്തു മററൊരു ഭരണാധികാരി വരുമെന്നതു ലോകനിയമമാണു്. സ്റ്റലിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഭരണാധിപപീഠത്തിൽ രണ്ടുമൂന്നുപേരുടെ സ്ഥാനം ദൃശ്യമായിയെന്നുമാത്രം. അല്ലാതെ ഭരണപരമായ വ്യത്യാസങ്ങളൊന്നും അവിടെ ഉടലെടുക്കുന്നില്ല. അങ്ങനെ ഭരണപരമായ മാററങ്ങൾ അവിടെ ഉണ്ടാകണമെങ്കിൽ ഭരണഘടനതന്നെ മാറണമല്ലോ. ഭരണഘടന പൊളിച്ചെഴുതുവാൻ അവർ തയ്യാറുണ്ടോ? ഒരിക്കലുമില്ല.

ബന്ദൂങ്ങ് സമ്മേളനത്തിൽ ഇന്ത്യ ആവിഷ്കരിച്ച പഞ്ചശീലതത്വങ്ങളുടെ അടിസ്ഥാനത്തിലാണു് തത്വങ്ങൾ ഇനിമുതൽ മുന്നോട്ടുപോവുകയെന്ന വാദത്തിലെ അർത്ഥശൂന്യതയെക്കുറിച്ചു നമുക്കൊന്നു് അപഗ്രഥനം ചെയ്തു നോക്കാം. പഞ്ചശീലതത്വങ്ങൾ ഗാന്ധിസത്തിന്റെ അടിസ്ഥാനത്തിലും ആർഷസംസ്കാരത്തിന്റെ പശ്ചാത്തലത്തിലുമാണു് ഇന്ത്യ ആവിഷ്കരിച്ചിരിക്കുന്നതു്. എന്നാൽ ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകാൻ തീരുമാനമെടുത്ത റഷ്യൻ ഭരണാധികാരിവർഗ്ഗം പഞ്ചശീലത്തിന്റെ പേർ ഉപയോഗിക്കുന്നതിന്റെ അർത്ഥം? അർത്ഥമൊന്നുമില്ല തന്നെ. ലോകരാഷ്ട്രങ്ങളുടെയിടയിൽ ചുളുവിനു പേരെടുക്കുവാൻ വേണ്ടി ചെയ്ത ഒരു കണ്ണിൽ പൊടിയിടൽ മാത്രമാണതു്. ഗാന്ധിയും ലെനിനും പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളുടെ വിധാതാക്കളാണു്. വർഗ്ഗവൈരുദ്ധ്യാധിഷ്ഠിതഭൗതികവാദത്തിൽ വിശ്വസിക്കുന്ന ലെനിനിസവും വർഗ്ഗസഹകരണാധിഷ്ഠിത ആദ്ധ്യാത്മികവാദത്തിൽ സംഘടിതമായ ഗാന്ധിസവും എങ്ങിനെ യോജിക്കും? ഗാന്ധിസം പരിപൂർണ്ണ അഹിംസയിലൂടെ ലക്ഷ്യം നേടാമെന്നു വിശ്വസിക്കുമ്പോൾ എന്തു കൊലപാതകം ചെയ്തും ലക്ഷ്യം നേടാമെന്നാണു മാർക്സിയൻ (ലെനിൻ) സിദ്ധാന്തം. അഹിംസയും ഹിംസയും കൂടി യോജിക്കുക സാദ്ധ്യമല്ല. പകലും രാത്രിയും പോലെ. ഈ ഒരൊററ വാദമുഖം കൊണ്ടുതന്നെ അവരുടെ പുതിയ വെളിപാടിലെ ആത്മാർത്ഥതയില്ലായ്മ വിളിച്ചുപറയുന്നുണ്ടല്ലോ.

ഇനിയും നോക്കാം: ബന്ദോങ്ങ് സമ്മേളനത്തിൽ പൊങ്ങിവന്ന ഒരാശയം കൊളോണിയലിസത്തിനെതിരായുള്ളതാണു്. ഏതു തരം കൊളോണിയലിസത്തെയും—അതു റഷ്യയുടേതായാലും ഇതരരാഷ്ട്രങ്ങളുടേതായാലും എതിർക്കുകതന്നെ വേണമെന്നു് ഏഷ്യൻനേതാക്കന്മാർ പ്രഖ്യാപിച്ചു. ഇതനുസരിച്ചു തങ്ങളുടെ പരിപാടി തയ്യാറാക്കുവാൻ സോവ്യററു അധികൃതർ തയ്യാറാകുമോ? കോടിക്കണക്കിനു ജനങ്ങളാണു റഷ്യയിലും ആശ്രിതരാജ്യങ്ങളിലും നരകയാതന അനുഭവിക്കുന്നതു്. ചെക്കോസ്ലോവാക്യ, പോളണ്ടു്, ഹംഗറി, റുമേനിയ തുടങ്ങി എത്ര രാജ്യങ്ങളാണു് റഷ്യൻസാമ്രാജ്യത്വത്തിന്റെ ചെങ്കൊടിക്കു കീഴിൽ അടക്കി ഭരിക്കപ്പെടുന്നതു്. ഈ രാജ്യങ്ങളിലെ ചെമ്പടകളെ പിൻവലിക്കുവാനും അവർക്കു പരിപൂർണ്ണ സ്വാതന്ത്ര്യം നൽകുവാനും അവർ തയ്യാറാണോ? എല്ലാററിനുമുപരിയായി ബന്ദോങ്ങിൽ മുഴങ്ങിക്കേട്ട മുദ്രാവാക്യം ജനകീയജനാധിപത്യത്തെക്കുറിച്ചായിരുന്നു. ഒററ പാർട്ടി ഭരണമാവിഷ്കരിച്ചു് ഏകഛത്രാധിപതികളായി വാണരുളുന്ന റഷ്യൻമേധാവികളേ, നിങ്ങൾ ഡെമോക്രസിയുടെ നേരെ വീശുന്ന വാൾ ഉറയിലിടാമോ? റഷ്യയിലും മററിതര കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും സ്വതന്ത്രമായ തിരഞ്ഞെടുപ്പുകളും സ്വതന്ത്രമായ പാർട്ടിരൂപീകരണസ്വാതന്ത്ര്യവും നൽകുവാനും സർവ്വോപരി വിമർശനസ്വാതന്ത്ര്യമനുവദിക്കുവാനും (ഇതൊരെണ്ണവും അവിടെയില്ലെന്നു തെളിയിക്കപ്പെട്ടിട്ടുള്ളതാണു്) നിങ്ങൾ തയ്യാറാണോ? ഇതൊന്നുംതന്നെ കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം പ്രസക്തിയുള്ള ചോദ്യങ്ങളല്ലായിരിക്കാം. ജനാധിപത്യവാദികളായ ജനങ്ങൾക്കു ഇതു ചോദിക്കാതെ നിവൃത്തിയില്ല.

പഞ്ചശീലതത്വങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകുന്നുവെന്നു വിളിച്ചുകൂവുന്നവരുടെ ആത്മാർത്ഥത എത്രമാത്രമുണ്ടെന്നു് ഇതിൽനിന്നു മനസ്സിലാക്കാമല്ലോ. അപ്പോൾ ഈ പുതിയ നയപ്രഖ്യാപനങ്ങളെല്ലാം ജനങ്ങളെ വഞ്ചിക്കുവാനുള്ളതാണെന്നു മാത്രം. നയത്തിനു ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ടെന്നു തെററിദ്ധരിപ്പിക്കുവാ

(ശേഷം 4-ാംപേജിൽ)






### അദ്ധ്യായം 15 [തുടർച്ച]

## കാന്ദിശീകനും ഗൂഢചാരിയും

[വി. സി. ജോർജ് ബി. എ. എൽ. ററി.]

താൻ പറഞ്ഞതു് ബറാബാസ് തന്നെ വിശ്വസിച്ചില്ല, എങ്കിലും അതു വിശ്വസിക്കുവാൻ എസ്രാ സന്നദ്ധനായിരുന്നു. സമരായരുടെ സഹകരണം കൂടാതെയും, പുരോഹിതവർഗ്ഗത്തിൽനിന്നു ആയുധസാമഗ്രികളും പണവും ലഭിക്കാതെയുമുള്ള സാഹചര്യങ്ങളിൽ പാളയത്തിൽ ഭിന്നതയും തന്റെ കർത്തവ്യത്തിൽ ബറാബാസിനു് അവിശ്വാസവുമുണ്ടായ സ്ഥിതിക്കു്, പുതിയ രീതിയിൽ സമരം തുടരുവാനുള്ള സാദ്ധ്യതയെപ്പററി എസ്രാക്കു് ഒട്ടുംതന്നെ വിസ്മയം തോന്നിയില്ല. സമരം തുടരുമെന്നു ബറാബാസ് പറഞ്ഞതു് അപ്പടി വിഴുങ്ങുകമാത്രമാണു് എസ്രാ ചെയ്തതു്. ബറാബാസിനെ സംബന്ധിച്ചിടത്തോളം ഉഗ്രമായ നിരാശയുടെ ആ രംഗത്തുനിന്നു് അയാളെ മാററിക്കൊണ്ടുപോകുവാൻ എസ്രാ ആഗ്രഹിച്ചുവെന്നു തോന്നുമാറു് "നമുക്കു യാത്ര തുടരാം" എന്നു് അയാൾ പറഞ്ഞു. അവർ സമരിയായിൽ എത്തിയപ്പോൾ പ്രഭാതം ആസന്നമായിരുന്നു. നഗരത്തിന്റെ കോട്ടകൊത്തളങ്ങൾ ദൃശ്യമാകുകയിൽ അവർ വലതുഭാഗത്തേക്കു തിരിഞ്ഞു. ഏതെങ്കിലും പ്രധാന നഗരവാതിലിൽക്കൂടി പട്ടണത്തിൽ പ്രവേശിക്കുവാൻ തുനിയാതെ അവർ ഷെബോൽമലയിൽ കയറുകയും, അവിടെനിന്നു് ഏതാനും പാറക്കെട്ടുകളും പൊക്കംകുറഞ്ഞ മതിലുകളുംകടന്നു് അപ്പോഴും നിദ്രാവസ്ഥയിൽ കഴിഞ്ഞ പട്ടണത്തിൽ പ്രവേശിക്കുകയും ചെയ്തു. ആ പരിസരങ്ങളിലുള്ള വഴികൾ ബറാബാസിനെക്കാൾ എസ്രാക്കു കൂടുതൽ നിശ്ചയമുണ്ടായിരുന്നു. അയാൾ ബറാബാസിനെ ചപ്പും ചവറുംനിറഞ്ഞ ചില ഇടവഴികളിൽക്കൂടി നയിച്ചു് സാമാന്യം വലിയൊരു വീട്ടിന്റെ പിൻവശത്തെ പ്രവേശനദ്വാരം മറച്ചിരുന്ന ഒരു നെടുങ്കോട്ടിലിൽ ആക്കി. യാക്കോബിൻകിണററുങ്കൽ ഉണ്ടായ സംഭവത്തിനുശേഷം സ്വന്തം അനുയായികളോടുകൂടി അപ്രത്യക്ഷനായിരുന്ന എലിയൂദിന്റെ സഹോദരനായിരുന്നു ആ വീട്ടുടമസ്ഥൻ. എലിയൂദിവിടെ ഉണ്ടായിരിക്കുമെന്നു ബറാബാസും എസ്രായും തീർച്ചപ്പെടുത്തി. ഇരുളടഞ്ഞ വീട്ടിനുള്ളിൽ അവർ ആദ്യംകണ്ടതു് ഒരു കിഴവിയെയായിരുന്നു. ആ സ്ത്രീ അടിച്ചുതളിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്നു. തീർത്തും ബധിരയായ ആ വൃദ്ധക്കു് അതിരാവിലെയുണ്ടായ ഈ സന്ദർശനം വിസ്മയമുളവാക്കിയില്ല. എലിയൂദിനോടു് ആകൃതിയിൽ സാമ്യമുണ്ടായിരുന്ന ഗൃഹനായകൻ മെനസ്സെയെ വിളിക്കുവാൻ വൃദ്ധ വേഗത്തിൽ മറഞ്ഞു. മെനസ്സെവന്നു് പ്രിയംകരമല്ലാത്തവിധം ചോദ്യമിട്ടു: "നിങ്ങൾ ആരാണു്?"

"ഞാൻ ബറാബാസ്, ഇയാൾ എസ്രാ. ഒരുപക്ഷേ ഞങ്ങളുടെ പേരുകൾ നിങ്ങൾക്കു പരിചയമുണ്ടായിരിക്കാം."

മെനസ്സെ ഒട്ടി പിറുപിറുത്തുവച്ചുകൊണ്ടു് നിർദ്ദയം പറഞ്ഞു: "ഞാനിഷ്ടപ്പെടുന്നതിൽ കവിഞ്ഞ പരിചയമുണ്ടു്. നിങ്ങൾ എന്റെവീട്ടിൽ കാലുകുത്തുന്നതെനിക്കൊട്ടും ഹിതമല്ല. നിങ്ങളെവിടെ ചെല്ലുമോ അവിടെ കൊലയും കൊള്ളിവയ്പും നാശവും നിങ്ങളെ അനുഗമിക്കുന്നുണ്ടു്."

കോപം തോന്നാതിരിക്കത്തക്കവണ്ണം ബറാബാസ് ക്ഷീണിച്ചവശനായിരുന്നു. ആകയാൽ അയാൾ, "എലിയൂദെവിടെ?" എന്നു് ചുരുക്കി ചോദിക്കുകമാത്രം ചെയ്തു.

"എന്റെ സഹോദരനും അയാളുടെ കൂട്ടുകാരും ഇവിടെയില്ല. വളരെ പരുങ്ങലിലാണു് ഇവിടത്തെ സ്ഥിതി. ആ വിദേശിപ്പട്ടികൾ ഇന്നലെ എന്റെ വീടു് അടിമുതൽ മുടിവരെ ശോധനചെയ്തു. അതിനെ ചുട്ടു ചാമ്പലാക്കാതിരിക്കുവാൻ ഞാൻ എത്രമാത്രം കേണപേക്ഷിക്കുകയും പണം വാരിവിതറുകയും ചെയ്തുവെന്നോ? നിങ്ങളുടെ സാന്നിദ്ധ്യം വീണ്ടുമെന്നെ കഷ്ടത്തിന്റെ മുനയിലെത്തിക്കുന്നു."

"അപ്പോൾ താൻ ഞങ്ങളെ ഒററിക്കൊടുക്കുവാൻ ഭാവിക്കുകയാണോ? അതോ ഞങ്ങളെ റോമാക്കർക്കേല്പിച്ചുകൊടുക്കുമെന്നോ?" ബറാബാസ് ക്രൂരമായി ചോദിച്ചു.

ബറാബാസിന്റെ ദീനതയിൽ അസന്തുഷ്ടനെങ്കിലും അനുകമ്പാപൂർവ്വം മെനസ്സെ പറഞ്ഞു: "നിങ്ങൾക്കിവിടെ ആതിഥ്യം നിഷേധിക്കുവാൻ ഞാനാളാകുകയോ? അതനുവദിക്കുകയില്ല. നിങ്ങൾ വിശ്രമിച്ചുകൊള്ളുക. എന്റെ കഴിവനുവദിക്കുന്നവിധം ഭക്ഷ്യപാനീയങ്ങൾ ഞാൻ നിങ്ങൾക്കു നൽകിക്കൊള്ളാം. പകൽസമയം നിലവറയിൽ നിങ്ങളെ ഞാൻ ഒളിവിൽ സൂക്ഷിച്ചുകൊള്ളുകയും ചെയ്യാം."

"എലിയൂദിനെ എവിടെ കാണുവാൻ സാധിക്കുമെന്നു നിങ്ങൾ പറഞ്ഞുതരുമോ?"

"അതിലധികം ഞാൻ ചെയ്തുതരാം. സൂര്യാസ്തമനത്തിനുശേഷം ഗെറിസീംമലമുകളിലേക്കു് ഞാൻ നിങ്ങളെ കൊണ്ടുപോകാം. അവിശ്വാസികൾ സമരിയായിൽ അധിവസിക്കുകയും ബാൽദേവനെ ആരാധിക്കുകയും ചെയ്ത കാലംമുതൽ നിലനില്ക്കുന്ന ഒരു ക്ഷേത്രത്തിന്റെ നാശാവശിഷ്ടങ്ങൾ അവിടെയുണ്ടു്. ഈ ക്ഷേത്രത്തിനടിയിൽ ഒട്ടുവളരെ ഗുഹകളും ഉള്ളറകളുമുള്ള വഴിയിലാണു് എലിയൂദും കൂട്ടുകാരും സങ്കേതമുറപ്പിച്ചിരിക്കുന്നതു്. അവിടെ നിങ്ങളും സുരക്ഷിതരായിരിക്കും. ആവശ്യമുള്ള സാധനങ്ങൾ ഞാൻ നിങ്ങൾക്കവിടെ തന്നുകൊള്ളാം."

"നിങ്ങൾക്കു വളരെ നന്ദി. മെനസ്സെ, നിങ്ങൾ എലിയൂദിന്റെ സമുചിതനായ സോദരനാണു്." മെനസ്സെ തലകുലുക്കി. "എലിയൂദ് നിങ്ങളുമായി ബന്ധപ്പെടാതിരുന്നെങ്കിൽ നന്നായിരുന്നു. ശെക്കെമിന്റെമേൽ റോമന്മാരുടെ പ്രതികാരാഗ്നി വീണതിനുശേഷം മതസമരം, വിപ്ലവം ഇവ സംബന്ധിച്ചു് ഒരക്ഷരംപോലും ശബ്ദിച്ചുകേൾക്കുവാൻ ഒരു സമരായൻപോലും ഇഷ്ടപ്പെടുന്നില്ല. എലിയൂദിനെയും അവനോടൊട്ടിക്കഴിയുന്ന ചുരുക്കം ചിലരെയും സമരായരാസകലം ശപിക്കുന്നുണ്ടു്. അവരെ കണ്ടുകിട്ടിയാൽ കല്ലെറിയുകതന്നെ ചെയ്യും. ഇസ്രായേല്യരിൽനിന്നു് ഞങ്ങൾക്കൊരു നന്മയും ലഭിക്കുകയില്ലെന്നാണു് ഞങ്ങളുടെ പുരോഹിതന്മാരുടെ അഭിപ്രായം."

എന്തു സമാധാനമാണു് ഇതിനു നൽകേണ്ടതെന്നു് അറിയാതെ ബറാബാസ് വിഷമിച്ചു. അയാളുടെ നയനങ്ങളിൽ നിഴലിച്ച വ്യഥ ആഴമുള്ളതായിരുന്നുവെന്നു് മെനസ്സേക്കു ബോദ്ധ്യമായതിനാൽ അയാൾ ദുർബലമായ ഒരു ക്ഷമാപണത്തിനൊരുങ്ങി.

"ഞാൻ പറയുന്നതു് ബറാബാസ് ശ്രദ്ധിക്കണം. ഞാൻ ഒരു സാധുമനുഷ്യനാണു്. ഈ കാണുന്ന വെറും ഭിത്തികളും, ഏതാനും ഏക്കർ മുന്തിരിത്തോട്ടവും കുറെ ആടുകളും മാത്രമാണെന്റെ സ്വത്തു്. നിങ്ങളെ, ഇവിടെവെച്ചു ആരെങ്കിലും കണ്ടാൽ എന്റെ സ്ഥിതി എന്തായിരിക്കുമെന്നു നിങ്ങൾക്കൂഹിക്കുവാൻ സാധിക്കും. നിങ്ങൾക്കഭയം നൽകുക മരണശിക്ഷ അർഹിക്കുന്ന കുററമാണെന്നു് റോമൻപോലീസ് പ്രഖ്യാപിച്ചുകഴിഞ്ഞു. നിങ്ങളെ കാണിച്ചുകൊടുക്കുന്നവനു നൽകുവാൻ സമ്മതിച്ചിട്ടുള്ള സമ്മാനം വാങ്ങുവാൻ സന്നദ്ധരായി സമരിയായിൽ ഒട്ടധികം ആളുകൾ വസിക്കുന്നുമുണ്ടു്."

ബറാബാസ് താണസ്വരത്തിൽ സംസാരിച്ചു: "മെനസ്സെ, ഈ കാര്യങ്ങളെല്ലാം ഞാൻ ശരിക്കു് ഗ്രഹിച്ചിട്ടുണ്ടു്."

"എന്നാൽ വരിൻ" എന്നിങ്ങനെ മെനസ്സെ ക്ഷണിച്ചു. ആഗതർക്കു ഭക്ഷിക്കുവാനും കുടിക്കുവാനുമുള്ള വകകൾ ലഭിക്കുകയും, അനന്തരം അവർ ഏതാനും മണിക്കൂർസമയം ഉറങ്ങുകയും ചെയ്തു. പകൽസമയം ഈർപ്പംപിടിച്ച നിലയറ അന്ധകാരമയമായിരുന്നു. മുകൾഭാഗത്തുണ്ടായിരുന്ന ഒരു ചെറിയ വിടവിൽക്കൂടി അല്പം വെളിച്ചമവിടെ പ്രവേശിച്ചുവെന്നു പറയാം. ഉണർന്നുനോക്കിയപ്പോൾ ബറാബാസിനും എസ്രാക്കും പരസ്പരം കാണുവാൻ സാധിക്കാത്തവിധം പ്രകാശം അത്ര ക്ഷുദ്രമായിരുന്നു. വിചാരനിമഗ്നരായി കഴിഞ്ഞ അവരിരുവരും പറയത്തക്കവിധം സംഭാഷണത്തിൽ ഏർപ്പെട്ടില്ല. അടുത്തപടി എന്താണു്? ഇനി സംഭവിക്കുവാൻ പോകുന്ന അനർത്ഥം ഏതു്? ഒരു തീരുമാനത്തിലുമെത്താതെ ഈ പ്രശ്നങ്ങൾ മുൻനിറുത്തി ചിന്തിച്ചവർ സമയം കഴിച്ചു. എസ്രാ അയാളുടെ ഏകാന്തജീവിതരീതി അനുവദിച്ചിടത്തോളം ബറാബാസിൽ ഭക്ത്യാദരങ്ങൾ ഉള്ളവനായിരുന്നു. അയാളുടെ ജീവിതം മുഴുവനും ആ നേതാവിൽ അർപ്പിതമായിരുന്നുതാനും. തങ്ങളുടെ വിപ്ലവം വിജയിച്ചു റോമന്മാരെ നാട്ടിൽനിന്നോടിക്കുക എന്ന കാര്യം സംബന്ധിച്ചു് ഭീതിയും സംശയവും മാറിമാറി എസ്രായെ അലട്ടിക്കൊണ്ടിരുന്നതിനാൽ ബറാബാസിന്റെ ഭാവവ്യത്യാസത്തിന്നയാൾ കൂടെക്കൂടെ അപശങ്കകൾ കാണാറുണ്ടായിരുന്നു. വൻകാര്യങ്ങൾ നിർവ്വഹിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ടിരിക്കവെ നിസ്സാരഭോജ്യദോഷങ്ങളുടെ അടിയറവു് സമ്മതിച്ചുകൊണ്ടിരിക്കുന്ന ഒരുവൻ മനുഷ്യജീവികളിലുള്ള തന്റെ വിശ്വാസം അന്യൂനമായി പരിപാലിക്കുന്നതെങ്ങനെ? എങ്കിലും ബറാബാസ് അങ്ങനെ ചെയ്യും. അയാൾക്കതിനാവശ്യമായ ധൈര്യമുണ്ടു്. അയാൾ മററുള്ള സകലരെക്കാളും പൊന്തിനിൽക്കുന്നു എന്നിങ്ങനെയായിരുന്നു എസ്രായുടെ ചിന്താഗതി. എത്രമാത്രം ഇച്ഛാഭംഗങ്ങളും, അപജയങ്ങളും ഉണ്ടായാലും ബറാബാസ് സ്വാതന്ത്ര്യം കൈവരിക്കുകതന്നെ ചെയ്യും. ഒരു വിപ്ലവത്തിന്റെ വിജയസാദ്ധ്യതയിൽ തനിക്കുണ്ടായിരുന്ന വിശ്വാസം എന്നു്, എങ്ങനെ ക്ഷയിക്കുവാൻ തുടങ്ങി എന്നു കണ്ടുപിടിക്കുവാൻ ബറാബാസ് ശ്രമിക്കുകയായിരുന്നു. ഫലശൂന്യമായ ശ്രമം. ആ വിശ്വാസം തീർത്തും നഷ്ടപ്പെട്ടതായിട്ടയാൾക്കപ്പോൾ തോന്നി. ആ നാശത്തിന്റെ പ്രാരംഭമെവിടെ? താൻ പാളയത്തിലേക്കു മടങ്ങിവരികയിൽ തന്റെ അനുയായികളിൽ ഒരു വലിയ ഭാഗം, തന്നെ ഉപേക്ഷിച്ചുവെന്നു കണ്ട ആ ദിവസമോ? അതോ ജെറിക്കോയിൽവെച്ചു ഭീകരാനുഭവമുണ്ടായ അടുത്തുകഴിഞ്ഞയാഴ്ചയിലോ? ഈ ചോദ്യങ്ങൾക്കു് ശരിയായ ഉത്തരം കിട്ടാതെ വന്നപ്പോൾ ബറാബാസ് തന്റെ ജീവിതരീതി പരിശോധിച്ചുനോക്കി. തനിക്കു് അബദ്ധം പററിയതെങ്ങനെ? തന്റെ ജീവിതത്തിൽ ഗണനീയമായ ഒരു വഴിത്തിരിവയാൾ ദർശിച്ചു. അയാൾ ചെയ്ത ആദ്യത്തെ കൊലപാതകം, ഹരിനേയന്റെ വധം, പിൽക്കാലജീവിതത്തിനു നിറംകൊടുത്തു; ആ നീചകൃത്യത്തിന്റെ അവശ്യഫലംതന്നെ അനന്തരാനുഭവങ്ങൾ. ശാന്തമായും തന്നിൽ കുററം ആരോപിക്കാതെയും ബറാബാസ് ഈ അനുമാനത്തിൽ എത്തി. ഒരു യഹൂദനെയാണു് താൻ വധിച്ചതു്, സംശയമില്ല. ആകയാൽ വേദത്തിൽ പറയുന്നതുപോലെ ആ ദുഷ്കർമ്മം ഒരു ഭ്രാതൃഹത്യതന്നെയായിരുന്നു. എന്നാൽ തനിക്കു വിശപ്പടക്കുവാൻ അപ്പം തരാതെ, തന്നെ [illegible], പുറജാതി എന്നൊക്കെ വിളിച്ചു ആക്ഷേപിച്ചവൻ ഭ്രാതാവോ? അയാളെ കൊന്നതു് ആ നിലക്കു് സാധൂകരിക്കാം. എന്നാലും ആ കൃത്യത്തിനു് ശേഷം അതിന്റെ ഉത്തരഫലത്തിൽനിന്നു താൻ ഓടിയൊളിക്കുകയാണെന്നുള്ളതു് നിഷേധിക്കുവാൻ ബറാബാസിനു കഴിഞ്ഞില്ല. (തുടരും)

---

(2-ാംപേജ് തുടർച്ച)

നായ ദൈവത്തിന്റെ തിരുച്ചിത്തം."

"അച്ഛാ, എന്റെ ഹൃദയം പിളരുകയാണു്. എങ്കിലും, ഞാനൊരു കത്തോലിക്കനാണു്. ദൈവത്തിന്റെ ദീർഘദൃഷ്ടികളോടെയുള്ള പരിപാലനയിൽ ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. ജോണിയുടെ ജീവിതം..." പറയുന്നതിനിടക്കു് അയാളുടെ കണ്ണുനീർ ചിറപൊട്ടിയൊഴുകി; സംസാരിക്കാൻ പാടില്ലാത്തവിധം തൊണ്ടയിടറി. എങ്കിലും അയാൾ തുടർന്നു: "ഇനിയും തുടർന്നുകൊണ്ടുപോകുന്നതു ഒരുപക്ഷേ അവന്റേയും എന്റേയും ആത്മരക്ഷക്കു സഹായകരമല്ലായിരിക്കാം. ദൈവത്തിന്റെ ദീർഘദൃഷ്ടിയിൽ ഞാൻ സമാശ്വസിക്കുന്നു. ജീവിതത്തിന്റെ ഭീഷണികൾക്കു മുമ്പിൽ തലകുനിക്കാതെ ധൈര്യപൂർവ്വം മുന്നോട്ടു പോകുവാൻ, കത്തോലിക്കാവിശ്വാസത്തിനു മനുഷ്യന്റെമേലുള്ള പ്രചോദനശക്തിയെപ്പററി ഞാനിന്നു നന്നായി മനസ്സിലാക്കുന്നു. അച്ഛാ, എന്റെ പ്രിയതമയും, ഓമനപ്പുത്രനും എനിക്കു നഷ്ടപ്പെട്ടുകഴിഞ്ഞു. ഇന്നു ഞാൻ ലോകത്തിൽ ഏകാകിയാണു്. എങ്കിലും അച്ഛാ ഞാനൊരു കത്തോലിക്കനാണു്. കഷ്ടതകളുടെ മദ്ധ്യത്തിലൂടെ, ദൈവപരിപാലനയിൽ വിശ്വാസമർപ്പിച്ചുകൊണ്ടു് ഏകനായിത്തന്നെ ഞാനെന്റെ ജീവിതവുംകൊണ്ടു് മുന്നേറും."

ഒരു തത്വജ്ഞാനിയുടെ ക്രാന്തദർശിത്വവും, അജയ്യനായ ഒരു പടയാളിയുടെ ധീരതയും ആ വാക്കുകളിൽ നിറഞ്ഞുനിന്നിരുന്നു.

—o—




തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാം വ്യാഴാഴ്ചയും ഉച്ചക്കു് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

**സത്യദീപം വരിസംഖ്യ**

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—12—0 |

Reg. No. M. 2293

# Sathya Deepam

Vol. 29 | Ernakulam May 16 1956 | No. 39



## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




ലില്ലിക്കു വീട്ടുവേലക്കാരൻ പാപ്പി ഒരു അണ്ണാൻകുഞ്ഞിനെ ഒരു ദിവസം കൊണ്ടുവന്നു കൊടുത്തു. അവളതിനെ അത്യധികം ഓമനിച്ചുവളർത്തി. അതു നല്ലവണ്ണം ഇണങ്ങി. അതെവിടെയാണെങ്കിലും അവളുടെ വിളികേട്ടാൽ ഓടിവരും. കൈയിൽനിന്നും തിററി വാങ്ങി തിന്നും. തോളിലും തലയിലും കയറിനടക്കും. അവളുടെ ഇണങ്ങിയ അണ്ണാൻകുഞ്ഞിൽ അവൾക്കു വളരെ അഭിമാനം തോന്നി. ഒരു ദിവസം അയൽവക്കത്തെ പൂച്ചവന്നു പാത്തിരുന്നു അതിനെ പിടിച്ചു. ലില്ലിയുടെ സങ്കടത്തിനു അതിരില്ലായിരുന്നു! എന്തുചെയ്യാം?

ബേബിച്ചൻ ക്ലാസിൽ ഒന്നാമനാണ്. നല്ല സ്വഭാവം. പഠനത്തിൽ നല്ല ഉത്സാഹവും. അവൻ വളരെ പ്രത്യാശകളോടുകൂടി പൊതുപ്പരീക്ഷയ്ക്കു ഒരുങ്ങി ഒന്നാം സ്ഥാനവും ഒരു സ്കോളർഷിപ്പും സ്വപ്നം കണ്ടുകൊണ്ടിരുന്നു. പരീക്ഷാദിവസം കാലത്തു അവനു പൊള്ളുന്ന പനി. തലയ്ക്കു താങ്ങാനാവാത്ത ഭാരം. ഒരുവിധത്തിൽ പരീക്ഷാഹാളിൽ ചെന്നിരുന്നു. പക്ഷെ എന്തെഴുതാനാണ്? അടുക്കല്ലും പരീക്ഷാഫലം വന്നപ്പോൾ ബേബിച്ചൻ തോററിരുന്നു. ആർക്കും അത്ഭുതമുണ്ടായില്ല, കാരണം എല്ലാവർക്കും അറിയാമായിരുന്നു, അവനു സുഖമില്ലാതിരുന്നതുകൊണ്ടാണ് തോററതെന്നു. പക്ഷെ ബേബിച്ചന്റെ സങ്കടവും നിരാശയും ആരു കണ്ടു!

ഇങ്ങനെ നൂറുനൂറു സംഭവങ്ങൾ ഓരോ ദിവസവും നടക്കുന്നുണ്ട്. അതു ലോകസഹജമാണെന്നു നിങ്ങൾക്കറിയാം, നിങ്ങൾ പറയുകയും ചെയ്യും. അങ്ങിനെയുള്ള സങ്കടങ്ങൾ നിങ്ങളുടെ സ്നേഹിതന്മാർക്കാർക്കെങ്കിലും വന്നുകൂടിയാൽ നിങ്ങളവരെ ആശ്വസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ ഇങ്ങനെ ലോകത്തിലുണ്ടാകുന്ന സങ്കടങ്ങളേയും നിരാശകളേയും ഏററം നന്നായി ഉപയോഗപ്പെടുത്താനുള്ള മാർഗ്ഗം നിങ്ങൾക്കറിയാമോ? സാധാരണ കുട്ടികൾ കുറെ കരയും. ചിലർ വാശിപിടിച്ചു ഊണും ഉറക്കവും കൂടാതെ കുറച്ചുനേരം മുഖം വീപ്പിച്ചിരിക്കും. ചിലർ കാണുവരോടെല്ലാം ശുണ്ഠിയെടുക്കും. പക്ഷെ ഇതുകൊണ്ടെല്ലാം വല്ല ഫലവുമുണ്ടാകുമോ? ഇല്ലെന്നെല്ലാവർക്കും അറിയാം. വന്നതുവന്നു. ചത്തുപോയ അണ്ണാൻ ചത്തതുതന്നെ. തോററ പരീക്ഷ തോററതുതന്നെ എങ്കിലും ഇങ്ങനെ വന്നുകൂടുന്ന സങ്കടങ്ങൾകൊണ്ടു ഒരു നല്ല കച്ചവടം ചെയ്യാൻ കഴിയും. അവയ്ക്കു പകരം ഈശോയുടെ സ്നേഹം വാങ്ങിക്കുവാൻ സാധിക്കും. ആ രഹസ്യമാണ് മൊത്ത ഗ്ലേപനം സ്വീകരിച്ചു ജെമ്മാ നമ്മെ പഠിപ്പിക്കുന്നതു്.

മുമ്പിലത്തെ പ്രൈവറ്റ് സ്വീകരിച്ചുശേഷം ജെമ്മാ ഈശോയോടു മുട്ടിപ്പായി അപേക്ഷിക്കുകയാണ്, അവളുടെ അമ്മയുടെ സുഖക്കേടു മാററിക്കൊടുക്കണമേയെന്നു്. ഈശോയുടെ മറുപടി, ജെമ്മാ അവളുടെ അമ്മയെ ഈശോയ്ക്കു കൊടുക്കണമെന്നു്—അമ്മ മരിക്കുമെന്നു്. ആരെങ്കിലും സഹിക്കുമോ? പക്ഷെ ഈശോ പറഞ്ഞു അതു ആ സ്നേഹമുള്ള അമ്മയുടെ ഗുണത്തിനാണെന്നു്, അവളെ ഈശോയ്ക്കു സ്വർഗ്ഗത്തിൽ കൊണ്ടുപോകാനാണെന്നു്. ജെമ്മാ ബുദ്ധിപൂർവ്വം ആലോചിച്ചു. ഒടുവിൽ തുടിക്കുന്ന ഹൃദയത്തോടും വിറയ്ക്കുന്ന ചുണ്ടുകളോടുംകൂടി അവൾ പറഞ്ഞു, "എന്റെ ഈശോ, നിന്റെ ഇഷ്ടം" എന്നു്. കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ, ജെമ്മായുടെ ഈ മാതൃക നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ? എന്നാൽ നിങ്ങളുടെ ഓരോ ചെറിയ പ്രവൃത്തികളിലും അതു അനുകരിക്കുക.

വാല്യേട്ടൻ




### 70-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ആഹാരം.

### പ്രശ്നം നമ്പ്ര് 71

(പി. സി ജോസഫ്, Reg. No. 32)

ഞാനൊരു പാട്ടുകാരിയാണ്. എന്റെ പാട്ടു കേൾക്കാൻ എല്ലാവർക്കും എന്തിഷ്ടമാണെന്നോ? അവർക്കെന്നെ തല്ലോടിയാൽ കൊള്ളാമെന്നുണ്ട്. പക്ഷെ ആരും തൊടുന്നതെനിക്കിഷ്ടമല്ല. അതുകൊണ്ടു ഞാനങ്ങുകലെ തനിച്ചേ ഇരിക്കൂ. എന്റെ പേരിനു മൂന്നക്ഷരംമാത്രം. ഒന്നാമത്തെ അക്ഷരം പെപ്പുവെള്ളത്തിലുണ്ടു്, മഴവെള്ളത്തിലില്ല. രണ്ടാമത്തെ അക്ഷരം ട്രങ്കിൽ കണ്ടേക്കും, പെട്ടിയിലില്ല. മൂന്നാമത്തെ അക്ഷരം അമ്പിളിയിൽ ചെന്നാൽ കിട്ടും സൂര്യനിലില്ല. എന്റെ പേരു പറയാമോ?


(ഉത്തരം അടുത്തതിൽ)

## മേയ്മാസം വന്നണഞ്ഞു

(തോമസ് സെബാസ്റ്റ്യൻ, അരിമ്പൂർ Reg. No. 26)

പൂഞ്ചെങ്കോയ്ത്തിനു പുഞ്ചിരി തൂകി നില്ക്കുന്ന വയലുകൾ. സൗന്ദര്യവും സൗരഭ്യവുമുള്ള കൊച്ചുകൊച്ചുകുസുമങ്ങൾ. തരുലതാദികളെ ഉമ്മവെച്ചോമനിക്കുന്ന കുസൃതിക്കുട്ടനായ കൊച്ചിളംകാററു്. മധുവുള്ള പുഷ്പങ്ങളെത്തേടി പാറിപ്പറക്കുന്ന മനോഹരങ്ങളായ ചിത്രശലഭങ്ങൾ. കാതും കരളും കവരുന്ന കിളികളുടെ കളകളനാദം. അണിയറയിൽ അണിഞ്ഞൊരുങ്ങിയിരുന്ന പ്രകൃതിതന്നെ ആനന്ദവും ആഹ്ലാദവും അലതല്ലുന്ന മേയ്മാസത്തെ സ്വാഗതം ചെയ്യുവാൻ മുന്നോട്ടുവന്നിരിക്കുന്നു. പൂപറിക്കാൻ ഓടിനടക്കുന്ന കൊച്ചുകുട്ടികളുടെ കുസൃതികളും, മാനം മാറെറച്ചിക്കൊള്ളുന്ന പടക്കങ്ങളും, മരിയാസുതന്മാരുടെ മാധുര്യം നിറഞ്ഞ മാതൃഗീതങ്ങളും മേയ്മാസത്തിന്റെ മനോഹാരിതയ്ക്കു മാററു കൂട്ടുന്നു.

പൊന്നിൻചിങ്ങമാസം കേരളീയർക്കു ഉത്സാഹവും ഉന്മേഷവും ഉളവാക്കുന്നുണ്ടെങ്കിൽ, മേയ്മാസം കത്തോലിക്കാലോകത്തിനൊട്ടാകെ ആനന്ദവും, ആശ്വാസവും, ആത്മീയനന്മയും കൈവരുത്തുന്നുണ്ടു്. ഈ മാസത്തിൽ മരിയഭക്തിയിൽ അടിയുറച്ച മരിയഭക്തന്മാരുടെ ആനന്ദത്തിന്റെ പരിധിയെ ആർക്കുംതന്നെ അളന്നുനോക്കുവാൻ സാധിക്കുകയില്ല. ഈ അവസരത്തിൽ മരിയഭക്തിക്കു മാതൃകയായ മലനാടിനെ മറുനാട്ടുകാർ സന്ദർശിക്കുകയാണെങ്കിൽ അവർക്കുണ്ടാകുന്ന അനുഭവങ്ങൾ ആരെയും അത്ഭുതപ്പെടുത്തുന്നവയായിരിക്കും.



ബാലരംഗത്തിലെ അംഗവും ഒരു കഥാപ്രസംഗകനുമായ ലേഖകൻ
തോമസ് സെബാസ്റ്റ്യൻ
അരിമ്പൂർ

ആദിമാതാപിതാക്കന്മാരുടെ പാപംമൂലം പാപാന്ധകാരത്തിന്റെ അഗാധതയിലേക്കു ആണ്ടുപോയ മനുഷ്യവർഗ്ഗത്തെ രക്ഷിച്ച ക്രിസ്തുവിനെ നമുക്കു പ്രദാനംചെയ്തതു് പരിശുദ്ധ കന്യകമറിയമാണല്ലോ. മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരംകാണുവാൻ കുരിശിൽ കിടന്നു പ്രാണവേദനയനുഭവിക്കുമ്പോൾ, മനുഷ്യമക്കളെ സംരക്ഷിക്കേണ്ട ചുമതല മാതാവിനെ തന്നെയാണ് കരുണാനിധിയായ ക്രിസ്തുനാഥൻ ഏല്പിച്ചിട്ടുള്ളതു്. മാതാവു് നമ്മുടെ ഓരോ ചെറിയ ചലനംപോലും സശ്രദ്ധം ഉററുനോക്കിക്കൊണ്ടാണിരിക്കുന്നതു്. നമ്മുടെ ദുഷ്പ്രവൃത്തികൾ കാണുമ്പോൾ അവിടുത്തെ വ്യാകുലഹൃദയം കൂടുതൽ വേദനിക്കുന്നു. അബദ്ധസഞ്ചരണത്തിലേക്കുള്ള നമ്മുടെ കാൽവെപ്പുകളിൽനിന്നു നമ്മെ പിന്തിരിപ്പിക്കുകയും, വിശുദ്ധിയിൽ വളരുന്നതിനു നമ്മെ സഹായിക്കുകയും ചെയ്യുന്നു. ഇപ്പോഴും വിശിഷ്യ നമ്മുടെ മരണനേരത്തിലും നമുക്കുവേണ്ടി ഈശോയോടു പ്രാർത്ഥിക്കുന്നു. ഇത്രയധികം സ്നേഹോപകാരങ്ങൾ നൽകുന്ന ആ നല്ല അമ്മയോടു നമുക്കുള്ള കടമകൾ സ്വീമാതീതമാണ്.

മാതാവിന്റെ "വണക്കമാസം" എന്നു പ്രസിദ്ധിയുള്ള ഈ മേയ് മാസത്തിൽ മാതാവിനോടു ഭക്തിസ്നേഹാദരവുകൾ പ്രകടിപ്പിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും, അനുഗ്രഹങ്ങൾ യാചിക്കുന്നതിനും നമ്മൾ കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കണം. പുതുപുഞ്ചിരി തൂകുന്ന പുഷ്പങ്ങൾ കൊണ്ടുവന്നു മാതൃപീഠം അലങ്കരിക്കുക. സൗന്ദര്യവും സൗരഭ്യവുമുള്ള മലരുകൾ മാതൃസ്വരൂപത്തിൽ ചാർത്തുക. പൊന്നിൻകിരണങ്ങൾ പൊഴിക്കുന്ന പൂത്തിരികൾ കത്തിക്കുക. ഇവയെല്ലാം മാതാവിനു് പ്രിയംകരങ്ങളാണു്. എന്നാൽ, സുകൃതപുഷ്പങ്ങളെക്കൊണ്ടലങ്കരിച്ചു നമ്മുടെ ഓരോരുത്തരുടേയും ഹൃദയപീഠത്തിൽ എഴുന്നെള്ളിയിരിക്കുന്നതിനാണ് അമ്മയ്ക്കു കൂടുതൽ ഇഷ്ടം.

പരിശുദ്ധ കന്യകമറിയത്തിനു സ്ഥാനം അനുവദിക്കാത്ത പല കത്തോലിക്കാകുടുംബങ്ങളും നമ്മുടെയിടയിൽ ഉണ്ടെന്നുള്ള വസ്തുത വളരെ ഹൃദയവേദനയോടുകൂടി പറയേണ്ടിയിരിക്കുന്നു. പ്രാർത്ഥനയും കൊന്തനമസ്കാരവുമുപേക്ഷിച്ച് സിനിമാഹാളിലും, നാടകശാലയിലും, മററു വിനോദകേന്ദ്രങ്ങളിലും നിശയുടെ നിബിഡയാമങ്ങൾതന്നെ നമ്മിൽ പലരും ചിലവഴിക്കാറില്ലേ? നമുക്കു ചെയ്തുതരുന്ന സ്നേഹോപകാരങ്ങൾക്കു് കൃതജ്ഞത പ്രദർശിപ്പിക്കാത്ത നമ്മുടെ കൃതഘ്നത ക്ഷന്തവ്യമാണോ? അനുനിമിഷം നിരവധി തെററുകളിൽ നിപതിക്കുന്ന നമ്മൾ ഈ അമ്മയുടെ സഹായമില്ലാതെ രക്ഷപെടാമെന്നു വിചാരിക്കേണ്ട.

പരിശുദ്ധ കന്യകമറിയത്തോടുള്ള ഭക്തിയിൽ സ്ഥിരമായി നിന്നെങ്കിൽ മാത്രമേ, നമുക്കു് സ്രഷ്ടാവിലേക്കുയരുന്നതിനും വിശുദ്ധിയിൽ വളരുന്നതിനും സാധിക്കുകയുള്ളു. നാനാവിധ പാപങ്ങളാൽ കറപിടിച്ച നമ്മുടെ ഹൃദയം സ്രഷ്ടാവിങ്കലേക്കു് ഉയരുന്നതിനു പരിശുദ്ധ കന്യകമറിയം മാത്രമാണ് ഈ അവസരത്തിൽ എന്നല്ല എല്ലായ്പോഴും നമ്മുടെ ഏകാശ്രയം, ഈ അമ്മ ക്രിസ്തുവിനെ മനുഷ്യസമുദായത്തിനു പ്രദാനം ചെയ്തുവെങ്കിൽ, ആ അമ്മതന്നെ നമുക്കു ക്രിസ്തുവിലേക്കു അടുക്കുന്നതിനുള്ള മാർഗ്ഗവുമാണ്. പാപികളാണ് നമ്മളെങ്കിലും "പാപികളുടെ സങ്കേതമായ" അവിടുന്നു നമ്മുടെ പ്രാർത്ഥനകൾ ശ്രദ്ധിക്കാതിരിക്കുമോ? നമ്മുടെ നന്മയ്ക്കുവേണ്ടി തിരുക്കുമാരനോടു അപേക്ഷിക്കാതിരിക്കുമോ? പരിശുദ്ധ കന്യകമറിയത്തിൽനിന്നു കൂടുതൽ അനുഗ്രഹങ്ങൾ സിദ്ധിക്കുന്ന ഈ അവസരത്തിൽ നമുക്കു ഒത്തൊരുമിച്ചു ലോകസമാധാനത്തിനും, കമ്മ്യൂണിസം തുടങ്ങിയ നശീകരണപ്രസ്ഥാനങ്ങളുടെ നാശത്തിനും, തിരുസഭയുടെ സ്വാതന്ത്ര്യത്തിനും മററുംവേണ്ടി ആ നല്ല അമ്മയോടു അപേക്ഷിക്കാം.

### കടംകഥകൾ

(പി. പി. ജോണി Reg. No. 14)

1. ഒരു കുന്തത്തിന്മേലോരായിരം കുന്തം?
2. കരമ്മയെന്നും വെന്തും നീറിയും?
3. ജീവനില്ലാത്തവൻ കാവൽക്കാരൻ?
4. കറുത്തിരുണ്ടവൻ, കണ്ണുരണ്ടുള്ളവൻ, കടിച്ചാൽ രണ്ടുമുറി?

ഉത്തരം
[illegible]

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1